

# സത്യദൂതൻ

2019 ഏപ്രിൽ | ലക്കം 04

വില ₹ 30

## മസീഹ് മൗഊദ് ദിനത്തിന്റെ പ്രാധാന്യം

---

## വ്യാപാരം ബാങ്കിങ്ങ് മൾട്ടീലെവൽ മാർക്കറ്റിംങ്ങ്

---

## ന്യൂസിലൻഡ് കൂട്ടക്കൊല: വെള്ള വംശീയതയുടെ ഭീകര മുഖം

# Ahmadiyya Muslim Community

## Apps for mobile devises

Download free apps developed by Ahmadiyya Muslim Community
for your iphone,ipode, and Android




### Quran
Read the Holy Quran in easy
Yassarnal Quran Font




### Conditions of Bai'at
A pocket reference of
Shara't-e-Bai'at in 7 languages



### Sermons
Huzoor's Friday Sermons
In 15 languages




### MTA
Watch MTA Live, view
Schedule and much more



### Ahmadiyya News
Stay up to date with the
Latest jama'at news

View these apps at
alislam.org/apps
or scan the QR code below





The Sathyadoothan Monthly

لا اله الا الله محمد رسول الله

# സത്യദൂതൻ

2019 ഏപ്രിൽ
ഹി.ശ.1399 - ശഹാദത്ത്
1440 റജബ് - ശഅബാൻ
പുസ്തകം 91 ലക്കം 4
വില 30 രൂപ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം





**5** എഡിറ്റോറിയൽ

**6** യുഗശബ്ദം



**7**
ഖുത്ബ സംഗ്രഹം
**മസീഹ് മൗഊദ് ദിനത്തിന്റെ പ്രാധാന്യം**
ഹദ്റത്ത് മിർസാ മസ്‌റൂർ അഹ്‌മദ് (അയ്യദഹു..)
22-03-2019 ന് ബൈത്തുൽ ഫുത്തൂഹ് ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം.
വിവ: മൗലവി ഹാശിം അശ്‌റഫ്

**11**
**ശരീരവും ആത്മാവും രൂപാന്തര ഘട്ടങ്ങളുടെ സാദൃശ്യങ്ങൾ**
ഹദ്റത്ത് മിർസാ ഗുലാം അഹ്‌മദ് (അ)
ഭാഗം - 4

**15**
**വ്യാപാരം ബാംങ്കിങ്ങ് മൾട്ടിലെവൽ മാർക്കറ്റിംങ്ങ്**
എ. എം. മുഹമ്മദ് സലീം

**21**
**പ്രവാചകന്മാരും പടയാളികളും**
ഹദ്റത്ത് മിർസാ താഹിർ അഹ്‌മദ് (റഹ്)

**26**
**ഉയിർത്തെഴുന്നേൽപ്പോ? അബോധാവസ്ഥയിൽനിന്നുള്ള മുക്തിയോ?**
ഡോ. ട്രിവർ എ. ലോയ്ഡ് ഡേവിസ്
& മാർഗരറ്റ് ലോയ്ഡ് ഡേവിസ്

**30**
**ഇസ്‌ലാമിക രാജ്യങ്ങളിലെ ന്യൂനപക്ഷങ്ങൾ - 2**
മാലിക്ക് സൈഫുർറഹ്‌മാൻ

**34**
**പവിത്ര ജീവിതം**
മുഹമ്മദ് ഉമർ കോഴിക്കോട്

**37**
**യാക്കോബ് (ജെയിംസ്): യേശുവിന്റെ അർദ്ധ സഹോദരൻ**

**39**
കുറിപ്പുകൾ
**ന്യൂസിലൻഡ് കൂട്ടക്കൊല: വെള്ള വംശീയതയുടെ ഭീകര മുഖം**
മുസാഫിർ



**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി-682018

ചീഫ് എഡിറ്റർ
**എച്ച്. ശംസുദ്ദീൻ**
**ഫോൺ:** 99460 21252

എഡിറ്റർ
**എ. എം. മുഹമ്മദ് സലീം**
**ഫോൺ:** 80755 86837
Email-salimqld@gmail.com


മാനേജർ
**എച്ച്. അഹ്‌മദ് ഷാഫി**
**ഫോൺ:** 8089574250

Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Mubarak Ahmed, KKD

## വിശുദ്ധ ഖുർആനിൽ നിന്ന്

അവരുടെ നാഥന്റെ ദൃഷ്ടാന്തങ്ങൾ അവരെ ഓർമപ്പെടുത്തുന്നതായാൽ ബധിരരും അന്ധരുമായി അവരതിനെ കൈകാര്യം ചെയ്യുകയില്ല. (25:74)





## നബിവചനം

ജ്ഞാനം ജനങ്ങളിൽ നിന്ന് അകന്ന് പോകും. എന്നിട്ട് അജ്ഞാനവും കുഴപ്പവും പ്രത്യക്ഷപ്പെടും. 'ഹറജ് ' വർധിക്കും. അപ്പോൾ അനുചരന്മാർ ചോദിച്ചു: എന്താണ് 'ഹറജ് '? നബിതിരുമേനി(സ) കൈ കൊണ്ട് ഇങ്ങനെ ആംഗ്യം കാണിച്ചു. അതു കണ്ടപ്പോൾ തിരുമേനി(സ) കൊലപാതകത്തെയാണ് ഉദ്ദേശിച്ചതെന്ന് എല്ലാവർക്കും മനസ്സിലായി. (ബുഖാരി)

## വാഗ്ദത്ത മസീഹിന്റെ വചനം




### ശാന്തരായി ചിന്തിക്കൂ

അല്ലയോ മുസ്‌ലിം പണ്ഡിതന്മാരെ, എന്നെ നിരാകരിക്കുന്ന കാര്യത്തിൽ നിങ്ങൾ ധൃതിപ്പെടരുത്. ധൃതിക്കിടയിൽ മനുഷ്യന് പെട്ടെന്ന് ഗ്രഹിക്കാനാകാത്ത രഹസ്യങ്ങൾ പലതുമുണ്ട്. കേൾക്കുന്ന മാത്രയിൽ ഒരു കാര്യവും തന്നെ തള്ളിക്കളയാൻ നിങ്ങൾ മുതിരരുത്. അതല്ല സ്വാത്വികരുടെ മാർഗം ... ശക്തി പ്രയോഗിച്ച് മതം പ്രചരിപ്പിക്കാനായി യുദ്ധം ചെയ്യാമെന്ന് ഖുർആനിൽ എഴുതപ്പെട്ടിരിക്കുന്നത് എവിടെയാണ്. നേരെ മറിച്ച് ആ വിശുദ്ധ ഗ്രന്ഥത്തിൽ 'ലാ ഇക്റാഹ ഫിദ്ദീൻ' (മതത്തിൽ യാതൊരു ബലാൽക്കാരവുമില്ല.) എന്ന് അല്ലാഹു പഠിപ്പിച്ചിട്ടുള്ളതായി ക്കാണുന്നു. (കിശ്തീനൂഹ്)

# തീവ്രവാദം: കാലഘട്ടത്തിന്റെ രോഗം

സൗമ്യതയും കാരുണ്യവും ഉദാരതയും കാണിച്ച മതങ്ങളും ജസമൂഹങ്ങളും രാഷ്ട്രീയ പാർട്ടികളും ഭരണകൂടങ്ങളും തീവ്രതയിലേക്കും വെറുപ്പിലേക്കും വിദ്വേഷത്തിലേക്കും വഴി മാറുന്ന അസാധാരണമായ പ്രതിഭാസമാണ് ലോകത്ത് പലയിടത്തും കാണുന്നത്. പടിഞ്ഞാറും കിഴക്കുമുള്ള രാജ്യങ്ങളിൽ ഈ പ്രതിഭാസത്തിന്റെ പ്രഭാവം കാണാം. മത-സാമൂഹിക ജീവിത പ്രത്യയ ശാസ്ത്രങ്ങൾ ഉയർത്തി പിടിച്ച സ്നേഹത്തിന്റേയും വിവേകത്തിന്റേയും മിതത്വത്തിന്റെയും മാനവീയ മൂല്യങ്ങൾ അസ്തപ്രജ്ഞമാകുകയും വൈകാരികതക്കും കാർക്കശ്യത്തിനും ശക്തിപ്രകടനത്തിനും പ്രാമുഖ്യം വരികയും ചെയ്തിരിക്കുന്ന ഒരു കാലത്താണ് നാം ജീവിക്കുന്നത്. പൊതുവേ ശാന്തതയിലും സഹവർത്തിത്വത്തിലും ജീവിച്ചിരുന്ന മതസമൂഹങ്ങൾ അക്രമാസക്തവും പ്രക്ഷുബ്ദവും ഹിസാത്മകവുമായി തീർന്നിരിക്കുന്നു. സമൂഹ മനശ്ശാസ്ത്രത്തിന്റെ ഈ ഭാവപകർച്ചയും ഗതിമാറ്റവും കണ്ട് തദാനുഗതരായി ലോകത്തുടനീളമുള്ള ജനനേതാക്കന്മാർ ഇത്തരം പ്രവണതകളുടെ ഒഴുക്കിൽ ശക്തി സംഭരിക്കുകയാണ്. പഞ്ചേന്ദ്രിയങ്ങളെ ത്രസിപ്പിക്കുകയും ത്വരിപ്പിക്കുകയും ചെയ്യുന്ന ദൃശ്യശ്രാവ്യ വാർത്താ മാദ്ധ്യമങ്ങൾ വിവേകത്തെയും ആത്മബോധത്തെയും നശിപ്പിക്കുന്നു എന്നതും അതിവൈകാരികത എന്ന സാമൂഹിക രോഗത്തിന് കാരണമാണ്.

മതം പൊതുവേ വിട്ടുവീഴ്ച്ചയുടെയും മാപ്പിന്റെതും ആർദ്രതയുടേതുമാണ്. ആത്മ സംസ്ക്കരണത്തിന് ബാഹ്യമായ നിയന്ത്രണത്തേക്കാളും സമ്മർദത്തേക്കാളും ആത്മനിയന്ത്രണത്തിലാണ് മതം ഊന്നുന്നത്. യഥാർഥ നന്മ ഹൃദയവും ഭയഭക്തിയുമായി ബന്ധപ്പെട്ടതാണ്. എന്നാൽ തീവ്രവാദം രോഗാതുരമായ ഒരു മാനസികാവസ്ഥയാണ്. അത്തരം ചില വൈകല്യങ്ങളും നിലപാടുകളും സ്വഭാവത്തിന്റെ ഭാഗമായുള്ള മനുഷ്യരുണ്ട്. അവർ മതത്തിലായാലും രാഷ്ട്രീയത്തിലായാലും സാമൂഹിക ഗ്രൂപ്പുകളിലായാലും തീവ്രമായി പ്രതികരിക്കുന്ന അയവില്ലാത്ത കാർക്കശ്യ നിലപാടുകൾ സ്വീകരിക്കുന്നു. ജീവിത വിശുദ്ധിയിൽ കളങ്കിതരായ അവർ അത് മറച്ച് പിടിക്കാൻ കൂടി തീവ്രത ആയുധമാക്കുന്നു. ഒരേതൂവൽ പക്ഷികൾ കൂട്ടം കൂടുന്നത്പോലെ ഇത്തരക്കാർ സംഘം ചേർന്നാണ് തീവ്രഗ്രൂപ്പുകൾ രൂപം കൊള്ളുന്നത്. മതത്തിൽ വ്യാഖ്യാന സാദ്ധ്യതകളുള്ള മതസൂക്തങ്ങളെ അവരുടെ മനോഭാവത്തിനനുസരിച്ച് വ്യാഖ്യാനിച്ച് തീവ്രവാദത്തിന് മതത്തിന്റെ ഛായ വരുത്തുകയാണ് ചെയ്യുന്നത്. ആത്മ സമർപ്പിതരായ ഭക്തരോട് മതം സ്നേഹപൂർവം ആവശ്യപ്പെടുന്ന അച്ചടക്കങ്ങളും നിയന്ത്രണങ്ങളും അധികാര ശാസനങ്ങളാക്കി ഇവർ ഉപയോഗപ്പെടുത്തുന്നു. മതം ഇത്തരം കാർക്കശ്യമാണെന്ന് കരുതുന്ന അജ്ഞരായ മതസമൂഹം ഇത്തരം തീവ്രവാദ മനോഭാവക്കാർക്ക് പിന്നിൽ എളുപ്പത്തിൽ അണിനിരക്കുന്നു. മതത്തിന്റെ നല്ലഗുണങ്ങളൊന്നുമില്ലാത്ത വൈകാരികത ആളിക്കത്തിക്കുന്ന വംശീയതയും ഗോത്രീയതയും ഇത്തരം തീവ്രവാദ ഭീകരവാദ ഗ്രൂപ്പുകളുടെ ഊർജ സ്രോതസ്സാണ്. മതപരമായ പക്ഷപാതിത്വത്തോടൊപ്പം പാശ്ചാത്യനാടുകളിൽ അരങ്ങേറുന്ന തീവ്രവാദ ഭീകരവാദത്തിന് ക്രിസ്തുമത പക്ഷപാതിത്വത്തോടൊപ്പം വംശീയതയും കൊളോണിയൽ മനോഭാവവും പ്രവർത്തിക്കുന്നു. തീവ്രവാദം അതിതീവ്ര രൂപത്തിലും തീവ്രരൂപത്തിലും മൃദുരൂപത്തിലും ലോകത്തെല്ലായിടത്തും ദൃശ്യമാണ്. അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് ഉദ്ഘോഷിക്കുന്ന ഇസ്‌ലാം മതത്തിന്റെ സൗന്ദര്യവും മസീഹിയ്യത്തിന്റെ കാരുണ്യവും ആത്മ സംസ്ക്കരണവും ലോകം എത്രയും വേഗം തിരിച്ചറിയുമാറാകട്ടെ. ഇബ്നു അബ്ബാസ് നിവേദനം ചെയ്ത അർഥഗർഭമായ ഒരു നബി വചനം ഇപ്രകാരമാണ്: ***'ദീനിന്റെ കാര്യത്തിൽ തീവ്രത സൂക്ഷിക്കുക. നിങ്ങൾക്ക് മുമ്പുള്ളവർ നശിച്ചത് ദീനിലെ തീവ്രത മൂലമാണ്.' (അഹ്മദ്)***



ഹദ്റത്ത് അഹ്മദ് (അ)

# സമൂഹത്തിന്റെ ഐക്യം

**അ**ല്ലാഹുവിന്റെ സത്തയിൽ ഏകത്വം ഉള്ളത് പോലെ ശാശ്വതമായ ദൈവിക ദാസ്യത്തിന് വേണ്ടി സൃഷ്ടിക്കപ്പെട്ട മനുഷ്യ സമുദായത്തിനും ഏകത്വം തന്നെയാണ് അവൻ വിധിച്ചിരിക്കുന്നത്. വംശവർധനവ് കാരണം മനുഷ്യ സമുദായത്തിൽ രൂപമെടുത്തിട്ടുള്ള ഭിന്നതകൾ തന്നെയും പൂർണമായ മനുഷ്യൈക്യത്തിനുള്ള മുന്നൊരുക്കങ്ങളായിരുന്നു. ആദ്യം മനുഷ്യ സമൂഹത്തിൽ ഏകതയുടെ വിഭിന്ന ശാഖകൾ സ്ഥാപിച്ചു കൊണ്ട് പിന്നീട് പൂർണമായ ഐക്യവൃത്തത്തിൽ ഏകോപിപ്പിക്കുവാനാണ് ദൈവം ഇച്ഛരിച്ചിരിക്കുന്നത്. ആകയാൽ ദൈവം സമുദായങ്ങളുടെ വ്യത്യസ്ത ശാഖകൾ ഏർപ്പെടുത്തുകയും ഓരോ സമുദായത്തിനും ഓരോ ഏകത സൃഷ്ടി ക്കുകയും ചെയ്തു. സമുദായങ്ങൾ പരസ്പരം പരിചയപ്പെടുന്നതിന് സൗകര്യവും എളുപ്പവും ഉണ്ടാക്കുകയും അവർ പരസ്പരം ബന്ധപ്പെടുന്നതിന് താമസം സംഭവിക്കാതിരി ക്കുകയും വേണമെന്നതാണ് ഇതിന്റെ രഹസ്യം. സമുദായങ്ങളുടെ ചെറിയ ചെറിയ ഘടകങ്ങൾ തമ്മിൽ പരിചയപ്പെടുന്നതോടെ മുഴുവൻ സമുദായങ്ങളെയും ഒരു സമുദായ മാക്കി ഒന്നിപ്പിക്കാനാണ് ദൈവം ഇച്ഛരിച്ചി രിക്കുന്നത്. ഉദാഹരണമായി ഒരാൾ ഒരു തോട്ടം നിർമിക്കുന്നുവെന്നിരിക്കട്ടെ. തോട്ട ത്തിലെ വ്യത്യസ്തങ്ങളായ ചെടികളെ വ്യത്യ സ്തങ്ങളായ ഗണങ്ങളായി വേർതിരിക്കു കയും അതിൽ പിന്നെ തോട്ടത്തിന് ചുറ്റുമായി മതിൽ കെട്ടി വൃക്ഷങ്ങളെയെല്ലാം ഒരൊറ്റ വൃത്തത്തിൽ ഒതുക്കുകയും ചെയ്യുന്നു. ഇതിലേക്ക് തന്നെയാണ് വിശുദ്ധ ഖുർആൻ സൂചന നൽകിയിരിക്കുന്നത്.

***'ഓ ലോകത്തിന്റെ വിവിധ ഭാഗങ്ങളി ലുള്ള നബിമാരേ, വിവിധ സമുദായങ്ങളിൽ നിന്ന് ലോകത്ത് ഒരുമിച്ച് കൂട്ടിയിട്ടുള്ള ഈ മുസ്ലിംകളായ നിങ്ങളെല്ലാവരും ചേർന്ന് ഒരു സമുദായം ആകുന്നു. (അവർ എല്ലാ വരിലും വിശ്വസിക്കുന്നു. ഞാൻ നിങ്ങളുടെ ദൈവം ആയിരിക്കയാൽ നിങ്ങളെല്ലാം ഒന്നു ചേർന്ന് എന്നെ ആരാധിക്കുവിൻ'*** ഈ അനുക്രമമായ ഐക്യത്തിന്റെ ഉദാഹര ണമിതാണ്. ഓരോ മഹല്ലിലെയുമാളുകൾ തങ്ങളുടെ മഹല്ലുകളിലെ പള്ളികളിൽ അഞ്ചു നേരം ഒരുമിച്ചു കൂടുന്നതിന് കൽപ്പിച്ചു. പിന്നീട് പട്ടണത്തിലെ മുഴുവൻ ജനങ്ങളും ഏഴാം ദിവസം ജാമിആ മസ്ജിദിൽ എന്നു വെച്ചാൽ എല്ലാവർക്കും ഒരുമിച്ചു കൂടാൻ സൗകര്യമുള്ള വലിയൊരു പള്ളിയിൽ ഒന്നിച്ചു ചേരാൻ കൽപ്പിച്ചു. പിന്നെ കൊല്ലത്തി ലൊരിക്കൽ മുഴുവൻ നഗരത്തിലേയും ചുറ്റുവട്ടത്തിലെ ഗ്രാമങ്ങളിലേയും ജനങ്ങൾ ഈദ് ഗാഹിലേക്ക് ഒന്നിക്കുവാൻ കൽപ്പിച്ചു. അതുപോലെ കൊല്ലത്തിലൊരിക്കൽ ലോക െ ത്ത മുഴുവൻ ജനങ്ങൾ ഹജ്ജിന്റെ അവ സരത്തിൽ ഒരിടത്ത് അതായത് പരിശുദ്ധ മക്കയിൽ സമ്മേളിക്കുവാനും കൽപ്പിച്ചു. അങ്ങനെ അല്ലാഹു ക്രമത്തിൽ ക്രമത്തിലായി സമുദായ ത്തിന്റെ ഐക്യം ഹജ്ജ് വേളയിൽ പരിപൂർ ണതയിലെത്തിച്ചു.

(ചശ്മയെ മഅരിഫ. ഭാ. 137)

അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽമസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..) 22–03–2019 ന് ബൈത്തുൽ ഫുത്തൂഹ് ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം. വിവ: മൗലവി ഹാശിം അശ്റഫ്

# മസീഹ് മൗഊദ് ദിനത്തിന്റെ പ്രാധാന്യം




**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്** (അയ്യദഹു...)

നാളെ മാർച്ച് 23 ആണ്. ഈ ദിവസം ജമാഅത്ത് മസീഹ് മൗഊദ് ദിനം എന്ന നിലയിൽ സ്മരിക്കുന്നു. നബി (സ) സുവാർത്ത നല്കിയ മസീഹ് മൗഊദും മഹ്ദി മഅ്ഊദും താനാണെന്ന് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി(അ) വിളംബരം ചെയ്തു. അങ്ങനെ അദ്ദേഹം ബയ്അത്തിന് ആരംഭം കുറിച്ചു. ഇപ്പോൾ ഞാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ചില ഉദ്ധരണികൾ സമർപ്പിക്കുന്നതാണ്. അ

തിൽ അദ്ദേഹം മസീഹ് മൗഊദ് വരുന്നതിന്റെ ആവശ്യകത, ആ കാലഘട്ടത്തിന്റെ അവസ്ഥ, തന്റെ വാദം എന്നിവയെ കുറിച്ച് വിവരിച്ചിരിക്കുന്നു.

ആ കാലഘട്ടത്തിന്റെ അവസ്ഥ ആവശ്യപ്പെട്ടിരുന്നത് ആരെങ്കിലും വന്ന് മുങ്ങിത്താണുകൊണ്ടിരിക്കുന്ന ഇസ്‌ലാമിന്റെ നൗകയെ രക്ഷിക്കണമെന്നായിരുന്നു. എന്നാൽ നിർഭാഗ്യകരം, മുമ്പ് ഏതെങ്കിലും മസീഹ് വരണമെന്ന് കരുതികാത്തിരുന്ന അധിക മുസ്‌ലിം പണ്ഡിതന്മാരും അദ്ദേഹത്തിന്റെ വാദത്തിന് ശേഷം അതികഠിനമായ എതിർപ്പ് പ്രകടിപ്പിച്ചു. പൊതുമുസ്‌ലിംകൾക്ക് വിവിധ കെട്ടുകഥകൾ കേൾപ്പിച്ച് അദ്ദേഹത്തിനും അദ്ദേഹത്തിന്റെ ജമാഅത്തിനും എതിരിൽ എത്രമാത്രം തീപ്പൊരി ഉണ്ടാക്കിയെന്നാൽകൊലചെയ്യുവാനുള്ള ഫത്‌വ പോലും നല്കിയിരിക്കുന്നു. ഇന്നും ചില സ്ഥലങ്ങളിൽ അഹ്മദികളുടെമേൽ ഇസ്‌ലാമിന്റെ പേരും പറഞ്ഞ് ആക്രമവും ക്രൂരതയും കൊല്ലുംകൊലയും നടമാടുന്നു. അത് ഇസ്‌ലാമിന്റെ യാഥാർഥ്യം മനസിലാക്കിയവർക്ക് അങ്ങനെ ചിന്തിക്കാൻ പോലും സാധിക്കുന്നതല്ല. അവരിൽ നിന്ന് ഒരിക്കലും അത്തരം പ്രവൃത്തികൾ ഉണ്ടാകുന്നതുമല്ല. മസീഹ് മൗഊദ് വരേണ്ടതിന്റെ ആവശ്യകത എന്താണ്, ഈ കാലഘട്ടത്തിൽ മസീഹിനുള്ള പ്രത്യേകത എന്നീ കാര്യങ്ങൾ വിവരിച്ച് കൊണ്ട് അദ്ദേഹം പറയുന്നു: ഇസ്റാഈൽ, ഇസ്മഈൽ എന്നീ രണ്ട് പരമ്പരകളിൽ ഖിലാഫത്തിന്റെ സദൃശ്യത യെകുറിച്ച് വിശുദ്ധ ഖുർആൻ വ്യക്തമായ നിലയിൽ വിവരിക്കുന്നു. ഏതുപോലെ, ഈ ആയത്തിൽ നിന്ന് വ്യക്തമാകുന്നു:

وَعَدَ اللّٰهُ الَّذِيْنَ اٰمَنُوْا مِنْكُمْ
وَعَمِلُوا الصّٰلِحٰتِ لَيَسْتَخْلِفَنَّهُمْ
فِي الْاَرْضِ كَمَا اسْتَخْلَفَ الَّذِيْنَ مِنْ قَبْلِهِمْ

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ഇസ്റാഈൽ പരമ്പരയിൽ ഹദ്റത്ത് മൂസയ്ക്ക് ശേഷം പതിനാലാം നൂറ്റാണ്ടിൽ വന്ന അവസാന ഖലീഫ, മസീഹ് നാസിരി ആയിരുന്നു. അതിന് തുല്യമായി ഈ ഉമ്മത്തിലും പതിനാലാം നൂറ്റാണ്ടിന്റെതലയ്ക്കൽ മസീഹ് വരേണ്ടത് അനിവാര്യമാണ്. കൂടാതെ കശ്ഫ് സിദ്ധിക്കുന്നവർ ഈ നൂറ്റാണ്ട് മസീഹിന്റെ അവതാരകാലമായി പറയുന്നു. ഉദാഹരണമായി, ഹദ്റത്ത് ശാഹ് വലിയുല്ലാഹ് സാഹിബിനെ പോലുള്ളഅഹ്‌ലെ ഹദീസ് ചെറിയ അടയാളങ്ങൾ മുഴുവനായും വലിയ അടയാളങ്ങൾ ഒരു പരിധിവരെയും പുലർന്നിരിക്കുന്നുവെന്ന കാര്യത്തിൽ യോജിക്കുന്നു. അദ്ദേഹം പറയുന്നു: മസീഹിന്റെ ആഗമനസംബന്ധമായ എല്ലാ അടയാളങ്ങളും പൂർത്തിയായിരിക്കുന്നു. നിയോഗിതനായ മസീഹ് മൗഊദിന്റെ അടയാളങ്ങൾ വിവരിച്ച് കൊണ്ട് മസീഹ് മൗഊദ്(അ) പറയുന്നു: വരാനിരിക്കുന്ന ആളിന്റെ ഒരു അടയാളം ഇത് കൂടിയുണ്ട്. ആ കാലഘട്ടത്തിലെ റമദാൻ മാസത്തിൽ സൂര്യചന്ദ്രഗ്രഹണങ്ങൾ സംഭവിക്കുന്നതാണ്. പറയുന്നു: സൂര്യചന്ദ്ര ഗ്രഹണങ്ങൾ അദ്ദേഹത്തിന്റെ വാദത്തിന് ശേഷം സംഭവിച്ചതിനാൽ ആ കാര്യം കളവിൽ നിന്നും കൃതിമത്തിൽ നിന്നും വിദൂരപ്പെട്ടിരിക്കുന്നു. അതിന് മുമ്പ് യാതൊരു സൂര്യചന്ദ്ര ഗ്രഹണങ്ങളും അത് പോലെ ഉണ്ടായിട്ടില്ല. മുഴുലോകത്തിനും വേണ്ടി അവതരിച്ചയാളെ കുറിച്ച് വിളംബരം ചെയ്യുന്നതിന് വേണ്ടിയുള്ള അല്ലാഹുവിന്റെ ഒരു അടയാളമായിരുന്നു അത്. അങ്ങനെ അറബ് വാസികളും ആ അടയാളം കണ്ട് അവരുടെ രീതിയിൽശരിവച്ചു. നമ്മുടെ പ്രസിദ്ധീകരണങ്ങൾ എവിടെയെല്ലാമാണ് എത്തിച്ചേരാത്തത് അവിടെയെല്ലാം ഈ സൂര്യചന്ദ്ര ഗ്രഹണങ്ങൾ അവതാരകന്റെ സമയം വിളംബരംചെയ്തു. അത് മാനുഷിക പദ്ധതികളുടെകലർപ്പില്ലാത്തദൈവീക അടയാളമായിരുന്നു. നബി(സ) ഇത് കൂടി പറഞ്ഞിരുന്നു: ആദംമുതൽ ഈ മഹ്ദി വരെ ഇത്തരത്തിലുള്ള സംഭവം ഉണ്ടായിട്ടില്ല. ഇനി ആരെങ്കിലും അത് ചരിത്രത്തിൽ നിന്ന് തെളിയിക്കുമെങ്കിൽ നാം അത് അംഗീകരിക്കുന്നതാണ്.

പിന്നീട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു; ഇനിയുള്ള ഒരടയാളം ദുസ്സിന്നീൻ നക്ഷത്രത്തിന്റെ ഉദയമാകുന്നു. അതായത് മസീഹ് നാസിരിയുടെ കാലത്ത് ആ നക്ഷത്രം ഉദിച്ചിരുന്നു. ഇപ്പോൾ ആ നക്ഷത്രം വീണ്ടും ഉദിച്ചു. അത് പോലെ വിശുദ്ധ ഖുർആൻ പരിശോധിക്കുമ്പോൾ മനസ്സിലാകുന്നത്,

وَاِذَا الْعِشَارُ عُطِّلَتْ ﴿۵﴾ وَاِذَا الْوُحُوْشُ حُشِرَتْ ﴿۶﴾
وَاِذَا الْبِحَارُ سُجِّرَتْ ﴿۷﴾ وَاِذَا النُّفُوْسُ زُوِّجَتْ ﴿۸﴾
وَاِذَا الْمَوْءٗدَةُ سُئِلَتْ ﴿۹﴾ بِاَيِّ ذَنْۢبٍ قُتِلَتْ ﴿۱۰﴾
وَاِذَا الصُّحُفُ نُشِرَتْ ﴿۱۱﴾

ഇതെല്ലാം വിശുദ്ധ ഖുർആന്റെ പ്രവചനങ്ങളാകുന്നു. വന്യമൃഗങ്ങൾ ഒരുമിച്ച് കൂട്ടപ്പെടുന്നതാണ്. അതിന്റെ വിശദീകരണം മൃഗശാലകൾ സ്ഥാപിക്കപ്പെടുന്നതാണ്, വിദ്യാഭ്യാസം ലോകത്ത് സർവസാധാരണമായി വ്യാപിക്കുന്നതാണ്. ചില പ്രദേശത്തെ ആളുകളെ ചില സമൂഹങ്ങൾ ആക്രമിച്ച് ഇല്ലാതാക്കുന്നതാണ്. പിന്നെ സമുദ്രങ്ങൾ കൂടിച്ചേരുന്നതിനെ കുറിച്ചും പറയുന്നു. ആളുകൾ സമ്മേ

ആ കാലഘട്ടത്തിന്റെ അവസ്ഥ ആവശ്യപ്പെട്ടിരുന്നത് ആരെങ്കിലും വന്ന് മുങ്ങിത്താണുകൊണ്ടിരിക്കുന്ന ഇസ്‌ലാമിന്റെ നൗകയെ രക്ഷിക്കണമെന്നായിരുന്നു. എന്നാൽ നിർഭാഗ്യകരം, മുമ്പ് ഏതെങ്കിലും മസീഹ് വരണമെന്ന് കരുതികാത്തിരുന്ന അധിക മുസ്‌ലിം പണ്ഡിതന്മാരും അദ്ദേഹത്തിന്റെ വാദത്തിന് ശേഷം അതികഠിനമായ എതിർപ്പ് പ്രകടിപ്പിച്ചു.

ളിക്കുന്നതിനെ കുറിച്ചും പറയുന്നു. പിന്നീടുള്ളത് സ്ത്രീക്കുമേൽ ഉണ്ടായിരുന്ന ആക്രമത്തെ കുറിച്ചാണ്. എന്ത് കുറ്റംചെയ്തിട്ടാണ് എന്നെ വധിച്ചതെന്ന് അവൾ ചോദിക്കുന്നതാണ്. ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുന്നതാണ്. പ്രസ്സും മീഡിയയും അതിന്റെ പുലർച്ചയാണ്. ഇതെല്ലാം തെളിയിക്കുന്നത് ഇത് മസീഹ് മൗഊദ് (അ)ന്റെ കാലഘട്ടമാണെന്നാണ്. നിലവിൽ വിശുദ്ധ ഖുർആനിലും ആ പ്രവചനങ്ങൾ ഉണ്ട്.

കൂടുതൽ അടയാളങ്ങളെ കുറിച്ച് അദ്ദേഹം പറയുന്നു: വിവിധ തരത്തിലുള്ള പ്രകൃതിക്ഷോഭങ്ങൾ ഉണ്ടാകുന്നതാണ്. അപകടങ്ങൾ ഉണ്ടാകും. ആകാശീയ വിപത്തുകൾ ക്ഷാമം, പ്ലേഗ്, കോളറ എന്നീ രൂപങ്ങളിലുണ്ടായി. പ്ലേഗ് ഭയാനക ശിക്ഷയായിരുന്നു. അത് ഭരണകൂടത്തെ പോലും പിടിച്ച് കുലുക്കി. ഭീകരനാശം വിതച്ചു. തന്റെ തെളിവിനായി ദിവ്യദൃഷ്ടാന്തം കാണിക്കുകയെന്നത് ദൈവനിയോഗിതന് അനിവാര്യമാണ്. ലേഖ്റാമിന്റേത് ചെറിയ അടയാളമായിരുന്നോ? അത് ഒരു മല്ലയുദ്ധംപോലെ പല വർഷങ്ങൾ വരെ ഒരു നിബന്ധനയിൽ ബന്ധിതമായിരുന്നു. പിന്നെ പറഞ്ഞത് പോലെ തന്നെ സംഭവിക്കുകയും ചെയ്തു. അതിന് സമാനമായത് വല്ലതുമുണ്ടോ? പിന്നെ സർവമതസമ്മേളനത്തെ കുറിച്ച് ദിവസങ്ങൾക്ക് മുമ്പ് തന്നെ വിളംബരംചെയ്തിരുന്നു. നമ്മുടെ ഉപന്യാസം എല്ലാത്തിന്റെയുംമേൽ ആധിപത്യം നേടുന്നതാണെന്ന് അല്ലാഹു നമുക്ക് അറിയിപ്പ് നല്കിയിരുന്നു. വെറും ഊഹത്തിന്റെ പുറത്ത് ഇത്തരം സമ്മേളനത്തിൽ ആധിപത്യം കരസ്ഥമാക്കുമെന്നവിവരം മുമ്പ് തന്നെ നല്കുവാനാകില്ലയെന്ന് ഈ അതിമഹത്വവും പ്രതാപപൂർണവുമായ സമ്മേളനത്തിന് സാക്ഷിയായവർക്ക് മനസിലാക്കുന്നതാണ്. പിന്നീട് പറഞ്ഞത് പോലെ തന്നെ സംഭവിക്കുകയുംചെയ്തു. അന്യർപോലും അതിനെ ഏറ്റവും ഉന്നതമെന്ന് അംഗീകരിച്ചു.

പിന്നെ അദ്ദേഹം ദൈവനിയോഗിതൻ എന്നതിന് സാക്ഷ്യങ്ങൾ സമർപ്പിച്ച് കൊണ്ട് വീണ്ടും പറയുന്നു: ഞാൻ ദൈവനിയോഗിതനാണെന്നതിന് ഇപ്പോൾ ഒരുപാട് തെളിവുകളുണ്ട്. ഒന്ന് പരോക്ഷമായ തെളിവുകൾ, രണ്ടാമതായി പ്രത്യക്ഷമായ തെളിവുകൾ, മൂന്നാമതായി നൂറ്റാണ്ടിന്റെ തലയ്ക്കൽ ആഗതരാകുന്ന മുജദ്ദിദിനെ കുറിച്ചുള്ള ഹദീഥ്, നാലാമതായി

إِنَّا نَحْنُ نَزَّلْنَا الذِّكْرَ وَإِنَّا لَهُ لَحَافِظُونَ

എന്ന സുരക്ഷയുടെ വാഗ്ദാനം. ഇനി അഞ്ചാമത്തേതും ഉജ്ജ്വലവുമായ സാക്ഷ്യം സമർപ്പിക്കാം. അത് സൂറാ അന്നൂറിലെ ഖിലാഫത്തിനെ കുറിച്ചുള്ള ആയത്താണ്. ഇതിൽ അല്ലാഹു പറയുന്നു,

وَعَدَ اللَّهُ الَّذِينَ آمَنُوا مِنْكُمْ
وَعَمِلُوا الصَّالِحَاتِ لَيَسْتَخْلِفَنَّهُمْ
فِي الْأَرْضِ كَمَا اسْتَخْلَفَ الَّذِينَ مِنْ قَبْلِهِمْ

ഈ ആയത്തിലുള്ള ഖിലാഫത്തിന്റെ വാഗ്ദാനത്തിന്റെ അടിസ്ഥാനത്തിൽ നബി(സ)യുടെ പരമ്പരയിൽ ഉണ്ടാകുന്ന ഖലീഫമാർ മുമ്പ് ഉണ്ടായിരുന്ന ഖലീഫമാരെ പോലെ ആയിരിക്കും. അതുപോലെ നബി(സ)യെ വിശുദ്ധ ഖുർആൻ മൂസയുടെ സദൃശ്യനായി വിശേഷിപ്പിച്ചിരിക്കുന്നു. പറയുന്നു:

إِنَّا أَرْسَلْنَا إِلَيْكُمْ رَسُولًا شَاهِدًا عَلَيْكُمْ
كَمَا أَرْسَلْنَا إِلَىٰ فِرْعَوْنَ رَسُولًا

ഈ സദൃശ്യതയിൽഏതുപോലെ *കമാ* എന്ന പദം ഉപയോഗിച്ചിരിക്കുന്നുവോ അതേപ്രകാരം സൂറ അന്നൂറിലും *കമാ* എന്ന പദമാണുള്ളത്. മൂസവീ സമുദായവും മുഹമ്മദീ സമുദായവും തമ്മിൽ പരിപൂർണ സാദൃശ്യവും സമാനതയും പുലർത്തുന്നെന്ന് അതിൽ നിന്ന് വ്യക്തമാകുന്നു. മൂസവി പരമ്പരയിലെ ഖലീഫമാർ ഹദ്റത്ത് ഈസയിൽ വന്ന് അവസാനിച്ചു. ഹദ്റത്ത് മൂസാ(അ)ന് ശേഷം പതിനാലാം നൂറ്റാണ്ടിൽ അദ്ദേഹം ആഗതരായി. ഈ സദൃശ്യത മുൻനിർത്തി കുറഞ്ഞത് പതിനാലാം നൂറ്റാണ്ടിലെങ്കിലും ഒരു ഖലീഫ അതേ രീതിയിൽ ആഗതനായി, മസീഹിന് സാദൃശ്യം പുലർത്തേണ്ടത് നിർബന്ധമാണ്.

ഇനി ഞാൻ കഴിഞ്ഞ വെള്ളിയാഴ്ച ന്യൂസിലാന്റിൽ നടന്ന സംഭവത്തെ കുറിച്ച് അല്പം പറയാൻ ആഗ്രഹിക്കുന്നു. കഴിഞ്ഞ ജുമുഅയിൽ തന്നെ പറയേണ്ടതായിരുന്നു. എന്നാൽ അവസാനം അത് വിട്ടുപോയി. എന്നിരുന്നാലും പിന്നീട് പ്രസ്സ് റിലീസ് നല്കിയിരുന്നു. ജമാഅത്തിന്റെ ഭാഗത്ത് നിന്ന് അനുശോചനം അറിയിക്കുകയുണ്ടായി. ഒരുപാട് നിർദോഷികളും നിഷ്കളങ്കരും കുട്ടികളും മതപരവുംസാമുദായികവുമായ വെറുപ്പിനാൽ ബലിയാടുകളായി. ശഹീദാക്കപ്പെട്ടു. അല്ലാഹു അവരുടെ എല്ലാവരുടെയും മേൽ കാരുണ്യം വർഷിക്കട്ടെ. അവരുടെ ഉറ്റവർക്ക് ക്ഷമ പ്രദാനം ചെയ്യുമാറാകട്ടെ.

ആ സംഭവത്തിന് പിന്നാലെ ചില കാര്യങ്ങളും ഉണ്ടായി. അതായത് ന്യൂസിലാന്റ് ഭരണകൂടം അതിൽ പ്രധാനമായും പ്രധാനമന്ത്രി ഉന്നത ധാർമികസ്വഭാവം പ്രകടിപ്പിക്കുകയുണ്ടായി. ഭരണസംവിധാനം നിർവഹിക്കേണ്ട നിർബന്ധകടമകങ്ങളും പൂർത്തിയാക്കി. അത് അതുല്യമാതൃകയാണ്. ഒരു പക്ഷേ മുസ്‌ലിം ഭരണകൂടങ്ങളും അതിൽ നിന്ന് പാഠം കരസ്ഥമാക്കി, മതപരമായ വെറുപ്പ് ഇല്ലായ്മ ചെയ്യുന്നതിൽ അവരവരുടെ ഭാഗം പൂർത്തിയാക്കിയെങ്കിൽ എത്ര നന്നായേനേ. ഇവിടെ പൊതുജനങ്ങളും ഒപ്പം നിന്നു. അല്ലാഹു അവരുടെഎല്ലാ നന്മകളും സ്വീകരിച്ച് സത്യം തിരിച്ചറിയാനുള്ള തൗഫീഖ് നല്കുമാറാകട്ടെ.

അവിടെ പള്ളിയിലുണ്ടായിരുന്ന ഒരു വനിതയുടെ ഇന്റർവ്യൂ ടിവിയിൽ വന്നിരുന്നു. അവർ അസാധാരണമാം വിധം ക്ഷമയും

സ്ഥൈര്യവും പ്രകടിപ്പിച്ചു. അവരുടെ ഭർത്താവും 21 വയസ്സുള്ള മകനും വധിക്കപ്പെട്ടിരുന്നു. അവർ ജനങ്ങളെ സഹായിച്ച് കൊണ്ട് ജീവൻ വെടിയുകയുണ്ടായി. എന്തായാലും ഒരു നന്മയ്ക്ക് വേണ്ടി നല്ലൊരു ലക്ഷ്യത്തിനായി ജീവൻ സമർപ്പിച്ചു. അല്ലാഹു അവരുടെ മേൽകാരുണ്യം വർഷിക്കട്ടെ. അങ്ങേയറ്റം വേദനാജനകമായ ഒരു സംഭവമായിരുന്നു. അവിടെയുള്ള മുസ്‌ലിംകൾ ഉന്നതമായ ക്ഷമയുടെയും സ്ഥൈര്യത്തിന്റെയും ദൃശ്യം പ്രകടിപ്പിച്ചു. ഈയൊരു കാര്യമാണ് മുസ്‌ലിംകളിൽ നിന്ന് പ്രതീക്ഷിക്കുന്നത്. ഈയൊരു പ്രകടനമാണ് മുസ്‌ലിംകൾ കാഴ്ച വയ്ക്കേണ്ടതും. എന്നാൽ ചില തീവ്രവാദ വിഭാഗങ്ങൾ, തങ്ങൾ അതിന് പകരംവീട്ടുമെന്ന് വിളംബരംചെയ്തിട്ടുണ്ട്. അത് വളരെ മോശപ്പെട്ട കാര്യമാണ്. അങ്ങനെയെങ്കിൽ ശത്രുത നീണ്ട് പോകുന്നതാണ്. അല്ലാഹു ഇസ്‌ലാമിനുള്ളിലെ തീവ്രവാദ വിഭാഗങ്ങളെ അവസാനിപ്പിക്കട്ടെ. ഇസ്‌ലാമിന്റെ ശരിയായതും മനോഹരവുമായ അധ്യാപനം പ്രചരിപ്പിക്കുമാറാകട്ടെ. അല്ലാഹു കാലത്തിന്റെ ഇമാമിനെ വിശ്വസിക്കാൻ മുസ്‌ലിംങ്ങളിലെ അധികമാളുകൾക്കും തൗഫീഖ് നല്കുമാറാകട്ടെ. അങ്ങനെ ഒന്നായി കൊണ്ട് ലോകത്ത് ഇസ്‌ലാമിന്റെ ശരിയായതും മനോഹരവുമായ അധ്യാപനങ്ങളും പ്രചരിപ്പിക്കുന്നതിന് ഇടവരുത്തട്ടെ.

ഇത് കൂടാതെ നമസ്കാരത്തിന് ശേഷം ഞാൻ ചില ജനാസ ഗായിബും നിർവഹിക്കുന്നതാണ്. ആദ്യത്തെ ജനാസ മൗലാന ഖുർശീദ് അഹ്മദ് അൻവർ സാഹിബിന്റെതാണ്. അദ്ദേഹം ഖാദിയാനിൽ വക്കീലുൽമാൽ തഹ്‌രീക് ജദീദ് ആയിരുന്നു. മാർച്ച് 19 ന് 73-ാം വയസ്സിൽ വഫാത്തായി. (ഇന്നാലില്ലാഹ്...)

അല്ലാഹുവിന്റെ അനുഗ്രഹത്താൽ അദ്ദേഹം മൂസിയായിരുന്നു. ഒരു നീണ്ടകാലം അദ്ദേഹം കാൻസർ കാരണത്താൽ രോഗിയായിരുന്നു. എന്നാൽ വലിയ ക്ഷമയോടെയും ധൈര്യത്തോടെയും സ്ഥൈര്യത്തോടെയും രോഗത്തെ നേരിട്ടു. ശക്തമായ രോഗത്തിലും ബലഹീനതയിലുംപോലും തന്റെ നിർബന്ധ കടമകളിൽ യാതൊരു വീഴ്ചയും അദ്ദേഹംകാണിച്ചിരുന്നില്ല. കൃത്യമായി ഓഫീസിൽ വന്നിരുന്നു. അവസാനശ്വാസം വരെ തന്റെ വഖ്ഫ് ഉന്നതമായി പൂർത്തിയാക്കാൻ സാധ്യമാകുന്നിടത്തോളം ശ്രമിച്ചു. എന്നല്ല അതിന്റെ കടമ യഥാർഹം പൂർത്തിയാക്കിയെന്നാണ് ഞാൻ മനസിലാക്കുന്നത്.

അദ്ദേഹത്തിന്റെ മരുമകൻ ഖാലിദ് അലാവുദ്ദീൻ സാഹിബ് എഴുതുന്നു: അസുഖത്തിന്റെ ദിനങ്ങളിൽ വിശ്രമിക്കുന്നതിനായി പറയുമ്പോൾ അദ്ദേഹം നല്കാറുള്ള മറുപടി, എന്റെ ആഗ്രഹം അവസാനനിമിഷം വരെ സേവനം ചെയ്ത് കൊണ്ട് അല്ലാഹുവിന്റെ സമക്ഷം ഹാജരാകണം എന്നായിരുന്നു. ആ പ്രതിജ്ഞ അദ്ദേഹം പൂർത്തിയാക്കി. അങ്ങേയറ്റം അനുസരണം പുലർത്തിയ കഠിനദ്ധ്യാനിയായ വിശ്വാസിയായിരുന്നു. സാമ്പത്തിക കാര്യങ്ങളിൽ വലിയ ആഴത്തിൽ ദൃഷ്ടിവെച്ചിരുന്നു. അദ്ദേഹത്തിന് വക്കീലുൽമാലിന്റെ ഉത്തരവാദിത്തം നല്കിയപ്പോൾ, ആ സമയം തഹ്‌രീക് ജദീദിന്റെ ബജറ്റ് അല്പം ലക്ഷങ്ങളിലായിരുന്നു. എന്നാൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ അതിപ്പോൾകോടികളിൽ എത്തിനില്ക്കുന്നു. അല്ലാഹു അദ്ദേഹത്തിന്റെ പദവികൾ ഉയർത്തട്ടെ. അദ്ദേഹത്തിന്റെ സന്താനങ്ങൾക്കും അദ്ദേഹത്തിന്റെ നന്മകളിൽ തുടർന്ന് പോകാനുള്ള തൗഫീഖ് നല്കുമാറാകട്ടെ.

അടുത്ത ജനാസ താഹിർ ഹുസൈൻ മുൻശി സാഹിബ് നായിബ് അമീർ ഫിജിയുടെതാണ്. അദ്ദേഹംമാർച്ച് 5 ന് 72-ാം വയസ്സിൽ വഫാത്തായി. (ഇന്നാലില്ലാഹ്...) ഫിജി ജമാഅത്തിന്റെ ദീർഘകാല സേവകനായിരുന്നു. നീണ്ടകാലം നായിബ് അമീറായി സേവനം ചെയ്യാനുള്ള തൗഫീഖ് ലഭിക്കുകയുണ്ടായി. വളരെ നന്മ നിറഞ്ഞ ദുആ ചെയ്യുന്ന ആത്മാർഥനായ ഒരു സ്വാത്വിക മനുഷ്യനായിരുന്നു. ഖിലാഫത്തിനോട് വളരെ ആഴത്തിലുള്ള ബന്ധമുണ്ടായിരുന്നു. മറ്റുള്ളവർക്ക് ഖിലാഫത്തിനോടുള്ള ആദരവും അനുസരണവും മനസ്സിലാക്കി കൊടുത്തിരുന്നു. തന്റെ ഉന്നത മാതൃകയും എപ്പോഴും പ്രദർശിപ്പിച്ചിരുന്നു. ചിലപ്പോൾ അഭിപ്രായഭിന്നത ഉണ്ടായാൽ തന്നെ അതു സംബന്ധിച്ച് ഖലീഫത്തുൽ മസീഹിന്റെ അഭിപ്രായം അങ്ങനെയല്ലായെന്നറിഞ്ഞാൽ ഉടൻ തന്റെ അഭിപ്രായം ഉപേക്ഷിക്കുമായിരുന്നു.

മൂന്നാമത്തെ ജനാസ, മൂസാ സിസ്കോ സഹിബിന്റെതാണ്. അദ്ദേഹം മാലി വാസിയാണ്. ഫെബ്രുവരി 15 ന് വഫാത്തായി. (ഇന്നാലില്ലാഹ്...) 2012 നവംബറിൽ അദ്ദേഹം അഹ്മദിയ്യത്ത് സ്വീകരിച്ചു. 2013 ൽ വാസ്കസ്കോയിൽ ജമാഅത്തിന്റെ റേഡിയോ സ്റ്റേഷൻ ആരംഭിച്ചപ്പോൾ റേഡിയോ ഡയറക്ടറും അതേവർഷം തന്നെ ജമാഅത്തിന്റെ സദറുമായി അദ്ദേഹം നിയമിതനായി. റേഡി യോ സ്റ്റേഷൻ സ്ഥാപിച്ചത്തോടെ വാസ്കസ്കോ റീജിയനിൽ അസാധാരണമായഎതിർപ്പ് നേരിടേണ്ടതായി വന്നു. ആ സമയം അദ്ദേഹം വളരെ യുക്തിപൂർവം ക്ഷമയും സ്ഥൈര്യവും പ്രകടിപ്പിച്ചു കൊണ്ട് അവസ്ഥകളെ നേരിട്ടു. എല്ലാ പ്രശ്നങ്ങളുടെയും പരിഹാരം കണ്ടു. ബയ്അത്തിന് ശേഷം അദ്ദേഹം ജമാഅത്തിന്റെ ജോലിക്കായി സ്വയം വഖ്ഫ് ചെയ്തു. ജമാഅത്തായ നമസ്കാരംകൂടാതെ തഹജ്ജുദും കൃത്യമായി അനുഷ്ഠിച്ചിരുന്നു. വളരെകൂറും ആത്മാർഥതയും പുലർത്തിയിരുന്ന മനുഷ്യനായിരുന്നു. ഖിലാഫത്തിനോട് അതിരറ്റ സ്നേഹമായിരുന്നു. ഖിലാഫത്തിന്റെ എല്ലാ പദ്ധതികൾക്കും ലബ്ബൈക്ക് പറയുന്നതിൽ മുന്നിലായിരുന്നു.

അല്ലാഹു ഇവരുടെഎല്ലാവരുടെയും പദവികൾ ഉയർത്തട്ടെ. അവരുടെ മക്കൾക്കും നന്മ ചെയ്യുവാനുള്ള തൗഫീഖ് നല്കട്ടെ

ഭാഗം - 4

# ശരീരവും ആത്മാവും രൂപാന്തര ഘട്ടങ്ങളുടെ സാദൃശ്യങ്ങൾ

മനുഷ്യന്റെ ശാരീരികവും ആത്മീയവുമായ ഉദ്ഭവത്തെയും വളർച്ചയേയും സൂചിപ്പിക്കുന്ന വിശുദ്ധ ഖുർആനിലെ ഗഹനമായ സൂക്തങ്ങളുടെ അർഥങ്ങളും തത്ത്വങ്ങളും സാദൃശ്യങ്ങളും വാഗ്ദത്ത മസീഹ് (അ) തന്റെ ബറാഹീനെ അഹ്മദിയ്യാ എന്ന പ്രശസ്ത ഗ്രന്ഥത്തിൽ വിവരിക്കുന്നു.

**വിവ: അബു അയ്മൻ**

## ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)

### അഞ്ചാം ഘട്ട സാദൃശ്യം

നാലാം ഘട്ടത്തിനുശേഷം അഞ്ചാംഘട്ട ആത്മീയ അസ്തിത്വത്തെ സംബന്ധിച്ച് വിശുദ്ധ ഖുർആൻ പ്രതിപാദിക്കുന്ന സൂക്തമിതാണ്: ''**വല്ലദീനഹും ലിഅമാനാത്തിഹിം വ അഹ്ദിഹിം റാഊൻ**'' അതായത്, അഞ്ചാം ഘട്ടത്തിലെത്തിയ വിശ്വാസിയുടെ ശ്രേഷ്ഠത കേവലം ദോഷപ്രവണമായ ആത്മാവിന്റെ ആസക്തികളെ അതിജയിക്കുകയും അതിനെതിരിൽ ഉജ്ജ്വലവിജയം കൈവരിക്കുകയും ചെയ്തതിൽ ഒതുങ്ങിനിൽക്കുന്നില്ല. പ്രത്യുത, അവൻ ദൈവത്തിന്റെയും അവന്റെ സൃഷ്ടികളുടെയും അമാനത്തുകളും (അഥവാ തന്നിൽ അർപ്പിതമായിട്ടുള്ള ചുമതലകളും) പ്രതിജ്ഞകളും അവയുടെ സകല വശങ്ങളിലൂടെയും പാലിച്ചുകൊണ്ട് ''**തഖ്‌വ**''യുടെ അത്യന്തം സൂക്ഷ്മമായ വഴികളിലൂടെ ചരിക്കാൻ ശ്രമിക്കുകയും കഴിവിന്റെ പരമാവധി ആ മാർഗം തന്നെ അവലംബിക്കുകയും ചെയ്യുന്നവനായിരിക്കും. ദൈവത്തോടുള്ള പ്രതിജ്ഞകൊണ്ട് വിവക്ഷ, ബഹുദൈവാരാധന നടത്തില്ല, അന്യായമായി ആരെയും വധിക്കില്ല, തുടങ്ങി ബൈഅത്ത് വേളയിൽ വിശ്വാസി ഏറ്റുപറയുന്ന സത്യപ്രതിജ്ഞകളാണ്.

''റാഊൻ'' എന്ന പദത്തിന് "റിആയത്ത്" അഥവാ നിഷ്കർഷ പാലിക്കുന്നവൻ എന്നാണർഥം. അറബി വാക്യപ്രയോഗങ്ങളനുസരിച്ച് ഈ പദം ഉപയോഗിക്കപ്പെടുന്നത്, ഒരുവൻ തന്റെ കഴിവിനും പ്രാപ്തിക്കുമനുസരിച്ച് ഏതെങ്കിലും കാര്യത്തിന്റെ അതിസൂക്ഷ്മമായ മാർഗങ്ങളവലംബിച്ച് അതിൽ നിഗൂഢമായിട്ടുള്ള ഒരു വശത്തെയും വിട്ടുകളയാതെ പാലന നിഷ്ഠകാണിക്കുമ്പോഴാണ്. അപ്പോൾ ഉപര്യുക്ത സൂക്തത്തിന് ലഭിക്കുന്ന സാരം, അഞ്ചാം ഘട്ടം പ്രാപിക്കുന്ന വിശ്വാസി തന്റെ കഴിവിന്റെ പരമാവധി, തന്നിൽ നിക്ഷിപ്തമായ സർവത്ര കഴിവുകളും പ്രയോഗത്തിൽ കൊണ്ടുവന്ന് 'തഖ്‌വ'യുടെ അഗാധമായ വഴികളിലൂടെ സഞ്ചരിക്കുകയും അമാനത്തിന്റെയും പ്രതിജ്ഞകളുടെയും നേരിയ വശത്തെ പോലും അഗണ്യമായി തള്ളാതെ എല്ലാത്തിലും കൃത്യനിഷ്ഠ പാലിക്കുന്നതിൽ ബദ്ധശ്രദ്ധനായിരിക്കുകയും ചെയ്യുന്നവനാകുന്നു എന്നാണ്. അവൻ ഉപരിപ്ലവരീതിയിൽ വിശ്വസ്തനും പ്രതിജ്ഞാപാലകനുമായി സ്വയം ഗണിക്കുന്നതിൽ തൃപ്തിയടയുന്നില്ല. പ്രത്യുത, തന്നാൽ ഒരുതരത്തിലുള്ള വിശ്വാസധ്വംസനവും വന്നുപോകാതിരിക്കാൻ സദാ വ്യാകുലനായിരിക്കുകയും ആന്തരികമായി എന്തെങ്കിലും പോരായ്മയോ ന്യൂനതയോ വന്നുഭവിക്കാതിരിക്കാൻ തന്റെ കഴിവനുസരിച്ച് സർവ വിഷയങ്ങളിലും അതീവ ശ്രദ്ധയോടെ ചിന്തിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഇത്തരം ''റിആയത്തിന്റെ'' അഥവാ സൂക്ഷ്മാവധാനത്തിന്റെ മറ്റൊരു നാമം തന്നെയത്രെ "തഖ്‌വ".

ചുരുക്കത്തിൽ, ആത്മീയ അസ്തിത്വത്തിന്റെ അഞ്ചാംഘട്ടം പ്രാപിച്ച വിശ്വാസി, ദൈവവുമായോ അവന്റെ സൃഷ്ടികളുമായോ ബന്ധപ്പെട്ട തന്റെ എല്ലാ കർത്തവ്യ വിഷയങ്ങളിലും, സ്വച്ഛന്ദവും സ്വതന്ത്രവുമായ നയം സ്വീകരിക്കുന്നില്ല. മറിച്ച്, ദൈവദൃഷ്ടിയിൽ എന്തെങ്കിലും വിധത്തിലുള്ള അപരാധിയായിപ്പോകാതിരിക്കാൻ

ഭയപ്പാടോടുകൂടി തന്റെ എല്ലാ സൂക്ഷിപ്പുമുതലുകളുടെയും പ്രതിജ്ഞകളുടെയും സൂക്ഷ്മ തലങ്ങളിലോളം ദൃഷ്ടിപായിച്ചു കൊണ്ട് പരിശോധന നടത്തിക്കൊണ്ടിരിക്കുന്നു. അമാനത്തുകളും പ്രതിജ്ഞകളും പരിഗണിക്കുന്നതിൽ യാതൊരുവിധ പോരായ്മയും വന്നുപോകാതിരിക്കാൻ തഖ്വയുടെ ഭൂതക്കണ്ണാടിയിലൂടെ തന്റെ ആന്തരികാവസ്ഥകൾ സദാ നിരീക്ഷിച്ചുകൊണ്ടിരിക്കുന്നവൻ കൂടിയായിരിക്കും അവൻ. ദൈവം തന്നിൽ ഏൽപ്പിച്ചിരിക്കുന്ന സകല വിധ ശക്തികളും അവയവങ്ങളും പ്രാണൻ, സമ്പത്ത്, അന്തസ്സ് പോലുള്ള സൂക്ഷിപ്പുമുതലുകളഖിലതും അവൻ തന്നാലാകുംവിധം അതീവ ശ്രദ്ധയോടെ തഖ്വയെ മുൻനിർത്തി അതതിന്റെ ഔചിത്യ സ്ഥാനങ്ങളിൽ മാത്രം ഉപയോഗിക്കുന്നു. വിശ്വാസം സ്വീകരിക്കുമ്പോൾ ദൈവത്തോട് താൻ ഏറ്റുപറഞ്ഞ പ്രതിജ്ഞകൾ കഴിവിന്റെ ഉച്ചരാശിക്കനുസരിച്ച് പൂർണ സത്യസന്ധതയോടെയും ഏറ്റവും ഉത്തമരീതിയിലും പൂർത്തിയാക്കുന്നതിൽ അവൻ വ്യാപൃതനായിരിക്കും. അപ്രകാരംതന്നെ ദൈവ സൃഷ്ടികളുടെ കാര്യത്തിൽ തന്റെ ചുമതലയിലുള്ള അമാനത്തുകളോ അമാനത്തിന്റെ കൽപ്പനക്കു കീഴിൽ വരുന്ന മറ്റെന്തെങ്കിലും ഉത്തരവാദിത്തങ്ങളോ എല്ലാം പരമാവധി അനുഷ്ഠിക്കുന്നതിൽ അവൻ കണിശത പുലർത്തുന്നു. എന്തെങ്കിലും ഭിന്നതയുണ്ടായിട്ടുണ്ടെങ്കിൽ തഖ്വയെ മുൻനിർത്തിക്കൊണ്ട് തീരുമാനമെടുക്കുന്നു. തന്മൂലം തനിക്ക് നഷ്ടം അനുഭവിക്കേണ്ടി വന്നാലും ശരി.

തന്റെ ത്രാണിയുടെ പരമകാഷ്ഠ കൊണ്ട് കർമങ്ങളെല്ലാം തഖ്വയുടെ സൂക്ഷ്മവശങ്ങളെ കണക്കിലെടുത്തും, പൊതുവിൽ സമസ്ത മേഖലയിലും സാത്വികതയെ പരിഗണിച്ചും ചുവടുകൾ വെക്കേണ്ടിവരുന്ന കാരണത്താൽ ഈ ഘട്ടം നാലാം ഘട്ടത്തേക്കാൾ മഹത്വമർഹിക്കുന്നതാകുന്നു. വ്യഭിചാരത്തിൽനിന്നും ദുർവൃത്തികളിൽനിന്നും വിട്ടുനിൽക്കുന്നുവെന്നതാണ് നാലാംഘട്ടത്തിലെ ഏക വലിയ കാര്യം. പരസ്ത്രീ ഗമനം അങ്ങേയറ്റം നിർലജ്ജമായ പ്രവർത്തിയാണെന്നും, അതിന് കീഴ്പ്പെടുന്നവൻ കാമവികാരങ്ങൾക്ക് അന്ധമായി അടിമപ്പെട്ടു കൊണ്ട് മനുഷ്യന്റെ ഹലാലായ പരമ്പരയിൽ ഹറാമിനെ കലർത്തി തന്റെ വംശത്തിനു കളങ്കം ചാർത്തുകയാണെന്നും ഏവർക്കും ഗ്രഹിക്കാവുന്ന സംഗതിയാണ്. അതുകൊണ്ടുതന്നെയാണ് ശരീഅത്ത് അതിനെ കൊടും പാപമായി കണക്കാക്കിക്കൊണ്ട് ഈ ലോകത്തുതന്നെ അത്തരം മനുഷ്യന് ധർമശാസ്ത്ര പരിധികൾ നിശ്ചയിച്ചത്. അപ്പോൾ വ്യഭിചാരത്തിൽനിന്ന് വിട്ടുനിൽക്കുക എന്നതുമാത്രം പൂർണമനുഷ്യനായിത്തീരാൻ പര്യാപ്തമായതല്ല. എന്തെന്നാൽ വ്യഭിചാരം അങ്ങേയറ്റം അക്രമികളും ലജ്ജകെട്ടവരുമായ ജനങ്ങളുടെ പ്രവൃത്തിയാകുന്നു. അതിനെ മൂഢനായ ഒരുവൻ പോലും കൊടും പാപമായി മനസ്സിലാക്കുന്നു. അങ്ങേയറ്റത്തെ വിശ്വാസഘാതകർക്കല്ലാതെ ആ ഉദ്യമത്തിനു മുതിരാനാകില്ല. അതിനെ ത്യജിച്ചുകളയുകയെന്നത് ഒരു സാധാരണ മാന്യതയത്രെ. ഒരുവിധ ധീരകൃത്യവുമല്ല. എന്നാൽ, തഖ്വയുടെ അതിസൂക്ഷ്മ വഴികളിലൂടെ സഞ്ചരിക്കുന്നതിലാണ് മനുഷ്യന്റെ സർവ്വവിധ ആത്മീയ രമണീയതയും കുടികൊള്ളുന്നത്. (അടിക്കുറിപ്പ് 1 )

തഖ്വയുടെ സൂക്ഷ്മമായ വഴികളിലൂടെയുള്ള സഞ്ചാരം തന്നെയാണ് ആത്മീയ സൗന്ദര്യത്തിന്റെ ഹൃദയഹാരിയായ ചിത്രവും രമണീയമായ വശ്യാലങ്കാരവും. ദൈവം തമ്പുരാന്റെ അമാനത്തുകളുടെയും വിശ്വാസപ്രതിജ്ഞകളുടെയും ഉച്ചസ്ഥായിലുള്ള പരിപാലനം,(അടിക്കുറിപ്പ് - 2) ആപാദചൂഡമുള്ള ശക്തികളും അവയവങ്ങളുമഖിലതും - അവയിൽ പ്രത്യക്ഷമായവയിൽ കണ്ണുകൾ, കാതുകൾ, കൈകൾ, കാലുകൾ തുടങ്ങിയവയും പരോക്ഷമായവയിൽ ഹൃദയം, ആന്തരികശക്തികൾ, ധാർമിക ഗുണങ്ങൾ തുടങ്ങിയവയും - തന്റെ പ്രാപ്തിയുടെ പരമകോടിയിൽ

*അടിക്കുറിപ്പ് 1 : ഉള്ളുരുക്കത്തോടെയുള്ള ഭയഭക്തിയുടെ അവസ്ഥയെ ഈമാന്റെ വൃക്ഷത്തിനു വേണ്ടിയുള്ള ബീജത്തോട് ഉപമിക്കാം. തുടർന്ന് വ്യർഥമായ വിഷയങ്ങൾ ഉപേക്ഷിക്കുമ്പോൾ ഈമാൻ അതിന്റെ മൃദുലമായ പച്ചത്തളിർ പുറത്തെടുക്കുന്നു. അനന്തരം തന്റെ ധനം സക്കാത്തായി നൽകപ്പെടുന്നതിലൂടെ ഈമാന്റെ ചെടിക്ക് അതിനെ ബലപ്പെടുത്തുന്ന ശാഖകൾ കൈവരുന്നു. പിന്നീട് ആത്മാവിന്റെ ദുരാസക്തികൾക്കെതിരിൽ പോരാടുമ്പോൾ ആ ശാഖകൾക്ക് കൂടുതൽ ശക്തിയും പ്രബലതയും കൈവരുമാറാകുന്നു. തുടർന്ന് തന്റെ പ്രതിജ്ഞകളുടെയും അമാനത്തുകളുടെയും സർവശാഖകളും കാത്തുസൂക്ഷിക്കുന്നതുവഴി ഈമാന്റെ വൃക്ഷം അതിന്റെ സുദൃഢമായ തായ്ത്തടിക്കുമേൽ നിവർന്നുനിൽക്കുന്നു. തുടർന്ന് ഫലങ്ങൾ നൽകേണ്ട സമയമാകുമ്പോൾ ഒരു അനുഗൃഹീത ശക്തി അതിനുമേൽ വന്നിറങ്ങുമാറാകുന്നു. എന്തെന്നാൽ ആ ശക്തി വരുന്നതിനുമുമ്പ് വൃക്ഷത്തിനു കായ്ക്കുവാനോ പുഷ്പിക്കുവാനോ സാധിക്കില്ലായിരുന്നു. അതേ ശക്തിയെയാണ് ആത്മീയ ജനനത്തിന്റെ ആറാം ഘട്ടത്തിൽ ''**ഖൽഖൻ ആഖിർ**'' എന്നു വിളിക്കപ്പെടുന്നത്. ഇതേ ആറാം ഘട്ടത്തിലത്രെ മനുഷ്യന്റെ പരിപൂർത്തിയുടെ പുഷ്പങ്ങളും ഫലങ്ങളും പ്രത്യക്ഷമായിത്തുടങ്ങുന്നത്. അതായത്, മനുഷ്യവൃക്ഷത്തിന്റെ ആത്മീയ ശാഖകൾ പൂർണമാകുന്നുവെന്ന് മാത്രമല്ല അത് ഫലങ്ങൾ നൽകാനും തുടങ്ങുന്നു.*

ഉൽകൃഷ്ടമായും സന്ദർഭൗചിത്യത്തോടെയും ഉപയോഗിക്കൽ, വിലക്കപ്പെട്ട എല്ലാ ചലനങ്ങളിൽ നിന്നും അവയെ തടയൽ, അവയുടെ ഗോപ്യമായ ആക്രമണങ്ങളിൽ നിന്ന് ജാഗരൂകനായിരിക്കൽ; അതോടൊപ്പം ദൈവസൃഷ്ടികളുടെ കടമകളെയും യഥോചിതം പാലിക്കൽ ഇങ്ങനെയുള്ളൊരു ചര്യയുമായിട്ടത്രെ മനുഷ്യന്റെ സർവവിധ ആത്മീയ രമണീയതയും കോർത്തിണക്കപ്പെട്ടിട്ടുള്ളത്.

ദൈവം തന്റെ തിരുവചനങ്ങളിൽ **തഖ്‌വ**യെ ''**ലിബാസ്**'' അഥവാ ''വസ്ത്രം'' എന്നാണ് വിശേഷിപ്പിച്ചിരിക്കുന്നത്. വിശുദ്ധ ഖുർആനിലെ "**ലിബാസുത്തഖ്‌വ**" എന്ന വാക്യം വിരൽ ചൂണ്ടുന്നത്, ആത്മീയ സൗന്ദര്യവും ആത്മീയാലങ്കാരവും തഖ്‌വയിലൂടെയാണ് സംജാതമാകുന്നതെന്ന പരമാർത്ഥത്തിലേക്കാണ്. തഖ്‌വ എന്നത് മനുഷ്യൻ ദൈവത്തിന്റെയും സൃഷ്ടികളുടെയും അമാനത്തുകളും വിശ്വാസ പ്രതിജ്ഞകളും കഴിവിന്റെ പരമാവധി കൃത്യനിഷ്ഠയോടെ പാലിക്കുക എന്നതാകുന്നു. അതായത് അവയുടെ ഏറ്റവും സൂക്ഷ്മമായ വശങ്ങൾ പോലും ഉപേക്ഷിക്കാതെയുള്ള പരിഗണന.

ഇനി ഉപര്യുക്ത അഞ്ചാം ആത്മീയ ഘട്ടത്തോട് താദാത്മ്യം പുലർത്തുന്ന അഞ്ചാം ശാരീരിക ഘട്ടം പരിശോധിക്കാം. ഇതിനെ സംബന്ധിച്ച് വിശുദ്ധ ഖുർആൻ ഇപ്രകാരം അരുൾ ചെയ്യുന്നു: "**ഫകസൗനൽ ഇദ്വാമ ലഹ്മൻ**" അതായത്, 'അനന്തരം നാം അസ്ഥികൾക്കുമേൽ മാംസം പൊതിഞ്ഞു കൊണ്ട് ശാരീരിക സൃഷ്ടിസൗന്ദര്യം ഒരളവോളം വെളിപ്പെടുത്തി' ഇവിടെ ഒരാശ്ചര്യജനകമായ സാദൃശ്യം കുടികൊള്ളുന്നുണ്ട്. ദൈവം ഒരിടത്ത് തഖ്‌വയെ ആത്മീയപരമായ വസ്ത്രമായി നിർണയിച്ചുവല്ലോ. അപ്രകാരം (വസ്ത്രമെന്ന് തന്നെ വിവക്ഷയുള്ള) "**കിസ്‌വഃ**" എന്ന പദത്തിൽ നിന്ന് നിഷ്പന്നമായ "**കസൗന**" എന്ന ഉപര്യുക്ത സൂക്തത്തിൽ ഉപയോഗിക്കപ്പെട്ട പദവും, അസ്ഥികൾക്കുമേൽ ചുറ്റപ്പെട്ടിരിക്കുന്ന മാംസം അതിനെ അണിയിച്ചിരിക്കുന്ന ഒരുതരം വസ്ത്രം തന്നെയാണെന്ന വസ്തുതയാണ് വിളിച്ചോതുന്നത്. ആത്മീയ സൗന്ദര്യത്തിനായി "ലിബാസുത്തഖ്‌വ" അഥവാ "തഖ്‌വയുടെ വസ്ത്രം'' അണിയിക്കപ്പെടുന്നതുപോലെ ശാരീരിക സൗന്ദര്യത്തിന്റെ മാറ്റുകൂട്ടാനായി അസ്ഥികൾക്കുമേൽ ''കിസ്‌വഃ'' അഥവാ 'മാംസമാകുന്ന വസ്ത്രം' പൊതിയുകയുണ്ടായി. രണ്ടു പദങ്ങളുടെയും ഉദ്ദേശ്യം സൗന്ദര്യമാണെന്ന് വിശുദ്ധ ഖുർആന്റെ സ്പഷ്ടവാക്യം ഉച്ചൈസ്തരം പ്രസ്താവിക്കുന്നു. അതായത്, ഒരിടത്ത് 'ലിബാസ്' എന്നും മറ്റൊരിടത്ത് 'കിസ്‌വഃ' എന്നും ഉപയോഗിക്കപ്പെട്ട ഇരുപദങ്ങളുടെയും വിവക്ഷ അഭിന്നം തന്നെ. മനുഷ്യാത്മാവിൽനിന്ന് തഖ്‌വയാകുന്ന വസ്ത്രം നീക്കം ചെയ്യപ്പെട്ടെങ്കിൽ അവന്റെ ആത്മീയ വൈരൂപ്യം പ്രകടമായിത്തീരുന്നത് പോലെ യുക്തിജ്ഞനായ ദൈവം മനുഷ്യന്റെ അസ്ഥികൾക്കുമേൽ അണിയിച്ചിരിക്കുന്ന മാംസചർമങ്ങൾ അടർത്തിമാറ്റപ്പെട്ടാൽ മനുഷ്യശരീരം അങ്ങേയറ്റം വിരൂപവും ജുഗുപ്സിതവുമായിത്തീരുമല്ലോ. എന്നാൽ ആത്മീയവും ശാരീരികവുമായ അസ്തിത്വങ്ങളുടെ അഞ്ചാം ഘട്ടങ്ങൾ അവയുടെ രമണീയതയുടെ പരമകോടി പ്രാപിച്ചെന്ന് പറയാനാകില്ല. എന്തെന്നാൽ, അവയിൽ ഇപ്പോഴും "റൂഹ്" അഥവാ "ചൈതന്യത്തിന്റെ അനുഗ്രഹവർഷം" ഇറക്കപ്പെട്ടിട്ടില്ല. എത്രതന്നെ സുന്ദരനായ മനുഷ്യനായാലും അവൻ മൃതിയടയുകയും അവനിൽനിന്ന് ആത്മാവ് വേർപെടുകയും ചെയ്യുമ്പോൾ, അവന്റെ എല്ലാ അവയവങ്ങളും ആകാരങ്ങളും നിലനിൽക്കെ തന്നെ, ദൈവികശക്തി അവനനുഗ്രഹിച്ചു നൽകിയിരുന്ന സൗന്ദര്യത്തിൽ വ്യതിയാനം സംഭവിക്കുന്നുവെന്നത് സാക്ഷീകരിക്കപ്പെട്ടതും അനുഭവവേദ്യവുമായ വസ്തുതയാണ്. ഒരേയൊരു ആത്മാവിന്റെ വേർപാടിനാൽ മർത്ത്യശരീരമാകുന്ന ഭവനം വിജനമായിത്തീരുകയും അതിന്റെ താരുണ്യം നഷ്ടമാവുകയും ചെയ്യുന്നു. ആത്മീയ അസ്തിത്വത്തിലെ അഞ്ചാംഘട്ടത്തിന്റെ അവസ്ഥ ഇതിൽനിന്ന് വിഭിന്നമല്ലെന്നതും സാക്ഷീകരിക്കപ്പെട്ടതും അനുഭവവേദ്യവും തന്നെ. അതായത്, ആറാം ഘട്ടത്തിൽ ഒരു വിശ്വാസിയിൽ സംഭവിക്കുന്ന അസാധാരണ ശക്തിയും ജീവദായക ഉന്മേഷവും അന്തർവഹിക്കുന്ന ചൈതന്യത്തിന്റെ അനുഗ്രഹവർഷം ദൈവം തമ്പുരാന്റെ ഭാഗത്തുനിന്നും ഇറങ്ങാത്തിടത്തോളം ദൈവത്തിന്റെ അമാനത്തുകളിൽ നിഷ്കർഷ കാണിക്കുവാനും അവയെ യഥോചിതം ഉപയോഗിക്കുവാനും സത്യസന്ധതയോടെ വിശ്വാസപ്രതിജ്ഞകൾ പൂർത്തിയാക്കുവാനും, അതുപോലെ, സൃഷ്ടികളുടെ അവകാശങ്ങളും പ്രതിജ്ഞകളും നിറവേറാനും വേണ്ടിയുള്ള താരുണ്യപൂർണമായ ''തഖ്‌വ'' കരഗതമാകുന്നില്ല. ആ തഖ്‌വയുടെ മാഹാത്മ്യവും സൗന്ദര്യവും ഹൃദയങ്ങളെ വശീകരിക്കുന്നതും, അതിന്റെ ഓരോ ചലനവും അസാധാരണത്വത്തിന്റെയും ദൃഷ്ടാന്തങ്ങളുടെയും വർണം പൂണ്ടതുമത്രെ. തന്നെയുമല്ല, ആ ചൈതന്യമിറങ്ങുന്നതിനു മുമ്പുള്ള

*അടിക്കുറിപ്പ്-2: വിശ്വാസപ്രതിജ്ഞകൊണ്ട് വിവക്ഷിതം, മനുഷ്യൻ വിശ്വാസം സ്വീകരിക്കുകയും ബയ്അത്ത് ചെയ്യുകയും ചെയ്യുന്ന വേളയിൽ ഏറ്റുപറയുന്ന പ്രതിജ്ഞകളാണ്. അതായത്, ആരെയും വധിക്കുന്നതല്ല, മോഷണം നടത്തുന്നതല്ല, വ്യാജസാക്ഷ്യം വഹിക്കുന്നതല്ല, ദൈവവുമായി ആരെയും പങ്കുചേർക്കുന്നതല്ല, മുസൽമാനായിക്കൊണ്ടും നബിതിരുമേനി(സ) യെ പിൻപറ്റിക്കൊണ്ടും മരണം പുൽകുന്നതാണ് തുടങ്ങിയവ.*

തഖ്‌വയിൽ നാട്യത്തിന്റെയോ കൃത്രിമത്വത്തിന്റെയോ കലർപ്പുണ്ടായെന്നിരിക്കും. എന്തെന്നാൽ, അതിൽ ആത്മീയ സൗന്ദര്യത്തിന്റെ തരുണിമ വെളിപ്പെടുമാറാകാൻ കാരണഭൂതമാകുന്ന **"റൂഹ്"** ഇറങ്ങിയിട്ടില്ലതന്നെ. ആ ചൈതന്യശൂന്യമായ വിശ്വാസിയുടെ ചുവടുകൾ പരിപൂർണമായ നിലയിൽ നന്മകളിലേക്കാകാൻ തരമില്ലെന്നത് തികച്ചും പരമാർഥമത്രെ. പ്രത്യുത, ഒരു മൃതശരീരത്തിന്റെ ഏതെങ്കിലുമൊരവയവം കാറ്റിന്റെ ശക്തിയാൽ ചലിക്കുകയും കാറ്റ് നിശ്ചലമായാൽ പൂർവസ്ഥിതിയിലാവുകയും ചെയ്യുന്നതുപോലെ ആത്മീയ അസ്തിത്വത്തിന്റെ അഞ്ചാം ഘട്ടത്തിലുള്ളവരെ ദൈവകാരുണ്യത്തിന്റെ മാരുതൻ താൽക്കാലികമായി സുകൃതങ്ങളുടെ ഭാഗത്തേക്ക് ചലിപ്പിച്ചുകൊണ്ടിരിക്കുന്നു. തന്മൂലം തഖ്‌വയുടെ കർമങ്ങൾ അവരാൽ അനുഷ്ഠിക്കപ്പെടുന്നു. എങ്കിലും നന്മയുടെ ചൈതന്യത്താൽ അവരുടെ അന്തരംഗം ഇപ്പോഴും നിബിഢമായിട്ടില്ല. അതിനാൽ ''റൂഹ്'' പ്രവേശിച്ച ശേഷം പ്രശോഭിതമാകുന്ന ആ പൂർണസൗന്ദര്യാവസ്ഥ അവർക്ക് ഇപ്പോഴും അന്യമത്രെ.

ചുരുക്കത്തിൽ, ആത്മീയ അസ്തിത്വത്തിന്റെ അഞ്ചാം ഘട്ടം തഖ്‌വയുടെ സൗന്ദര്യത്തിന്റെ അപൂർണമായ ഒരവസ്ഥ ഉൾക്കൊള്ളുന്നുണ്ടെങ്കിലും ആത്മീയ അസ്തിത്വത്തിന്റെ സർവസമ്പൂർണമായ സൗന്ദര്യം ആറാം ഘട്ടത്തിൽ തന്നെയാണ് പ്രത്യക്ഷമാകുന്നത്. അതായത്, ദൈവം തമ്പുരാന്റെ സ്വന്തം സ്നേഹം ആത്മീയ അസ്തിത്വത്തിനായി ഒരു **"റൂഹ്"** പോലെയായിത്തീർന്നുകൊണ്ട് മനുഷ്യന്റെ ഹൃദയങ്ങളിൽ വന്നിറങ്ങുകയും, സർവവിധ ആത്മീയ ന്യൂനതകളെയും പരിഹരിക്കുകയും ചെയ്യുന്നു. ആ റൂഹ് ദൈവത്തിന്റെ ഭാഗത്തുനിന്ന് ഇറങ്ങാത്തിടത്തോളം കേവലം തന്റെ സ്വന്തം കഴിവുകളാൽ മനുഷ്യന് ഒരിക്കലും സമ്പൂർണനാകാൻ സാദ്ധ്യമല്ല. തദടിസ്ഥാനത്തിലാണ് ഹാഫിസ് ശീറാസി (റഹ്) പറഞ്ഞത്: **''മാബദാ മൻസിലെ ആലീ നതവാനീം റസീദ്; ഹാൻ മഗർ ലുത്ഫെ തു ചൂ പേശ് നഹദ് ഗാമേ ചന്ദ്''** (ഞങ്ങൾക്ക് നിന്റെ സർവശ്രേഷ്ഠ സവിധത്തിലേക്ക് ഒരിക്കലും എത്തിച്ചേരാൻ സാദ്ധ്യമല്ല. നീ നിന്റെ കാരുണ്യത്താൽ അല്പം ചുവടുകൾ മുന്നോട്ടുവന്ന് സ്വയം ഞങ്ങളെ നടത്തിച്ചാലല്ലാതെ)

## മരണവും നവീകരണവും

### ഹദ്ത്ത് അഹ്മദ്(അ)

മൂന്ന് വർഷം കൂടുമ്പോൾ മനുഷ്യ ശരീരം ക്ഷയിക്കുകയും അതിന്ന് പകരം പുതിയ ശരീരം ഉണ്ടായിത്തീരുകയും ചെയ്യുന്നു. ഒരു മനുഷ്യൻ രോഗപീഢയാൽ വളരെ ക്ഷീണിതനായി അസ്ഥിപഞ്ചരമാവുമ്പോൾ, അയാൾ ആരോഗ്യത്തിലേക്ക് തിരിച്ചു വരുന്ന അവസരത്തിൽ അയാളുടെ ശരീരം ക്രമേണ നവീകരിക്കപ്പെടുന്നു എന്നത് സുവിദമാണല്ലോ. ഇപ്രകാരം സദാസമയവും ശരീരത്തിലെ സൂക്ഷ്മ കോശങ്ങൾ ക്ഷയിക്കുകയും പുതിയവയാൽ നവീകരിക്കപ്പെടുകയും ചെയ്യുന്നു. അങ്ങനെ ശരീരം ഓരോ നിമിഷവും മരണം അനുഭവിക്കുകയും പുതുജീവൻ ആർജ്ജിക്കുകയും ചെയ്യുന്നു. ശരീരത്തെ പോലെ തന്നെ ആത്മാവും ഓരോ നിമിഷവും മരണം അനുഭവിക്കുകയും പുനരുജ്ജീവിപ്പിക്കപ്പെടുകയും ചെയ്യുന്നു. വ്യത്യാസം ഒന്നു മാത്രമാണുള്ളത്. ശരീരത്തിലുള്ള മാറ്റങ്ങൾ പ്രകടവും പ്രത്യക്ഷവുമാണ്. എന്നാൽ ആത്മാവ് മറഞ്ഞിരിക്കുന്നത് പോലെ അതിന്റെ മാറ്റവും മറഞ്ഞിരിക്കുന്നതാണ്. അതിന്റെ മാറ്റങ്ങൾ അവസാനിക്കാത്തതുമാണ്. വിശുദ്ധ ഖുർആൻ സൂചിപ്പിക്കുന്നത് ആത്മാവിന്റെ മാറ്റങ്ങൾ പരിധിയില്ലാത്തതും സ്വർഗ്ഗത്തിൽ പോലും തുടർന്നുകൊണ്ടിരിക്കുന്നതുമാണ്. അത് പുരോഗതിയുടെ സൂചകങ്ങളാണ്. ആത്മാവ് നിരന്തരം വളർച്ച അനുഭവിക്കുകയും ചെയ്യുന്നു. ഓരോ തുടർച്ചയും പഴയ നിലയിൽ നിന്നും ഒരു പാട് ദൂരം മുന്നോട്ടു പോയിട്ടുണ്ടായിരിക്കും. പഴയ അവസ്ഥ മരിച്ചതായി കാണപ്പെടുകയും ചെയ്യും. (ചശ്മെ മഅ്രിഫ- റൂഹാനി ഖസായിൻ, വാല്യ. 23. പേ. 167-68)

# വ്യാപാരം ബാംങ്കിങ്ങ്
# മൾട്ടീലെവൽ മാർക്കറ്റിംങ്ങ്

മനുഷ്യന്ന് ജീവിതായോധനത്തിന് അല്ലാഹു അനുവദിച്ച അനുഗൃഹീതമായ ഒരു ഉപജീവന മാർഗമാണ് വ്യാപാരം. ആധുനിക ലോകം പല വിധ സങ്കീർണമായ വ്യാപാരങ്ങളുടേയും പരീക്ഷണ വേദിയാണ്. നീതിയും സത്യവും മിതത്വവുമാണ് ഇസ്‌ലാം എവിടെയും ഉയർത്തിപ്പിടിക്കുന്ന തത്ത്വം. ഇസ്‌ലാം അനുവദിച്ച വ്യാപാരത്തെ പറ്റിയും വിരോധിച്ച അനഭിലഷണീ യമായ ധനസമ്പാദന മാർഗങ്ങളെ പറ്റിയുമുള്ള വിവരണം.

**എ. എം. മുഹമ്മദ് സലീം**

ഇസ്‌ലാം ജീവിത തിരസ്ക്കാരത്തിന്റെയോ ഭൗതിക നിഷേധങ്ങളുടെയോ മതമല്ല. ആത്മീയതയുടെ പേരിലുള്ള ജീവിത വിരക്തി ഇസ്‌ലാം അനുവദിക്കുന്നില്ല. ധാർമിക നിയമങ്ങൾ പാലിച്ചും സമീപനങ്ങളിൽ ഔചിത്യദീക്ഷ സ്വീകരിച്ചും ജീവിതം ആസ്വദിക്കാനും അനുഭവിക്കാനും അത് ആത്മീയ ജീവിതത്തിന്റെ ഭാഗമാക്കാനും ഇസ്‌ലാം വിശ്വാസികളെ അനുവദിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. ധനസമ്പാദനം മനുഷ്യന്റെ അടിസ്ഥാന പ്രചോദനങ്ങളിൽ ഒന്നാണ്. അതിനായി അല്ലാഹു നിർദ്ദേശിച്ച ഒരു മാർഗമാണ് വ്യാപാരം. മാത്രമല്ല ഇസ്‌ലാം വിദൂരനാടുകളിൽ പ്രചരിച്ചതും മനുഷ്യ നാഗരികത പുഷ്ടിപ്പെട്ടതും കച്ചവട യാത്രകളിലൂടെയാണ്. ഖുർആനും റസൂൽ തിരുമേനി(സ) യുടെ സുന്നത്തും വ്യാപാരം അനുവദനീയമായ ഒരു ധനസമ്പാദന മാർഗമാണെന്ന് പറയുന്നു.




ഇസ്‌ലാം മതത്തിന്റെ ഏറ്റവും ആധികാരിക മാതൃകയായ റസൂൽ തിരുമേനി (സ) തന്നെ ജീവിതായോധനത്തിനായി വ്യാപാരം ഒരു മാർഗമായി സ്വീകരിച്ച ഒരു മഹാത്മാവായിരുന്നു. വിശുദ്ധ ഖുർആൻ വ്യാപാരത്തെപറ്റി പ്രതിപാദിക്കാൻ രണ്ട് വാക്കുകളാണ് ഉപയോഗിച്ചിട്ടുള്ളത്. ഒന്ന് 'തിജാറ:' എന്നാണ്. 'താജിർ' എന്നാൽ കച്ചവടക്കാരൻ എന്നാണ് അർഥം. മറ്റൊരു പദം വിൽക്കുക വാങ്ങുക എന്നീ അർഥങ്ങളുള്ള 'ബൈഅ്' എന്ന പദമാണ്. ഇരു വശത്തു നിന്നും നീട്ടി പിടിച്ച കൈകൾ എന്നർഥമുള്ള 'ബാഇ' എന്ന ധാതുവിൽ നിന്നാണ് ബൈഅ: എന്ന പദത്തിന്റെ നിഷ്പത്തി. അതായത് കച്ചവടം ഉറപ്പിച്ചു കഴിഞ്ഞാൽ ഉഭയ കക്ഷികളും തമ്മിൽ കൈ കൊടുക്കുന്ന സമ്പ്രദായത്തിൽ നിന്നാണ് ബൈഅ: എന്ന് പദം ഉദ്ഭവിച്ചത്. ഖലീഫക്കും ജമാഅത്തിനും സ്വയം സമർപ്പിക്കുന്നു അഥവാ സ്വയം വിൽക്കുന്നു എന്ന അർഥത്തിൽ ഒരു ആത്മീയ ജീവിതക്രമത്തിലേക്ക് പ്രതിജ്ഞ ചെയ്ത് പ്രവേശി

ക്കുന്നതിന് ബൈഅത്ത് എന്ന് പറയുന്നത് അത്കൊണ്ടാണ്.

## വ്യാപാരത്തിന്റെ സ്വീകാര്യതയും പലിശയുടെ തിരസ്കാരവും

വ്യാപാരവും പലിശയിടപാടുകളും ധനസമ്പാദനത്തിന്റെ രണ്ട് വിപരീത മാർഗങ്ങളാണ്. രണ്ട് ധനസമ്പാദന മാർഗങ്ങളുടെ തത്വവും പ്രക്രിയയും അതുണ്ടാക്കുന്ന ഫലങ്ങളും വ്യത്യസ്തമാണ്. ഇസ്‌ലാം വ്യാപാരം അംഗീകരിക്കുകയും പലിശയെ നിരോധിക്കുകയുമാണ് ചെയ്തത്. പുരാതന കാലം മുതൽ പലിശയുടെ സാന്നിദ്ധ്യമുണ്ടായിരുന്നു. ഇസ്‌ലാം മതം മാത്രമല്ല ഹിന്ദു, ബുദ്ധ, ജൂത, ക്രിസ്തു മതഗ്രന്ഥങ്ങളിൽ പലിശക്കെതിരെ വ്യക്തമായ അധ്യാപനങ്ങൾ കാണാം. പക്ഷേ പല പൂർവ സമുദായങ്ങളും പിന്നീട് പലിശ ഇടപാടുകളിൽ വ്യാപൃതരായതിനെ വിശുദ്ധ ഖുർആൻ നിശിതമായി വിമർശിക്കുന്നുണ്ട്. പുരാതനകാലത്ത് ഗ്രീക്ക് ഫിലോസഫറായ പ്ലേറ്റോയും അരിസ്റ്റോട്ടിലും പലിശയെ എതിർത്തവരാണ്. പലിശയെ കർശനമായി നിയന്ത്രിക്കണമെന്നാണ് ആധുനിക സാമ്പത്തിക ശാസ്ത്രജ്ഞന്മാരുടെ അഭിപ്രായം. ആധുനികാലത്തെ പ്രഗല്ഭ സാമ്പത്തിക ശാസ്ത്രജ്ഞനായ ജെ.എം. കെയിൻസും അമർത്യാസെന്നും പലിശക്കെതിരാണ്. ഇപ്പോൾ ഒരു സമൂഹം എന്ന നിലക്ക് ശക്തമായ പലിശ വിരുദ്ധ നിലപാട് സ്വീകരിക്കുന്നത് മുസ്‌ലിം സമുദായം മാത്രമാണ്. വ്യാപാരത്തിൽ നിന്ന് ലഭിക്കുന്ന ലാഭവും ബാങ്കിങ്ങിൽ നിന്നും ലഭിക്കുന്ന പലിശയും, ഒരേരീതിയിലുള്ള സാമ്പത്തിക ആദായങ്ങളല്ല. അങ്ങനെ കണക്കാക്കുന്ന ഭൗതിക സാമ്പത്തിക ശാസ്ത്രജ്ഞന്മാർ ലാഭവും പലിശയും വേർതിച്ചു കാണുന്നില്ല. വ്യാപാരവും ബാങ്കിങ്ങും (പലിശ ഇടപാട്) അഥവാ പണം പണത്തെ പെരുപ്പിക്കുന്ന വിപണന രീതികളും പരസ്പരം വിരുദ്ധങ്ങളാണ്. ഒന്ന് മനുഷ്യ ജീവിതം സക്രിയമാക്കുന്ന സാമ്പത്തിക പ്രവർത്തനവും മറ്റേത് ഉത്തമർണൻ (കടം കൊടുക്കുന്നയാൾ) കടം വാങ്ങുന്നയാളെ (അധമർണൻ) ചൂഷണം ചെയ്യലുമാണ്. പലിശയുടെ തത്വമനുസരിച്ച് പ്രവർത്തിക്കുന്ന സാമ്പത്തിക പ്രവർത്തനങ്ങളുടെ വിപത്തുകളെപ്പറ്റി ഖുർആൻ അഗാധമായ ഉൾക്കാഴ്ച്ചയോടെ പതിനാല് സംവത്സരങ്ങൾക്ക് മുമ്പ് തന്നെ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. ഖുർആൻ പറയുന്നു:

***'പലിശമുതൽ ഭക്ഷിക്കുന്നവർ ഭ്രാന്താകുന്ന പിശാച് ശക്തമായ ആഘാതമേൽപ്പിച്ച ഒരുവൻ എഴുന്നേൽക്കുന്നത് പോലെയല്ലാതെ എഴുന്നേൽക്കുന്നതല്ല. അതിന് കാരണം വ്യാപാരം പലിശപോലെ തന്നെയാണെന്ന് അവർ പറയുന്നതത്രെ. എന്നാൽ അല്ലാഹു കച്ചവടം അനുവദനീയമാക്കുകയും പലിശ നിഷിദ്ധമാക്കുകയും ചെയ്തിരിക്കുന്നു. അത്കൊണ്ട് തന്റെ നാഥനിൽ നിന്നുള്ള ഉപദേശം തനിക്ക് വന്ന് കിട്ടുകയും എന്നിട്ട് ആർ വിരമിക്കുകയും ചെയ്യുന്നുവോ മുമ്പ് വാങ്ങിക്കഴിഞ്ഞത് അവനുള്ളത് തന്നെയാണ്. അവന്റെ കാര്യം അല്ലാഹുവിങ്കലാണ്. വല്ലവനും പലിശയിലേക്ക് മടങ്ങുകയാണെങ്കിൽ അവൻ നരകാവകാശിയതത്രെ. അവർ അതിൽ വസിച്ചുകൊണ്ടേ പോകും. (2:274)'*** പണം പണത്തെ പെരുപ്പിക്കുന്നത് പോലെയുള്ള പലിശയുടെ തത്വത്തിൽ പ്രവർത്തിക്കുന്ന സാമ്പത്തിക ഇടപാടുകളും അല്ലാഹുവിനോടുള്ള യുദ്ധപ്രഖ്യാപനമാണെന്ന് ഖുർആൻ പറയുന്നു. ***'വിശ്വസിച്ചവരെ നിങ്ങൾ സത്യവിശ്വാസികളാണെങ്കിൽ അല്ലാഹുവിനെ സൂക്ഷിക്കുകയും പലിശയിൽ നിന്ന് കിട്ടാൻ ബാക്കിയുള്ളത് വിട്ടുകളയുകയും ചെയ്യുക. നിങ്ങൾ അപ്രകാരം ചെയ്യുന്നില്ലെങ്കിൽ അല്ലാഹുവിൽ നിന്നുള്ള യുദ്ധത്തെ കുറിച്ച് ബോധവാന്മാരായിരിക്കുക.'(2:279,280)***

ധന സമ്പാദനത്തിൽ സാത്വിക വിശുദ്ധിയും സത്യസന്ധതയും ധാർമികതയും പാലിക്കണമെന്നത് വിശുദ്ധ ഖുർആന്റെ അനുശാസനമാണ്. ശുഐബ് നബി (അ) തന്റെ ജനതയുമായി നടത്തിയ ഒരു സംവാദം ഖുർആൻ ഇങ്ങനെ രേഖപ്പെടുത്തുന്നു:

***'നിങ്ങൾ വിശ്വാസികളാണെങ്കിൽ അല്ലാഹു നിങ്ങൾക്ക് ബാക്കിയാക്കിത്തരുന്ന ധനമാണ് നിങ്ങൾക്ക് ഉത്തമമായിട്ടുള്ളത്. ഞാൻ നിങ്ങളുടെ മേൽ ഒരു കാവൽക്കാരനല്ല. അവർ പറഞ്ഞു 'ഓ, ശുഐബ്, ഞങ്ങളുടെ പൂർവ പിതാക്കൾ ആരാധിച്ചുകൊണ്ടിരുന്നതിനെ ഞങ്ങൾ ഉപേക്ഷിക്കണമെന്നും അല്ലെങ്കിൽ ഞങ്ങളുടെ ധനത്തിൽ നിന്ന് ഞങ്ങൾ ഉദ്ദേശിക്കുന്ന വിധം പ്രവർത്തിക്കുന്നത് ഒഴിവാക്കണമെന്നും കൽപ്പിക്കുന്നത് നിന്റെ നമസ്ക്കാരമാണോ? (എങ്കിൽ) ഓ, നീയൊരു ശാന്തശീലനും സന്മാർഗകുതുകിയും തന്നെ.'(11: 87, 88).*** വാക്കുകളിൽ മയക്കിയുള്ള വഞ്ചനാപരമായ പ്രലോഭനങ്ങളും ചൂഷണാത്മകമായ ഇടപാടുകളും കച്ചവടത്തിൽ പാടില്ല. കച്ചവടത്തെ സാധുവും അസാധുവുമാക്കുന്നതെന്തെല്ലാമാണെന്ന് വിവരിക്കുന്ന നിരവധി നബി വചനങ്ങളുണ്ട്.

വ്യാപാരവും സമൂഹത്തിന് ഏറ്റവും ഗുണകരമായ ഒരു സാമ്പത്തിക പ്രവർത്തനമാണ്. പണത്തിന്റെ അടിസ്ഥാനത്തിൽ ചരക്കുകളുടേയും സേവനങ്ങളുടേയും ക്രയവിക്രയമാണ് വ്യാപാരം. ഈ ചരക്കുകളുടെയും സേവനങ്ങളുടെയും വില നിശ്ചയിക്കുകയും വ്യാപാരം നിയന്ത്രിക്കുകയും ചെയ്യുന്നത് കമ്പോള ശക്തികളാണ്. കമ്പോള ശക്തികളെ പറ്റി അൽപ്പം വിശദീകരിക്കാം. വിതരണവും (Supply) ആവശ്യവുമാണ് (Demand) മുഖ്യ കമ്പോള ശക്തികൾ. കമ്പോള

ത്തിൽ വിതരണലഭ്യത (സപ്ലൈ) കൂടുകയും അവശ്യം കുറയുകയും ചെയ്താൽ ചരക്കിനും സേവനത്തിനും വില കുറയും. നേർ വിപരീതമായി വിതരണം കുറയുകയും ആവശ്യം (ഡിമാന്റ്) കൂടുകയും ചെയ്താൽ വില കൂടുകയും ചെയ്യും. വ്യാപാര സംരഭകരൻ കമ്പോള ശക്തികളുടെ സൂക്ഷ്മമായ ചലനങ്ങളെക്കുറിച്ച് ജാഗരൂഗനായി നിന്ന് നഷ്ട സാദ്ധ്യതകളെ തരണം ചെയ്ത് സംഘടിപ്പിക്കുന്നതാണ് വ്യാപാരം. പല തടസ്സങ്ങളേയും വ്യാപാരി തരണം ചെയ്യേണ്ടതുണ്ട്. ഉൽപ്പാദകനും ഉപഭോക്താവും തമ്മിലുള്ള അറിയാതെ നിൽക്കുന്ന വ്യക്തി പരമായ തടസ്സം , സ്ഥലപരമായ തടസ്സം, ഗതാഗതത്തിലുണ്ടാവുന്ന തടസ്സം, അത്യാഹിതപരമായ തടസ്സം. സംഭരിച്ച് വിതരണം ചെയ്യുന്ന സമയ പരമായ തടസ്സം, ധനപരമായ തടസ്സം എന്നീ തടസ്സങ്ങളെല്ലാം തരണം ചെയ്യുന്നതിനാവശ്യമായ പ്രക്രിയകളുടെ സങ്കലനമാണ് വ്യാപാരം. ഇങ്ങനെ സംഘടിപ്പിക്കപ്പെടുന്ന വ്യാപാരത്തിൽ ലാഭവും നഷ്ടവും സ്വാഭാവികമാണ്. ആഘോഷ സീസണുകൾ, കാലാവസ്ഥ, ഋതുഭേദങ്ങൾ, ഭൂമിശാസ്ത്രം മുതലായ പ്രകൃതിശക്തികളും മനുഷ്യന്റെ ആവശ്യങ്ങൾ, അഭിരുചി, ഫാഷൻ, സംസ്ക്കാരം, ജീവിതശൈലി, മതം ധിഷണാബോധം മുതലായ മാനവീയമായ സമസ്തഭാവങ്ങളും കമ്പോള ശക്തികളെ സ്വാധീനിക്കുന്നു. മൂലധനം മുടക്കി ചരക്കുകളുടെ വിപണനം പ്രയാസകരവും നഷ്ടസാദ്ധ്യതകളുള്ളതുമാണ്. ചിലപ്പോൾ പണം മുടക്കി ചരക്ക് വാങ്ങി മാസങ്ങളോളം കച്ചവടമില്ലാതെ ചരക്ക് സ്ഥാപനങ്ങളിൽ കെട്ടികിടക്കേണ്ടി വരും. ലാഭവും നഷ്ടവും മുന്നിൽ കണ്ട് അദ്ധ്വാനവും മൂലധനവും ജനസേവന മാർഗത്തിൽ വിനിയോഗിക്കുന്ന സാമ്പത്തിക പ്രവർത്തനമാണ് വ്യാപാരം. ഇങ്ങനെ സമൂഹത്തെ ക്രിയാത്മകമാക്കുന്നത് കൊണ്ടാണ് കച്ചവടം ഒരു പുണ്യകർമമായി മാറുന്നത്.

വ്യാപാരത്തിന്റെ നൈസർഗിക സ്വഭാവം അനിശ്ചിതത്വമാണ്. ഒരു വ്യാപാരിയോ വ്യവസായിയോ തന്റെ ബിസിനസ്സ് ആരംഭിക്കാനുള്ള മൂലധനം നിശ്ചിതമായ പലിശക്ക് ബാങ്കിൽ നിന്ന് വാങ്ങുന്നു എന്നിരിക്കട്ടെ. നിശ്ചിതം എന്നാൽ വായ്പയെടുത്ത പണം സമയം കഴിയുന്തോറും അത് പലിശയും കൂട്ടു പലിശയുമായി നിശ്ചിത തോതിൽ അനന്തമായി വർധിക്കുന്നു എന്നാണർഥമാക്കുന്നത്. എന്നാൽ ഒരു സംരഭകൻ മൂലധനമിറക്കി ഉൽപ്പാദിപ്പിക്കുന്ന ഉൽപന്നത്തിന്റെ വിലയും ലാഭമായി അയാൾക്ക് ലഭിക്കുന്ന വരുമാനവും അനിശ്ചിതമാണ്. അത് കമ്പോള ശക്തികൾക്ക് വിധേയവും അനിശ്ചിതവുമാണ്. കച്ചവടമാർഗത്തിൽ പണം സർക്കുലേറ്റ് ചെയ്ത് വാങ്ങൽ വിൽക്കൽ നടക്കുമ്പോൾ അത് സമൂഹത്തെ സജീവവും ചലനാത്മകമാക്കുകയും ചെയ്യുന്നു. പലിശ അധമർണനെ അഥവാ കടം വാങ്ങിയവനെ ചൂഷണം ചെയ്യലും അതിൽപെട്ട പാവങ്ങളെ കണ്ണീര് കുടിപ്പിക്കുകയുമാണ് ചെയ്യുന്നത്. സമൂഹത്തിലെ അടിസ്ഥാന സാമ്പത്തിക വർഗമായ കർഷകർ കടക്കെണിയിലായി നിരന്തരം ആത്മഹത്യചെയ്യുന്ന ദുഃഖകരമായ വാർത്തകളാണ് നാം കേട്ടുകൊണ്ടിരിക്കുന്നത്. പ്രകൃതി ശക്തികൾക്ക് നേരിട്ട് വിധേയപ്പെട്ട് നിൽക്കുന്ന പാവപ്പെട്ട കർഷകന് ചൂഷണ തത്വങ്ങൾ ഒളിഞ്ഞിരിക്കുന്ന പലിശപ്പണം ഒരു പാഷാണമാണെന്ന് അറിയുന്നില്ല. ധന സമ്പാദനത്തിലും കച്ചവടത്തിലും പാലിക്കേണ്ട പ്രഖ്യാപിത തത്ത്വം വിശുദ്ധ ഖുർആൻ പറയുന്നു:

***'സത്യവിശ്വാസികളെ നിങ്ങൾ പരസ്പരം സംതൃപ്തിയോടുകൂടി നടത്തുന്ന കച്ചവടമിടപാട് മുഖേനയല്ലാതെ നിങ്ങളുടെ സ്വത്തുക്കൾ അന്യായമായി നിങ്ങൾ അന്യോന്യം എടുത്ത് തിന്നരുത്.' (അന്നിസാഅ്: 30)***

## പണവും പലിശയും

മനുഷ്യന്റെ സുപ്രധാന കണ്ടുപിടുത്തങ്ങളിലൊന്നാണ് പണം. സാധനങ്ങൾക്ക് പകരം സാധനങ്ങൾ കൈമാറ്റം ചെയ്തിരുന്ന ഒരു കാലമുണ്ടായിരുന്നു. അരി ഉദ്പാദിപ്പിക്കുന്നവന് തുണി വാങ്ങണമെങ്കിൽ അരിക്ക് പകരം തുണി കൈമാറ്റം ചെയ്യപ്പെടുന്ന കാലം. സാധന കൈമാറ്റ വ്യവസ്ഥ അഥവാ ബാർട്ടർ സിസ്റ്റം എന്നാണ് അത് അറിയപ്പെട്ടിരുന്നത്. ആളുകളുടെ ആവശ്യങ്ങൾ വർധിക്കുകയും സമൂഹത്തിന്റെ വികാസം വഴിമുട്ടുകയും ചെയ്തപ്പോൾ ഈ പ്രാചീന സാധന വിനിമയ വ്യവസ്ഥ പരിഷ്ക്കരിക്കപ്പെട്ടു. സാധനങ്ങളുടെയും സേവനങ്ങളുടേയും മൂല്യം സാർവത്രികമായി അളക്കാനും ശേഖരിച്ചു വെക്കാനും വിനിമയം ചെയ്യപ്പെടാനും ക്രയവിക്രയത്തിനും സമൂഹം ഗ്യാരന്റി നൽകി അംഗീകരിച്ച ഒരു മാധ്യമം കണ്ടുപിടിക്കപ്പെട്ടു. അതിനെയാണ് പണം എന്ന് പറയുന്നത്. വാസ്തവത്തിൽ പണമാണ് മനുഷ്യ സമൂഹത്തിന്റെ ഭൗതിക വികാസത്തെ മുന്നോട്ടുകൊണ്ടു പോകുന്നതിൽ മുഖ്യ പങ്ക് വഹിച്ചത്.

പണത്തിന് പല രൂപപരിണാമങ്ങളും ഉണ്ടായിട്ടുണ്ട്. ആദ്യരൂപം വിലകൂടിയ ലോഹങ്ങളായിരുന്നു. (Metal Money) പിന്നീട് കടലാസു പണമായി. (Paper Money) ഇപ്പോൾ ക്രെഡിറ്റ് കാർഡും ഡെബിറ്റ് കാർഡും ഉള്ള പ്ലാസ്റ്റിക്ക് മണി (Plastic Money) യായി വന്നിരിക്കുന്നു. പേപ്പർ കറൻസി അഥവാ കടലാസു പണമാണ് ഇപ്പോൾ വ്യാപകമായി ഉപയോഗിക്കപ്പെടുന്നത്. പണത്തിന്റെ ഏറ്റവും വലിയ പ്രത്യേകത അതിന്റെ ലിക്വിഡിറ്റിയാണ് (Liquidity) അഥവാ ദ്രവത്വം ആണ്. പണം നമുക്ക് ശേഖിച്ചു വെക്കാനും

വിൽക്കുകയും വാങ്ങുകയും ചെയ്യുന്ന വസ്തുക്കളുടെ മൂല്യം അളക്കാനും പണത്തിലൂടെ സാധനങ്ങൾ വിനിമയം ചെയ്യാനും സാധിക്കുന്നു. ഈ സൗകര്യത്തെയാണ് പണത്തിന്റെ ലിക്വിഡിറ്റി എന്ന് പറയുന്നത്. ചുരുക്കത്തിൽ സമൂഹത്തെ സേവിക്കാൻ മനുഷ്യൻ കണ്ടെത്തിയ മാദ്ധ്യമമാണ് പണം. മനുഷ്യ സമൂഹം ഭൗതിക പുരോഗതിയിലേക്ക് കുതിച്ചു ചാട്ടം നടത്തിയത് പണത്തിന്റെ കണ്ടുപിടുത്തത്തോടെയാണ്. പണത്തിന്റെ ഇത്തരം സൗകര്യം ഉപയോഗപ്പെടുത്തി പണം ശേഖരിച്ച് വെച്ച് അതിന് സമയത്തിന്റെയും അടിസ്ഥാനത്തിൽ നിരക്ക് നിശ്ചയിച്ച് പണം വായ്പായി കൊടുക്കുകയാണ് ബാങ്കുകളും പലിശ ഇടപാടുകാരനും ചെയ്യുന്നത്. ബാങ്കിൽ പണം നിക്ഷേപിച്ചവർ ഒറ്റയടിക്ക് പണം പിൻവലിക്കില്ല എന്ന കേവല വിശ്വാസത്തിലാണ് ബാങ്കുകൾ ആ പണം മറ്റുള്ളവർക്ക് പലിശക്ക് വായ്പയായി നൽകുന്നത്. സമൂഹം പണത്തിന് നൽകിയ സേവന മൂല്യവും ലിക്വിഡിറ്റിയും ബാങ്കുകൾ അധമർണന് (വായ്പ വാങ്ങുന്നവൻ) കടമായി നൽകി ചൂഷണം നടത്തുകയാണ് ചെയ്യുന്നത്. പണത്തിന് സ്വന്തമായി യാതൊരു മൂല്യവുമില്ല. അത് ചരക്കുകളുടെയും സേവനങ്ങളെയും അളക്കാനുള്ള ഒരു പ്രതീകം മാത്രമാണ്. പണം യഥാർഥ വസ്തുവല്ല. പണത്തിന് സേവന മൂല്യം മാത്രമാണുള്ളത്. പണം കൊണ്ട് പണത്തെ പെരുപ്പിക്കുകയാണ് പലിശക്കാർ ചെയ്യുന്നത്. പലിശക്കാരുടെ കൈയിലെത്തിയ പണത്തെ അവർ ഒരു ചരക്കിനെപ്പോലെ ചൂഷണ മാർഗത്തിൽ കച്ചവടത്തിന്റെ നിയമങ്ങൾക്ക് വിരുദ്ധമായി വിപണനം ചെയ്യുകയാണ്. നമ്മുടെ നിയന്ത്രണത്തിലല്ലാത്ത സമയം എന്ന ഘടകം കഴിയുന്തോറും കടംകൊടുത്ത പണം പലിശയും കൂട്ടുപലിശയുമായി വർധിച്ച് കടക്കാരന് ബാദ്ധ്യത വർധിക്കുന്നു. പലിശക്കാരന്റെ മൂലധനം അവന്റെ യാതൊരു ക്രിയാത്മകമായ പ്രവർത്തനവുമില്ലാതെ സമയ ക്രമമനുസരിച്ച് വർധിക്കുകയാണ്. വ്യാപാരവും അതിൽ നിന്ന് ലഭിക്കുന്ന ലാഭവും കമ്പോള ശക്തികളാലും പ്രകൃതി ശക്തികളാലും സ്വാധീനിക്കപ്പെടുന്നതും നിയന്ത്രിക്കപ്പെടുന്നതുമാണ്. അതിനാൽ ലാഭം ചാഞ്ചാട്ടങ്ങൾക്കും അനിശ്ചിതത്വത്തിനും വിധേയമാണ്. ഇവിടെ പലിശയുടെ നിശ്ചിതത്വവും സമയം കഴിയുന്തോറും പലിശയും കൂട്ടുപലിശയുമായുള്ള അതിന്റെ വർധനവും വ്യാപാരത്തിൽ നിന്നും ലഭിക്കുന്ന ലാഭത്തിന്റെ പ്രക്രിയകളും രീതികളുമായി പൊരുത്തപ്പെടുന്നവയല്ല. വ്യാപാരി തന്റെ സർഗ ശക്തിയും കായിക ശക്തിയും ബുദ്ധിശക്തിയും ഉപയോഗിച്ച് വ്യാപാരത്തിലൂടെ കമ്പോളത്തിൽ നിന്നും ലഭിക്കുന്ന ലാഭം അനിശ്ചിതമാണ്. പലിശയെപ്പോലെ സമയം എന്ന ഘടകം ഒന്നുകൊണ്ട് മാത്രം ലാഭം വർദ്ധിക്കുന്നില്ല. വ്യാപാരം ഒരു സ്വാഭാവികവും സക്രിയവുമായ മനുഷ്യ പ്രവർത്തനവുമാണ്. പലിശയാകട്ടെ കൃത്രിമവും ചൂഷണത്തിലധിഷ്ഠിതവുമാണ്. ഇന്ന് ലോകത്ത് കാണുന്ന സാമ്പത്തിക അന്തരങ്ങൾക്കും ദാരിദ്ര്യത്തിനും സമാധാന ഭംഗത്തിനും യുദ്ധങ്ങൾക്കും കാരണം പലിശയാണ്. അഹ്മദിയ്യാ ജമാഅത്തിന്റെ രണ്ടാം ഖലീഫ ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ) പലിശയുടെ ദൂരവ്യാപകമായ ഫലങ്ങളെക്കുറിച്ച് പറയുന്നു. ***'പലിശ വ്യവസ്ഥയിൽ കടമെടുപ്പിനുള്ള സാദ്ധ്യതയില്ലെങ്കിൽ ഏതാനും കൊല്ലങ്ങൾക്ക് മുമ്പ് ലോകം കണ്ട തരത്തിലുള്ള ഭയാനകമായ ഒരു യുദ്ധത്തിന് തയ്യാറെടുക്കാൻ ഒരു ഗവൺമെന്റും ധൈര്യപ്പെടുമെന്ന് എനിക്ക് തോന്നുന്നില്ല. യുദ്ധത്തിലേർപ്പെട്ട ഓരോ രാഷ്ട്രത്തിനും സഹിക്കേണ്ടി വന്ന വമ്പിച്ച ചിലവ് അതാത് രാജ്യങ്ങളിലെ ജനങ്ങൾ നേരിട്ട് വഹിക്കേണ്ടി വന്നിരുന്നുവെങ്കിൽ ദുർവഹമായ ഈ സാമ്പത്തിക ഭാരംപേറാൻ ഒരു രാജ്യവും ഒരുങ്ങുമായിരുന്നില്ല........ പലിശ നിരോധിക്കുകയെന്നത് മാത്രമാണ് യുദ്ധം അവസാനിപ്പിക്കാനുള്ള ഒരേയൊരു മാർഗം. പലിശ യുദ്ധത്തിലേക്ക് നയിക്കുന്നു എന്ന് വിശുദ്ധ ഖുർആൻ പറയുന്നു.'*** *(Ahamdiyyath Or The True Islam- Hadrath Mirza Basheeruddin Mahmood Ahmed)* ഇത് നമുക്ക് നമ്മുടെ കണ്ണുകൾ കൊണ്ട് തന്നെ നോക്കി കാണാൻ കഴിയുന്നു. മനുഷ്യ സമൂഹത്തെ സമഗ്രമായി ഗ്രസിച്ച പലിശയുടെ വിപത്തിനെക്കുറിച്ച് ഇവിടെ വിശദീകരിക്കുന്നില്ല. **അത്കൊണ്ടാണ് ഖുർആൻ പറയുന്നത്:**

***'അല്ലാഹു കച്ചവടം അനുവദനീയമാക്കുകയും പലിശ നിഷിദ്ധമാക്കുകയും ചെയ്തിരിക്കുന്നു'*** **എന്ന്.**

**പലിശയെ അടിസ്ഥാനമാക്കിയുള്ള ബാങ്കിങ്ങിന് പകരം ഇസ്‌ലാമിക തത്വങ്ങളനുസരിച്ചുള്ള ഇസ്‌ലാമിക് ബാങ്കിങ്ങ് മുസ്‌ലിം രാജ്യങ്ങളിലും യൂറോപ്പിലും അമേരിക്കയിലും വൻ വിജയ മാതൃകകൾ സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. അവ വെറും വായ്പ കൊടുക്കുന്ന ധനകാര്യസ്ഥാപനങ്ങളല്ല. ആധുനിക കാലത്തെ ഓഹരി വിപണികൾ പോലെ ലാഭവും നഷ്ടവും സഹിക്കുന്ന ഇക്വിറ്റി ഷെയറുകളിലൂടെയാണ് ഇസ്‌ലാമിക് ബാങ്ക് മൂലധനം സംഭരിക്കുന്നത്. ലാഭനഷ്ടങ്ങളിൽ പങ്കാളിയാവുമെന്ന വ്യവസ്ഥയോടെ ശേഖരിച്ച് ആ പണം ഇസ്‌ലാമിക് ബാങ്ക് ബിസിനസ്സുകളിൽ നിക്ഷേപിക്കുന്നു. സംരഭകന് ബാങ്ക് പണം നൽകുക മാത്രമല്ല പങ്കാളി എന്ന നിലക്ക് വ്യാപാരം ബാങ്കിന്റെ തന്നെ കർശനവും നിരന്തരവുമായ മേൽനോട്ടത്തിനും പങ്കാളിത്തത്തിനും ഓഡിറ്റിങ്ങിനും കീഴിലായിരിക്കും. ഇത് ധന നഷ്ടവും സാമ്പത്തിക ധൂർത്തും വകമാറ്റി ചിലവാക്കലും ഇല്ലാതാ**

ക്കും.

**മറ്റൊരു സുപ്രധാനമായ കാര്യം വ്യാപാരത്തിലൂടെ മൂലധനം കുന്നുകൂടി മുതലാളിത്തവും കുത്തക മുതലാളിത്തവും അത് മൾട്ടീനാഷണൽ കോർപറേറ്റുകളായും നിർബാധം വളരാൻ ഇസ്‌ലാം അനുവദിക്കുന്നില്ല. ഏതൊരു സോഷ്യലിസ്റ്റ് ഭരണവും ജീവിത വ്യവസ്ഥയും ധൈര്യപ്പെടാത്ത വിധം മുതലാത്തത്തിന്റെ നട്ടെല്ലായ മൂലധനത്തിൽ തന്നെ നികുതി ചുമത്തിക്കൊണ്ട് ഇസ്‌ലാം സക്കാത്ത് വ്യവസ്ഥ നിർബന്ധമാക്കിയിരിക്കുന്നത്. സക്കാത്തിലൂടെ മൂലധനം കുന്നുകൂടലും കുത്തക മുതലാളിത്തവും ഇസ്‌ലാം തടയുന്നു. സമ്പത്ത് സമൂഹത്തിൽ പരന്നൊഴുകി ദാരിദ്ര്യം ഇല്ലാതാക്കാനും ക്ഷേമം സൃഷ്ടിക്കാനും ഇസ്‌ലാമിന് കഴിയും. ഖുർആൻ പറയുന്നു.**

***'ധനം നിങ്ങളിൽ നിന്നുള്ള ധനികന്മാർക്കിടയിൽ മാത്രം കൈമാറ്റം ചെയ്യപ്പെടുന്ന വസ്തുവാകാതിരിക്കാൻ വേണ്ടിയാണിത്' (അൽ ഹശ്ർ 59:8)***

**കേരള സർക്കാരും ഇസ്‌ലാമിക് ബാങ്കിങ്ങ് രീതിയിൽ ഒരു ധന കാര്യസ്ഥാപനം തുടങ്ങാനുള്ള ശ്രമത്തിലാണ്. ഇത് പലിശവിമുക്തമായ സമ്പദ് ഘടന തികച്ചും പ്രായോഗികമാണെന്ന് കേരളസർക്കാരും മനസ്സിലാക്കിയിരിക്കുന്നു. ഇസ്‌ലാം എന്ന പേരുള്ളത്കൊണ്ട് പല കോണുകകളിൽനിന്നും അനുഗൃഹീതമായിതീരാവുന്ന ഈ സാമ്പത്തിക സംവിധാനത്തെ മുൻവിധിയോടെ പലരും എതിർക്കുകയാണ്. പക്ഷേ സത്യസന്ധവും ഊർജ്ജസ്വലവുമായ മാനേജ്മെന്റാണ് ഇസ്‌ലാമിക് ബാങ്കിന്റെ വിജയരഹസ്യം. സർക്കാർ ഉടമസ്ഥതയിൽ അത് എത്രമാത്രം വിജയിക്കുമെന്ന് കണ്ടറിയണം. ഏതായാലും പലിശ നാശവും വ്യാപാരം അതിൽ നിന്നും ലഭിക്കുന്ന സക്കാത്തും ഐശ്വര്യവുമാണ്. അല്ലാഹു ഖുർആനിൽ പറയുന്നു:**

***'അല്ലാഹു പലിശയെ നശിപ്പിക്കുകയും ദാനധർമങ്ങളെ പോഷിപ്പിക്കുകയും ചെയ്യുന്നു.'*** *(2:277)*

### മൾട്ടീ ലെവൽ മാർക്കറ്റിംങ്ങ്

സാധാരണ പരമ്പരാഗത കച്ചവട രീതിയിൽ നിന്ന് ഭിന്നമായി ഒരു പ്രത്യേകതരം വിപണന രീതിയാണ് മൾട്ടിലെവൽ മാർക്കറ്റിംങ്ങ് (Multi Level Marketing - **MLM**). നെറ്റ് വർക്കിംങ്ങ് മാർക്കറ്റിംങ്ങ് (Network Marketing), റെഫറൽ മാർക്കറ്റിംങ്ങ് (Referral Marketing), പിരമിഡ് സെല്ലിംങ്ങ് (Pyramid Selling) തുടങ്ങിയ പല പേരുകളിലും ഇത് അറിയപ്പെടുന്നു. മണിചെയിൻ തട്ടിപ്പിന്റെ രീതിയിൽ പണം മുകൾ തട്ടിലേക്ക് പമ്പ് ചെയ്യുന്നതിലാണ് **MLM** പ്രധാനമായും ശ്രദ്ധിക്കുന്നത്. ചില ഉൽപ്പന്നങ്ങളുടെയും സേവനങ്ങളുടെയും വിപണനം അതിന്നുള്ള ഒരു മറ മാത്രമാണ്. **MLM** ശൃഖലയിലേക്ക് ആദ്യം കണ്ണിചേർന്ന മേലെ തട്ടിലുള്ളവർക്ക് പിന്നീട് കണ്ണിചേർക്കപ്പെട്ട താഴെതട്ടിൽ നിന്നുള്ളവരിൽ നിന്നും പണം മുകളിലേക്ക് ഒഴുകുകയാണ് ചെയ്യുന്നത്. **MLM** അംഗത്തിന്ന് അവരുടെ ഉൽപന്നങ്ങൾ വിൽപ്പന നടത്തുന്നതിലൂടെ ലഭിക്കുന്നത് കുറഞ്ഞ ലാഭമായിരിക്കും. അത് കൂടാതെ ആളുകളെ വൻ തുക വാങ്ങി കണ്ണിചേർക്കുന്നത് മുഖേനയാണ് കൂടുതൽ ധനം സമാഹരിക്കപ്പെടുന്നത്. ആളുകൾ ധരിക്കുക വ്യാപാരത്തിൽ നിന്നും ലഭിക്കുന്ന ലാഭമെന്നായിരിക്കും. കണ്ണിചേർത്തയാൾ വീണ്ടും മറ്റൊരാളെ കണ്ണിചേർക്കുന്നു. അയാൾ കണ്ണിചേർത്തയാളിൽ നിന്നും വീണ്ടും പ്രതിഫലതുകയുടെ ഒരു അംശം മുകളിലെ തട്ടിലുള്ളയാൾക്ക് ലഭിക്കുന്നു. ഇങ്ങനെ പല തട്ടുകളിൽനിന്നും ആദായം ലഭിക്കുന്നത്കൊണ്ടാണ് ഇത് മൾട്ടീ ലെവൽ മാർക്കറ്റിംങ്ങ് എന്ന് അറിയപ്പെടുന്നത്. അവർ പല പ്രലോഭനങ്ങളും നൽകി **MLM** ശൃംഖലയിലേക്ക് ആളെ ചേർത്ത് പണം മുകൾ തട്ടിലേക്ക് സർക്കുലേറ്റ് ചെയ്യുന്നു. അവർ ചെയ്യുന്ന കച്ചവടത്തിൽ ചരക്കുകൾക്കോ ഉൽപന്നങ്ങൾക്കോ അതിന്റെ വിപണനത്തിന്നോ വലിയ പ്രാധാന്യമില്ല. ആളെ കണ്ണിചേർത്ത് പണം സമാഹരിക്കുന്ന കാര്യങ്ങളാണ് **MLM** മീറ്റിംങ്ങുകളിൽ പ്രധാനമായും ചർച്ചചെയ്യുക. മറ്റുള്ളവരെ പ്രലോഭിപ്പിക്കാൻ അങ്ങനെ ആളെ ചേർത്ത് വിജയിച്ച വരുടെ പ്രദർശനവും അവർക്ക് ലഭിച്ച സൗഭാഗ്യങ്ങളുടെ അതിവർണനകളുമാണ് പ്രധാനമായും ഇത്തരം മീറ്റുങ്ങുകളിലെ പ്രധാന അജണ്ട. ഇത് വളരെ മനശാസ്ത്രപരമായ ഒരു **MLM** പ്രചാരണ തന്ത്രമാണ്. പലപ്പോഴും രസത്തിനും എന്റർടെയിൻമെന്റിനും മറ്റു ചില ചേരുവകളും ഇത്തരം **MLM** മീറ്റിംങ്ങുകളിൽ ഉണ്ടാവും. വാചകമടി ശേഷിയും മറ്റുള്ളവരെ വശീകരിക്കാൻ കഴിവുള്ളവരുമാണ് ഈ രംഗത്ത് വിജയിക്കുക. പരിചയക്കാരും ബന്ധുക്കളുമാണ് **MLM** ശൃംഖലയിലേക്ക് ആദ്യം ഇരയാക്കപ്പെടുത്.

പണം പണത്തെ പെരുപ്പിക്കുന്ന പലിശയുടെ ചില തത്വങ്ങളുമായി സാമ്യതയുള്ളതുകൊണ്ടാണ് മുസ്‌ലിം ലോകം **MLM** നെ നിരാകരിക്കുന്നത്. താഴെ തട്ടിലുള്ളവനെ ചൂഷണം ചെയ്ത് മേലെ തട്ടിലുള്ളവൻ ധനികനാവുന്ന നഗ്നമായ ചൂഷണവും **MLM** ന്റെ പ്രത്യേകതയാണ്. പല മതേതര ഗവൺമെന്റുകളും മൾട്ടീ ലെവൽ മാർക്കറ്റിംങ്ങിന്റെ വിപത്തുകളും അപകടവും തിരിച്ചറിഞ്ഞ് അതിനെതിരെ കർശനമായ നടപടികളും നിയന്ത്രണങ്ങളും എടുക്കാറുണ്ട്. മൾട്ടീ ലെവൽ കമ്പനികൾ എല്ലാ രാജ്യങ്ങളിലും നിരന്തരം നിയമക്കുരുക്കിലും പലവിധ ശിക്ഷാ നടപടികൾക്കും വിധേയമായികൊണ്ടിരിക്കുകയാണ്. കേവലം പണത്തിന്റെ തന്നെ ചംക്രമണമാണ് മൾട്ടീലെവൽ മാർക്കറ്റിംങ്ങ്. ഈ ആക്ഷേപം വരാതിരിക്കാൻ പേരിന് ഏതെങ്കിലും ഒരു ഉൽപന്നത്തിന്റേ

യോ സേവനത്തിന്റേയോ വിപണനമാണ് ഇതെന്ന് വ്യാജേനയാണ് പണത്തിന്റെ റോളിംങ്ങ് ഇവിടെ നടക്കുന്നത്.

വിൽക്കുന്ന വസ്തുക്കളാകട്ടെ യഥാർഥ മൂല്യത്തിന്റെ എത്രയോ ഇരട്ടി വിലക്ക് മാർക്കറ്റിൽ പ്രചാരത്തിലില്ലാത്ത ഉൽപന്നങ്ങൾ വിൽക്കലാണ് പലപ്പോഴും **MLM**ന്റെ വിപണന രീതി. അല്ലെങ്കിൽ സാധാരണ ഗതിയിൽ ഉപയോഗിക്കാൻ സാധ്യതയില്ലാത്ത പല സേവനങ്ങളും വാഗ്ദാനം ചെയ്യുന്നു. ഉപഭോക്താവിനെ തന്നെ ഉൽപന്നത്തിന്റെയോ വാഗ്ദാനം ചെയ്യുന്ന സേവനത്തിന്റേയോ ഡിസ്ട്രിബ്യൂട്ടറോ പ്രചാരകനോ ആക്കി **MLM** മാറ്റുന്നു. വാങ്ങിയ വസ്തുവിന്ന് അയാൾ മുടക്കിയ വലിയ തുക മുതലാക്കാൻ മറ്റൊരു ഉപഭോക്താവിനെ കണ്ടെത്തി ഇരയാക്കാൻ കണ്ണിചേർന്ന ആൾ നിർബന്ധിതനാകുന്നു. യഥാർഥത്തിൽ ആ വൻ തുകയുടെ കൈമാറ്റമാണ് **MLM**ൽ നടക്കുന്നത്. അയാർഥമാണ് അവരുടെ വാഗ്ദാനങ്ങൾ.

പണ്ട് ചതുരംഗക്കളിയിൽ പലരേയും തോൽപ്പിച്ച രാജാവ് ചതുരംഗത്തിൽ വിദഗ്ധനും ബുദ്ധിമാനുമായ ഒരു ദരിദ്രനുമായി വാതുവെച്ച് രാജ്യം നഷ്ടപ്പെട്ടു പോയ കഥയുണ്ട്. ദരിദ്രൻ തോറ്റാൽ ഒന്നും തരേണ്ടെന്നും രാജാവ് കളിയിൽ തോൽക്കുകയും ദരിദ്രൻ ജയിക്കുകയും ചെയ്താൽ രാജ്യത്തിന്റെ പകുതി നൽകാമെന്നും വീമ്പിളക്കി. ദരിദ്രൻ ആ വാഗ്ദാനം നിരസിച്ചു. പകരം വെച്ച ആവശ്യം വളരെ ലളിതമായിരുന്നു. ചതുരംഗ പലകയിൽ 64 കളങ്ങളുണ്ട്. ദരിദ്രൻ ജയിച്ചാൽ സമ്മാനമായി 64 ദിവസവും ദരിദ്രന് അരി നൽകണം. ഒന്നാമത്തെ ദിവസം ഒരു ചാക്ക് രണ്ടാമത്തെ ദി അവസം രണ്ട് ചാക്ക് മൂന്നാം ദിവസം നാല് ചാക്ക് ആവശ്യം നിസ്സാരമായിക്കണ്ട് രാജാവ് സമ്മതിച്ചു. രാജാവ് കളിയിൽ തോറ്റു. അരി കൊടുക്കാൻ തുടങ്ങി 1,2,4,8,16.....ഈ ക്രമത്തിൽ പത്താം ദിവസം 512 ചാക്കും ഇരുപതാം ദിവസം 16777216 ചാക്കും !!! ഇങ്ങനെ പോയാൽ 64 ദിവസം രാജാവ് എത്ര അരിയാണ് കൊടുക്കേണ്ടി വരിക? ഇപ്രകാരം സാധാരണക്കാരന്റെ സ്വപ്നങ്ങൾക്ക് നിറം നൽകിയും അവന് പ്രലോഭനങ്ങൾ നൽകിയുമാണ് **MLM** വ്യാപാരം മുന്നോട്ട് പോകുന്നത്.

ഉദാഹരണത്തിന്ന് ഒരു **MLM** കമ്പനിയിൽ 15 ആളുകളുള്ള് ഒരു പ്രദേശത്ത് 1,2,4 8 എന്ന ക്രമത്തിൽ **MLM** കമ്പനിയിൽ കണ്ണികളായി എന്ന് സങ്കൽപ്പിക്കുക ഒരാളിൽ നിന്നും കമ്പനി 7000 രൂപ ഈടാക്കുകയാണെങ്കിൽ കമ്പനിക്ക് 105,000 രൂപ ലഭിക്കും ഈ പിരമിഡിൽ ഒന്നാമത്തെ കണ്ണിക്ക് മാത്രമേ മുടക്കിയ കാശ് ലഭിക്കുകയുള്ളൂ. ഇതിൽ 8 പേർ ഏറ്റവും താഴെയാണ് ഉള്ളത്. ഇവർക്ക് മുടക്കിയ പണം ലഭിക്കണമെങ്കിൽ അവരുടെ താഴെ 12 ആളുകൾ കൂടി കൃത്യമായി വന്നുചേരണം. അപ്പോൾ നെറ്റ് വർക്കിൽ ആകെ 127 പേരുണ്ടാകും. ഇതിൽ ഏഴ് പേർക്ക് മാത്രമേ ലാഭം ലഭിക്കുകയുള്ളൂ. അതായത് 5.51 % പേർക്ക് മാത്രം. ബാക്കി 94.49 % പേർക്കും ലാഭമില്ലെന്ന് മാത്രമല്ല 112 ആളുകൾ (88.9%)മുടക്കിയ കാശ് പോലും ലഭിക്കുകയില്ല. അതായത് താഴെയുള്ള ലക്ഷക്കണക്കിന് ആളുകളുടെ നഷ്ടത്തിൽ നിന്ന് മുകളിലെ വിരലിലെണ്ണാവുന്നവർക്ക് ലാഭം നൽകുന്ന ഘടനയാണിതിനുള്ളത്. ചുരുക്കത്തിൽ ലാഭത്തിലും നഷ്ടത്തിലുമുള്ള പങ്കാളിത്തം എന്ന ഇസ്‌ലാമിക വ്യാപാര തത്ത്വം ഇവിടെ നടപ്പാകുന്നില്ല. താഴെ തട്ടിലുള്ള അധികം പേർക്കും നഷ്ടമല്ലാതെ മറ്റൊന്നും ലഭിക്കില്ല.

നിയമക്കുരുക്കിൽ നിന്നും ആക്ഷേപങ്ങളിൽ നിന്നും രക്ഷപ്പെടാനും കച്ചവടം പോലെയാണ് മൾട്ടീ ലെവൽ മാർക്കറ്റിംങ്ങ് എന്ന് അതിൽ കണ്ണി ചേർക്കപ്പെടുന്നവരെ ധരിപ്പിക്കാനും അവർ ചില ഉൽപന്നങ്ങൾ വിപണനം ചെയ്യുന്നു. ഉൽപ്പന്നങ്ങളാകട്ടെ നമുക്ക് പൊതുമാർക്കറ്റിൽ വാങ്ങാൻ കിട്ടാത്ത കോസ്മെറ്റിക്ക് വസ്തുക്കളും ഹെൽത്ത് പ്രൊഡക്റ്റുകളും ഫുഡ് സപ്ലിമെന്റുകളും ക്ലീനിംങ്ങ് ലോഷനുകളുമൊക്കെയാണ്. അമേരിക്ക അടിസ്ഥാനമാക്കിയുള്ള **MLM** കമ്പനിയായ ആംവേ **(AMWAY)** യുടെ ആരോഗ്യ ഉൽപ്പന്നങ്ങളുടെ വ്യാജ അവകാശ വാദങ്ങളുടെ പേരിൽ ഉത്തർപ്രദേശ് കോടതി പിഴ ചുമത്തിയത് വാർത്തയായിരുന്നു. ഇന്ത്യയടക്കം 108 രാജ്യങ്ങളിൽ ശാഖകളുള്ള പടുകൂറ്റൻ ബഹുരാഷ്ട്ര മൾട്ടീ ലെവൽ മാർക്കറ്റിംങ്ങ് കമ്പനിയാണ് 17000 സ്റ്റാഫുള്ള ആംവേ. അവരുടെ രജിസട്രേഡ് ഡിസ്ട്രിബ്യൂട്ടർമാരുടെ എണ്ണം വെളിപ്പെടുത്തിയിട്ടില്ല. 30 ലക്ഷത്തിനും 40 ലക്ഷത്തിനും മദ്ധ്യേ വരുമെന്ന് കണക്കാക്കപ്പെടുന്നു.

ചുരുക്കത്തിൽ കുറഞ്ഞകാലം ഭൂമിയിൽ ജീവിക്കുന്ന മനുഷ്യന്റെ ഭൗതിക ജീവിതവും ആത്മീയ ജീവിതവും സുഖകരവും ക്ഷേമകരവുമാക്കും വിധം ഇസ്‌ലാം ക്രമപ്പെടുത്തുകയും സമീകരിക്കുകയും ചെയ്തിരിക്കുന്നു. അല്ലാഹു പറയുന്നു: ***'വിശ്വസിച്ചവരെ നിങ്ങളുടെ ധനം പരസ്പരം അന്യായമായ നിലയിൽ കരസ്ഥമാക്കി ഭക്ഷിക്കരുത്. എന്നാൽ നിങ്ങളിൽ നിന്നും ഉഭയസമ്മതത്തോടെയുള്ള കച്ചവടമാകുന്നത് അനുവദനീയമാണ്. നിങ്ങൾ നിങ്ങളെ തന്നെ വധിക്കുകയുമരുത്. തീർച്ചയായും അല്ലാഹു നിങ്ങളോട് വളരെയേറെ കരുണയുള്ളവനാണ്.'*** *(4:30)* ***'നിങ്ങളുടെ സമ്പത്തും സന്താനങ്ങളും ഒരു പരീക്ഷണം മാത്രമാണ് എന്നാൽ അല്ലാഹുവിങ്കലത്രെ മഹത്തായ പ്രതിഫലം.'*** *(65: 11)* ***'അല്ലാഹു തന്നെയാണ് എല്ലാവർക്കും ഉപജീവനം നൽകുന്നവൻ. ശക്തനും പ്രബലനും.'*** *(51:59)*

# പ്രവാചകന്മാരും പടയാളികളും

അധികാര ശക്തിയും ആയുധപ്രയോഗവും കൊണ്ട് ഇസ്‌ലാമിനെ വിജയിപ്പിക്കാമെന്ന മൗലാന മൗദൂദിയുടെ സിദ്ധാന്തം വിശുദ്ധ ഖുർആന്റെയും മുഹമ്മദ് നബി(സ) ടെയും അദ്ധ്യാപനങ്ങൾക്ക് കടക വിരുദ്ധമാണ്. മൗലാന മൗദൂദിയുടെ തീവ്രമായ സന്മാർഗവാദത്തിനും ഹിംസാത്മകമായ തീവ്രവാദത്തിനും കാരണം അദ്ദേഹത്തിന്റെ പ്രത്യേകമായ മാനസിക നിലയാണ്.

## ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)

**'അതിനാൽ നീ ഉപദേശിക്കുക; നീ ഒരു ഉദ്ബോധകൻ മാത്രമാണ്. നീ അവരുടെ മേൽ അധികാരം നടത്തുന്നവനല്ല.' (വിശുദ്ധ ഖുർആൻ. 88:22,23)**

**'അത് (ജമാഅത്തെ ഇസ്‌ലാമി) ഒരു പ്രചാരണ പ്രസ്ഥാനമല്ല; പ്രബോധകരുടെയോ സുവിശേഷകരുടെയോ ഒരു സംഘടനയുമല്ല. എന്നാൽ അല്ലാഹുവിന്റെ പടയാളികളുടെ സംഘമാണ്.' - മൗലാന അബുൽ അഅ്ലാ മൗദൂദി - (ഹഖീഖത്തെ ജിഹാദ്, ലാഹോർ 1964 പേ.58)**

പത്തൊമ്പതാം നൂറ്റാണ്ടിൽ ഓറിയന്റലിസ്റ്റുകൾ ഇസ്‌ലാമിന്റെ വിശുദ്ധ പ്രവാചകനായ മു ഹമ്മദ് നബി(സ) യുടെ ചിത്രം വരച്ചു കാട്ടിയത് ഊരിപ്പിടിച്ച ഖഡ്ഗം ഒരു കൈയ്യിലും മറുകൈയ്യിൽ ഖുർആനുമായി അറേബ്യൻ മരുസ്ഥലികളിലൂടെ പടയോട്ടം നടത്തി, നിസ്സഹായരായ ജനതയോട് രണ്ടിലേതെങ്കിലുമൊന്ന് തിരഞ്ഞെടുക്കാൻ കൽപ്പിച്ചു കൊണ്ടുള്ള മതഭ്രാന്തനായ പടയാളിയുടെ ചിത്രമാണ്. എഡ്വേർഡ് ഗിബ്ബൺ പ്രചാരപ്പെടുത്തിയ ഘോരമായ ഈ ചിത്രത്തിന് ആധുനിക ഓറിയന്റലിസ്റ്റുകൾ തീക്ഷ്ണമായ നിറങ്ങൾ നൽകി. എന്നാൽ സുപ്രസിദ്ധ ജൂത പണ്ഡിതൻ ബെർനാഡ് ലൂയീസ് പോലും അദ്ദേഹത്തിന്റെ ശുഷ്ക്കമായ ബ്രിട്ടീഷ് നർമോക്തി ഉപയോഗിച്ച് ആ ചിത്രത്തെ ഇങ്ങനെ വിലയിരുത്തേണ്ടി വന്നു

***'വാൾ ഇടത് കൈയ്യിൽ പിടിക്കുന്ന ഒരു പടയാളി സമൂഹം ഇന്ന് നമുക്ക് സങ്കൽപ്പിക്കാൻ കഴിയുന്നില്ലെങ്കിൽ അത് അസത്യം എന്ന് മാത്രമല്ല അസാധ്യം കൂടിയാണ്. മുസ്‌ലിം ആചാര പ്രകാരം വലത് കൈ വിശുദ്ധ കർമങ്ങൾ ചെയ്യാനാണ് ഉപയോഗിക്കുക. ആത്മാഭിമാനിയായ ഒരു മുസ്‌ലിമും ഖുർആൻ പൊക്കി പിടിക്കാൻ ഇടത് കൈ ഒരിക്കലും ഉപയോഗിക്കില്ല. 3***

പക്ഷേ ഇതാ ഇവിടെ ഒരു ആത്മാഭിമാനിയായ മുസ്‌ലിം, മൗലാന മൗദൂദി അദ്ദേഹത്തിന്റെ വലം കൈയ്യിൽ ഊരിപ്പിടിച്ച വാളുമായി നിൽക്കുന്നു. വിശുദ്ധ ഖുർആന്റെ അദ്ധ്യാപനങ്ങളിലും തിരുനബി (സ) യുടെ ചര്യയിലും അതിനു യാതൊരു പ്രസക്തിയുമില്ലെങ്കിലും മൗലാനാ വാൾ ഉയർത്തിപ്പിടിച്ചു തന്നെ നിൽക്കുകയാണ്.

തിരുനബി (സ) യുടെ ഏറ്റവും കൂറുള്ള അനുയായിയാണ് താനെന്ന് അവകാശപ്പെടുന്ന മൗലാനാ തന്റെ യജമാനനെ കുറിച്ച് ഏറ്റവും ഭക്ത്യാദരപൂർവം സംസാരിക്കുമെന്നാണ് ഒരാൾ ന്യായമായും പ്രതീക്ഷിക്കുക. സൗന്ദര്യം എന്നത് ദൃഷ്ടാവിന്റെ വീക്ഷണമനുസരിച്ചായിരിക്കുമല്ലോ. പക്ഷേ ഇസ്‌ലാമിന്റെ ആധുനിക വിമർശകർ പോലും നിരാകരിച്ച തിരുമേനി(സ)യെക്കുറിച്ചുള്ള ദുരാരോപണങ്ങൾ മാത്രം മൗലാനാ ദർശിക്കുന്നതെന്തുകൊണ്ടാണ്?. ഈ ചോദ്യത്തിന് മൂന്നു ഉത്തരങ്ങളാണുള്ളത്.

1. ഇസ്‌ലാമിനോട് കൂറുള്ള അനുയായി എന്ന മൗലാനാ മൗദൂദിയുടെ അവകാശവാദം വ്യാജമാണ്. അൽ ജിഹാദു ഫിൽ ഇസ്‌ലാം എന്ന കൃതിയുടെ ഉള്ളടക്കവും അദ്ദേഹത്തിന്റെ മറ്റു കൃതികളും വായിക്കുന്ന ഒരാൾ തിരുനബി (സ) യുടെ അദ്ധ്യാപനങ്ങളുമായി അവർക്ക് യാതൊരു ബന്ധവുമില്ല എന്ന യുക്തി പൂർണമായ നിഗമനത്തിലായിരിക്കും എത്തിച്ചേരുക. അതുകൊണ്ട് തിരുനബി (സ) യുടെ കൂറുള്ള അനുയായിയാണ് താനെന്നുള്ള അദ്ദേഹത്തിന്റെ അവകാശവാദം ശുദ്ധ നുണയാണ്. ഒരു

പക്ഷേ മൗദൂദിയെ പറ്റി അതൊരു ഘോരമായ ആരോപണമായിരിക്കാം. മുഹമ്മദ് നബി (സ) യെ അവമതിക്കുന്നു എന്ന് ഈ ഗ്രന്ഥകർത്താവ് ഉൾക്കൊള്ളുന്ന ഒരു വിഭാഗത്തെ കുറിച്ച് (അഹ്മദികൾ) ദുരാരോപണം നിലവിലുണ്ട്. മൗലാന മൗദൂദിക്ക് തിരുനബി(സ) യോടുള്ള കൂറിനെ സംശയിക്കുന്ന അവസാനത്തെ ആളായിരിക്കണമല്ലോ ഞാൻ.

2. മൂല്യങ്ങളെപറ്റിയുള്ള മൗലാനായുടെ ധാരണ തല തിരിഞ്ഞതും അവ്യക്തവുമാണ്. വർണാന്ധത ബാധിച്ച ഒരാൾ പച്ചയിൽ നിന്നും ചെമപ്പിനെ വേർതിരിച്ചറിയാൻ ബുദ്ധിമുട്ടുന്നുന്നത് പോലെ തിന്മയിൽ നിന്നും നന്മ വിവേചിച്ചറിയാൻ മൗലാന മൗദൂദി പാടുപെടുന്നു.

3. മൗലാനാ മൗദൂദിക്ക് മനോഗ്രസ്തി (Obsession) പിടികൂടിയിരിക്കുകയാണ്. രാഷ്ട്രീയാധികാരം പിടിച്ചുപറ്റാനുള്ള അദ്ദേഹത്തിന്റെ ഒടുങ്ങാത്ത ദുര ഒരു ഒഴിയാബാധയായി അദ്ദേഹത്തെ പിടികൂടിയിരിക്കുകയാണ്. 'മനോഗ്രസ്തി' എന്ന രോഗം നിർവചിക്കപ്പെട്ടിരിക്കുന്നത് ഇങ്ങനെയാണ്. ഒരു ആശയം നിശ്ചയ ദാർഢ്യത്തോടു കൂടി നിരന്തരമായും സാധാരണ ഗതിയിൽ അത്യന്തം വികാരവായ്പ്പോടും പ്രാവർത്തികമാക്കാൻ എന്തെങ്കിലും ചെയ്യണമെന്ന കഠിനമായ ആഗ്രഹം. ഈ മാനസികാവസ്ഥയുടെ സാകല്യം മനോഗ്രസ്തി എന്ന രോഗവുമായി ബന്ധപ്പെട്ടതാണ്.4

പിയറി ജാനെറ്റ് വിലയിരുത്തുന്നത് മനോഗ്രസ്തി ബാധിച്ച രോഗികൾ തീവ്രവാദികളായ സന്മാർഗവാദികളായിരിക്കും. സദാസമയവും കഠിനമായ ധർമചിന്തയാൽ ആകുലചിത്തരും താൻ യോഗ്യനല്ല എന്ന ചിന്തയാൽ അസ്വസ്ഥനുമായിരിക്കും.5

ജാനെറ്റിന്റെ ആശയങ്ങളെ സംഗ്രഹിച്ചുകൊണ്ട് തന്റെ സ്വന്തം മാനദണ്ഡങ്ങൾ വെച്ചും ഏൽട്ടൻ മോയാ മനോഗ്രസ്തി ബാധിച്ചവരെ വിലയിരുത്തുന്നത് കാണുക സ്പഷ്ടമായ കാര്യങ്ങളെക്കുറിച്ച് അത്യദ്ധ്വാനം ചെയ്ത് പുനർവിചിന്തനം നടത്തുന്നതിൽ ഇവർ വിദഗ്ധരായിരിക്കും. ഊതിപ്പെരുപ്പിച്ച സൂക്ഷ്മതയോടെ അവർ ചെറിയ കാര്യങ്ങൾ വിവരിക്കുന്നു. എന്നിട്ട് വലിയ കാര്യങ്ങൾക്ക് അവ പകരം വെക്കുന്നു. ആ പ്രശ്നങ്ങൾ താൻ സ്വയം കൈകാര്യം ചെയ്യാൻ പര്യാപ്തനല്ല എന്ന ബോധവും അവർക്കുണ്ട്.6

ഹൈദരാബാദിലെ മൗലാനാ മൗദൂദിയുടെ ബാല്യകാല സ്മൃതികളും യൗവനകാലത്തെ അനുഭവങ്ങളും നാം നേരത്തെ കാണുകയുണ്ടായി. തന്റെ സ്വഭാവ രൂപീകരണത്തിനും രാഷ്ട്രീയാധികാരത്തെ പറ്റി ചിന്തിക്കാനും ഈ കാലഘട്ടം വഴിയൊരുക്കി. കുർട്ട് ലെവിൻ എന്ന മനശ്ശാസ്ത്രജ്ഞന്റെ നിരീക്ഷണ പ്രകാരം, ഒരു വ്യക്തിയുടെ സ്വഭാവം മനസ്സിലാക്കണമെങ്കിൽ അത് അ ദ്ദേഹത്തിന്റെ ജീവിതകാല പരിപ്രേക്ഷ്യത്തിൽ മനസ്സിലാക്കണം. ചിലർ അത് പ്രത്യേകം കാലഘട്ടമായും പ്രത്യേക സന്ദർഭമായും ബന്ധപ്പെടുത്തി കാണുന്നു. ലെവിന്ന് താൽപര്യമുള്ള മേഖല വ്യക്തിയും അയാളുടെ മാനസിക പരിസ്ഥിതിയും അടങ്ങുന്ന ജീവിതസാകല്യമാണ്.7 വുഡ്സ് വർത്തും ഷീഹനും ലെവിന്റെ സിദ്ധാന്തം കൂടുതൽ വിശദമാക്കുന്നത് കാണുക.:

മനശാസ്ത്രപരമായ (Psychological) അല്ലെങ്കിൽ പെരുമാറ്റ ശാസ്ത്രപരമായ (Behavioural) പരിസ്ഥിതി (Environment) തീർച്ചയായും ഒരു വ്യക്തിക്ക് അനുഭവപ്പെട്ടതും ബോദ്ധ്യപ്പെട്ടതുമായ പരിസ്ഥിതിയാണ്. അതിനേക്കാളുപരിയായി ആ വ്യക്തിയുടെ വർത്തമാന കാല ആവശ്യങ്ങളും അർധ ആവശ്യങ്ങളുമായി ബന്ധപ്പെട്ടതു കൂടിയാണ്. അദ്ദേഹത്തിന് അനുഭവപ്പെട്ടുകൊണ്ടിരിക്കുന്ന പല വസ്തുതകൾക്കും വർത്തമാന കാല പ്രസക്തിയില്ലാത്തതാണ്. അത് അദ്ദേഹത്തിന്റെ മാനസിക പരിതസ്ഥിതിയിൽ (Psychological Environment) മാത്രം നിലനിൽക്കുന്നതാണ്. മറ്റു ചില വസ്തുതകൾ പോസിറ്റീവോ നെഗറ്റീവോ ആയ സംയോജകങ്ങളാണ് (Valence). പോസിറ്റീവാണെങ്കിൽ അവ അയാളുടെ വർത്തമാനകാല ആവശ്യങ്ങളെ നിറവേറ്റുന്നു. നെഗറ്റീവ് ആണെങ്കിൽ തകർത്ത് തരിപ്പണമാക്കുമെന്ന് ഭീഷണിപ്പെടുത്തുന്നു. പോസിറ്റീവ് സംയോജകങ്ങൾ അയാളെ ആകർഷിക്കുന്നു. നെഗറ്റീവ് സംയോജകങ്ങൾ അയാളുമായി വികർഷിക്കുന്നു. 8

മനശ്ശാസ്ത്രം (Psychology) ഒരു ശുദ്ധ ശാസ്ത്രമല്ല. അത് വികസ്വരമായിക്കൊണ്ടിരിക്കുന്ന ശാസ്ത്രമാണ്. പക്ഷേ മൗലാനാ മൗദൂദിയുടെ മനോഗ്രസ്തിക്ക് ഈ വിശകലനം വളരെ അനുയോജ്യമാണ്. അദ്ദേഹത്തിന്റെ ഈ ഒഴിയാബാധക്ക് മറ്റു വിശദീകരണങ്ങളൊന്നുമില്ല. മറ്റെന്തെങ്കിലും വിശദീകരണങ്ങളുണ്ടെങ്കിൽ തന്നെ മൗലാനായുടെ ദർശനങ്ങളെ ഈ ഒഴിയാബാധ പിടികൂടിയിരിക്കുന്നു എന്ന കാര്യത്തിൽ ഒരു സംശയവുമില്ല. ദൈവത്തിന്റെ ശത്രുക്കൾ ഇതിന് മുമ്പേ നടന്നു നീങ്ങിയ വഴികളിലൂടെ ഇടറിയ കാൽവെപ്പുകളുമായി മൗലാനയും ധൃതിയിൽ നടന്നു നീങ്ങുകയും തപ്പിത്തടയുകയുമാണ്. ഈ മാനസിക ബാധ കൊണ്ടാണ് മതം ത്യജിക്കുന്നവനെ വധിക്കണം എന്ന സിദ്ധാന്തം ആവിഷ്ക്കരിക്കാൻ അദ്ദേഹം തയ്യാറായത്.

തങ്ങളുടെ പാരമ്പര്യ മതത്തിൽ നിന്നും മാറിയതിന്റെ പേരിൽ പ്രവാചകന്മാർക്കും അവരുടെ അനുയായികൾക്കും ശത്രുക്കൾ എപ്പോഴും ആവശ്യപ്പെട്ടിരുന്ന ശിക്ഷയാണത്. നേരത്തെ പറഞ്ഞ മനോഗ്രസ്തി തന്നെയാണ് പ്രവാചകന്റെ തിരുകരങ്ങളിൽ

ഖഡ്ഗം ചാർത്താൻ അദ്ദേഹത്തെ ധൃഷ്ടനാക്കിയത്. മൗലാനാ ഇങ്ങനെ ചെയ്തത് മൂലം മുഹമ്മദ് നബി (സ) യെ രക്തദാഹിയായ പ്രവാചകനായി ചിത്രീകരിക്കുന്ന ശത്രുക്കൾക്ക് കൂട്ടു നിൽക്കുയാണ് ചെയ്യുന്നത്. അനുനയവും ബല പ്രയോഗവും പരസ്പരം യോജിച്ചു പോകാൻ സാദ്ധ്യമല്ലാത്ത വിരുദ്ധ മാർഗങ്ങളാണെങ്കിൽ സംസ്ക്കരണ ത്തിന് വേണ്ടി മൗലാനാ വാൾ കൈയ്യിലെടുക്കുകയും മതപരിവർ ത്തനത്തിന് യുക്തി പരമായ അന്വേഷണത്തെ നിരാകരിക്കുകയു മാണ് ചെയ്യുന്നത്. അനുനയവും ബുദ്ധിപരമായ അന്വേഷണവും തനിക്ക് യോജ്യമല്ലാത്ത ദുഷ്ക്കര മാർഗങ്ങളാണെന്നാണ് അദ്ദേഹം വിചാരിക്കുന്നത്. മക്കാ ജീവിതകാല ത്ത് കഠിനമായ എതിർപ്പുകൾക്ക് മുമ്പിൽ പ്രവാചകൻ കാഴ്ച്ചവെച്ചത് പോലെ ദൈർഘ്യമേറിയ ത്യാഗ ങ്ങളും ക്ഷമാപൂർണമായ സഹന ങ്ങളും അത് ആവശ്യപ്പെടുന്നു. അതുകൊണ്ട് അതൊരു നെഗറ്റീവ് സംയോജകമാണെന്ന് കരുതി മൗലാനാ തള്ളിക്കളയുന്നു. രാഷ്ട്രീയാധികാരത്തിലൂടെ ലഭിക്കുന്ന ശക്തി അദ്ദേഹത്തിന്റെ വർത്തമാന കാല ആവശ്യങ്ങളെ തൃപ്തിപ്പെടുത്തുന്നതായി കാണു ന്നു. അതുകൊണ്ട് അദ്ദേഹം അത് സ്വീകരിക്കുകയും അതിസാഹസിക മായി ചിന്തിച്ചുകൊണ്ട് തിരുമേനി യുമായി (സ) ബന്ധിപ്പിക്കുകയും ചെയ്യുന്നു.

മൗദൂദിയുടെ മനോഗ്രസ്തിയെ ക്കുറിച്ച് പരാമർശിക്കുമ്പോൾ അദ്ദേഹത്തെ ഇകഴ്ത്തുവാൻ ഞാനുദ്ദേശിച്ചിരുന്നില്ല. മറിച്ച് എന്റെ യജമാനനായ റസൂൽ തിരുമേനി (സ)യുടെ തൃക്കരങ്ങളിൽ വാൾ അണയിയിക്കുക വഴി മൗദൂദിയാ ണ് തിരുനബി (സ) യെ ഇകഴ്ത്തി യത്. എല്ലായ്പ്പോഴും അദ്ദേഹം അതിന് വേണ്ടി നിലകൊള്ളുകയും ചെയ്യുന്നു. ഇസ്രയേൽ ഷേൻകറുടെ Coat of Many Colors' എന്ന ജൂതായിസത്തെക്കുറിച്ചുള്ള പുസ്തകം അവലോകനം ചെയ്തു കൊണ്ട് ഹഗ്ഗ് നിസെൻഡെൻ പറയുന്നു: മിസ്റ്റർ ഷേൻകർ അദ്ദേഹത്തിന്റെ മനോഗ്രസ്തി നാടകീയമാക്കുകയുണ്ടായി. അതായത് അദ്ദേഹം തന്റെ ജനതയുടെ ചരിത്രം രചിക്കുകയും അത് എല്ലാവർക്കും പ്രാപ്യമാക്കി തീർക്കുകയും എല്ലാവരെയും പ്രഭാവിതരാക്കി തീർക്കുകയും ചെയ്തു. 10 മൗലാനയെ പിടികൂടി യിരിക്കുന്ന ഈ മനോബാധ നല്ല കാര്യങ്ങൾക്ക് വേണ്ടി ഉപയോഗിച്ചി രുന്നുവെങ്കിൽ എന്ന് ഞാൻ ആഗ്രഹിച്ചു പോകുകയാണ്. അദ്ദേഹം ശക്തി പ്രയോഗിക്കു ന്നതിനെ നിയമാനുസൃതമെന്ന് ന്യായീകരിക്കുക മാത്രമല്ല ചെയ്യുന്നത്. പരിഷ്ക്കരണത്തിന് അനിവാര്യം കൂടിയാണെന്ന് സമർഥിക്കുകയും ചെയ്യുന്നു. അദ്ദേഹം പറയുന്നു:

***'യുക്തിചിന്തക്കും ഉദ്ബോധന ങ്ങൾക്കും മുമ്പിൽ അവർ (ഇസ്ലാമിന്റെ ശത്രുക്കൾ) തങ്ങളു ടെ താൽപര്യങ്ങൾ ബലികഴിക്കു മെന്ന് കരുതുന്നത് അസംഭവ്യമാ ണ്. ആകെകൂടി ഒരാൾക്ക് ചെയ്യാൻ കഴിയുക രാഷ്ട്രീയാധികാരവും ശക്തിയും ആർജ്ജിച്ചുകൊണ്ട് 11 അവരെ തിന്മയിൽ നിന്നും ബലം പ്രയോഗിച്ച് തടഞ്ഞു നിർത്തുക മാത്രമാണ്.' 12***

പരിഹാസത്തിന്റെയും നിഷേധ ത്തിന്റെയും നീരസത്തിന്റെയും അപമാനത്തിന്റേയും മുന്നിൽ സഹനവും സ്ഥിരചിത്തതയും പാലിച്ചുകൊണ്ടുള്ള അനുനയ ത്തിന്റെ മാർഗം പ്രയാസകരം തന്നെയാണ്. മൗദൂദി സാഹിബിന്റെ വാളിന്റെ പരിഷ്ക്കരണ മാർഗങ്ങ ളാകട്ടെ കൂടുതൽ എളുപ്പവും ക്ഷിപ്രസാദ്ധ്യവുമാണ്. മറ്റേത് അതീവ പ്രയാസവും ദീർഘ സമയം അവശ്യമുള്ളതുമാണ്. അയ്യൂബ് നബി (അ) യുടെ സഹനമാണ് അതിനാവശ്യം. എല്ലാ പരിഷ്ക്കർത്താക്കളും പരിഹാസ ത്തിനും നിഷേധത്തിനും പാത്ര മായിട്ടുണ്ട്. വിശുദ്ധ ഖുർആൻ ആ ചിത്രം ഇങ്ങനെ വിവരിക്കുന്നു:

***'കുറ്റവാളികളായ ആളുകൾ സത്യവിശ്വാസികളെ പരിഹസിക്കു കയായിരുന്നു. അവരുടെ അടുത്തു കൂടെ ഇവർ(സത്യവിശ്വാസികൾ) കടന്നുപോവുമ്പോൾ അവർ പരസ്പരം പരിഹാസഭാവത്തിൽ നയന വിക്ഷേപം ചെയ്യുമായിരു ന്നു. അവർ (ഇവരെ കണ്ടാൽ തീർച്ചയായും ഇക്കൂട്ടർ വഴി പിഴച്ചവർ തന്നെയാണെന്ന് പരസ്പ രം പറയുമായിരുന്നു. വാസ്തവ ത്തിൽ അവർ ഇവരുടെ മേൽ പാറാവുകാരായി അയക്കപ്പെട്ടിരു ന്നില്ല.' (വി. ഖുർആൻ 83: 30)***

ദൈവം അയച്ച പരിഷ്ക്കർത്താ ക്കളുടെ മാർഗം എന്തുകൊണ്ട് മൗലാനാ തിരഞ്ഞെടുക്കുന്നില്ല എന്ന് മുകളിലുള്ള ഖർആൻ വചനം വ്യക്തമാക്കുന്നു. ജനങ്ങൾ പരിഷ്ക്കർത്താക്കളെ പരിഹസിച്ചു കൊണ്ട് പറയുന്നത് നോക്കു. ഈ ജനതയുടെ ഒരേയൊരായുധം ഉപദേശമാകുന്നു. അവരാകട്ടെ വളരെ ബലഹീനരും. നാം ആഗ്രഹി ക്കുന്ന ഏത് നിമിഷവും നമുക്കവ രെ തകർത്ത് തരിപ്പണമാക്കാവുന്ന തേയുള്ളൂ. എന്നിട്ടും അവർ തങ്ങളുടെ ഉപദേശവുംകൊണ്ടും യുക്തി സംവാദംകൊണ്ടും ജനങ്ങ ളെ അതിജയിക്കുമെന്ന് അവകാശ പ്പെടുന്നു. അത്കൊണ്ട് മൗലാനാ സമാധാനപൂർണമായ വാദമുഖങ്ങ ളെല്ലാം നിരാകരിക്കുന്നു. അതിന് പകരമായി അദ്ദേഹത്തിന്റെ വാദമി ങ്ങനെയാണ്.

***'ഭൂമുഖത്ത് നിന്ന് തിന്മയും അക്രമവും ഉന്മൂലനം ചെയ്യുവാ നും ജനങ്ങളെ പരിഷ്ക്കരിക്കാനും ആഗ്രഹിക്കുന്ന ഒരാൾക്ക് വെറും സുവിശേഷ പ്രചാരണം കൊണ്ടും ധർമോപദേശങ്ങൾ നൽകിയും അത് സാക്ഷാത്ക്കരിക്കാൻ സാദ്ധ്യമല്ല. അത് വൃഥാ യത്ന മാണ്. അയാൾ തെറ്റായി പടുത്തു യർത്തിയ ഭരണകൂടത്തിന്നെതിരെ ഉയർന്നു വരണം. അയാൾ ഭരണം***

***പിടിച്ചെടുക്കണം. തിന്മ പ്രവർത്തിക്കുന്നവരെ അധികാരത്തിൽ നിന്നും നിഷ്ക്കാസനം ചെയ്യണം. പിന്നീട് ശക്തമായ തത്വങ്ങളില ധിഷ്ഠിതമായ നീതി നിഷ്ഠമായ ഒരു ഭരണക്രമം സ്ഥാപിക്കണം.'*** *13*

മാർക്സിസത്തെ ഉപജീവിച്ചു കൊണ്ടുള്ളതാണ് മൗദൂദിയുടെ ഈ പരിഷ്ക്കരണ സംരംഭം. അത് മനുഷ്യ വംശത്തെ രക്ഷിക്കുന്നതിനുള്ള ദൈവിക മാർഗമല്ല. ദൈവിക മാർഗത്തിൽ ഉപദേശം എന്നത് ഏറ്റവും പ്രധാനപ്പെട്ട ഒരു ഘടകമാണ്. പൊതുവായി അധാർമികത കൊടുമകൊള്ളുന്ന കാലഘട്ടങ്ങളിൽ പോലും **'സത്യം സ്വീകരിക്കാനും സ്ഥിരചിത്തത കൈകൊള്ളുവാനും പരസ്പരം ഉപദേശിക്കുന്നു.'(103:4)** സത്യ വിശ്വാസികളായിരിക്കും വിജയികളായി തീരുക. ആത്മീയവും ധാർമികവുമായ എല്ലാ വിപ്ലവ പരിവർത്തനങ്ങൾക്കും വേണ്ടി സത്യവും സഹനവും മുറുകെ പിടിച്ച് ജനങ്ങളെ അതിജയിക്കാനാണ് ദൈവം തന്റെ ദാസന്മാരോട് ആജ്ഞാപിച്ചതെന്ന് ബഹിർ ഭാഗസ്ഥമായ ചരിത്ര വീക്ഷണമുള്ളവർക്ക് പോലും കാണാനാവും. സഹനവും പ്രാർഥനയും മതാത്മക വിപ്ലവങ്ങളുടെ അവിഭാജ്യ ഘടകങ്ങളാണ്. ദൈവനിയുക്തവാദികൾ ദൈവിക വാഗ്ദാനങ്ങൾ സാക്ഷാത്ക്കരിക്കും. ***'സത്യ വിശ്വാസികൾക്കാണ് ശുഭ പര്യവസാനം'(7:129)*** എന്നാണ് പ്രവചിക്കപ്പെട്ടിരിക്കുന്നത്.

എല്ലാ ദൈവദൂതന്മാരും മത പുനരുജ്ജീവനത്തിന് ഈയൊരു സമരായുധമാണ് സ്വീകരിച്ചത്. മാർക്സിയൻ രീതിയിലുള്ള ബല പ്രയോഗത്തിന് അവരെല്ലാവരും വെറുത്തിരുന്നു. വിശുദ്ധ ഖുർആൻ അത്തരത്തിലുള്ള ധാരാളം പ്രവാചകന്മാരുടേയും സുവിശേഷകന്മാരുടെയും ചരിത്രം പറയുന്നു. ഈ ദിവ്യ വിപ്ലവത്തിൽ നൂഹ് നബി(അ) യുടെ ആയുധം അനുനയവും ഉദ്ബോധനവുമായിരുന്നതായി കാണം. ഇബ്രാഹിം ശുഐബ് (അ), സ്വാലിഹ് (അ) എന്നീ ദൈവദൂതന്മാരുടെയും പരിഷ്ക്കരണ മാർഗം ഇതുതന്നെയായിരുന്നു. ലൂത്ത് നബി (അ), മൂസാ നബി (അ) എന്നിവർ അവരുടെ ജനങ്ങൾക്ക് ഉപദേശകന്മാരായിട്ടായിരുന്നു അയക്കപ്പെട്ടിരുന്നത്. ഈസാ നബി (അ) അദ്ദേഹത്തിന്റെ സുവിശേഷം മുഖേനയായിരുന്നു വിപ്ലവം സൃഷ്ടിച്ചത്. എല്ലാറ്റിന്നുമുപരിയായി സാർവ ലൗകിക അദ്ധ്യാത്മിക വിപ്ലവ ദൗത്യവുമായി അയക്കപ്പെട്ട എക്കാലത്തേയും പരിഷ്ക്കർത്താക്കളുടെ നായകനായ നമ്മുടെ യജമാനൻ മുഹമ്മദ് മുസ്തഫാ (സ) യുടെ പരിഷ്ക്കരണോപാധിയും, അനുനയവും ഉദ്ബോധനവും യുക്തിചിന്തയുമല്ലാതെ മറ്റൊന്നുമല്ല. മൗലാനാ വിശുദ്ധന്മാരായ ഈ ദൈവദൂതന്മാരുടെ പരമ്പരാഗത മാർഗം അവഗണിക്കുക മാത്രമല്ല. അതിന് കടക വിരുദ്ധമായ നിലപാടാണ് സ്വീകരിക്കുന്നത്. അദ്ദേഹം പറയുന്നത്, ഭൂമുഖത്ത് നിന്ന് തിന്മയും അക്രമവും ഉന്മൂലനം ചെയ്യാനും ജനങ്ങളെ പരിഷ്ക്കരിക്കാനും ആഗ്രഹിക്കുന്ന ഒരാൾക്ക് വെറും സുവിശേഷ പ്രചരണം കൊണ്ടും ധാർമികോപദേശങ്ങൾ നൽകിയും അത് സാക്ഷാത്ക്കരിക്കാൻ സാദ്ധ്യമല്ല അതൊരു വൃഥാ യത്നമാണ് എന്നാണ്.

മൗലാന മൗദൂദിയുടെ ഈ ആശയ പ്രമാണങ്ങളെ ദൈവദൂതന്മാർ അനുവർത്തിച്ചു വരുന്ന അഖണ്ഡ പാരമ്പര്യവുമായി നമുക്കൊന്ന് താരതമ്യം ചെയ്തു നോക്കാം. സ്പഷ്ടമായ മാർഗഭ്രംശം നൂഹ് നബി (അ) പ്രചരിപ്പിക്കുന്നു എന്ന് അദ്ദേഹത്തിന്റെ ജനത ആരോപിച്ചപ്പോൾ അദ്ദേഹം മറുപടി പറഞ്ഞു:

***'എന്റെ ജനമേ, എന്നിൽ യാതൊരു മാർഗഭ്രംശവുമില്ല. എന്നാൽ ഞാൻ സർവലോക പരിപാലകനിൽ നിന്നുള്ള ഒരു ദൂതൻ മാത്രമാകുന്നു. എന്റെ നാഥന്റെ സന്ദേശങ്ങൾ ഞാൻ നിങ്ങൾക്ക് എത്തിച്ച് തരുന്നു. ഞാൻ നിങ്ങൾക്ക് സദുപദേശം നൽകുന്നു. അല്ലാഹുവിൽ നിന്ന് നിങ്ങൾ അറിയാത്തത് ഞാൻ അറിയുകയും ചെയ്യുന്നു.' (വി. ഖുർആൻ 7: 62, 63)***

ഇതായിരുന്നു നൂഹിന്റെ ദൈവിക ദൗത്യത്തിന്റെ ചരിത്രം. എന്നാൽ മൗലാന മൗദൂദിയുടെ രീതിയനുസരിച്ച് നുഹ് നബി (അ) ഇങ്ങനെ പറയണമായുരുന്നു.

ഞാൻ ദൈവത്തിന്റെ ദൂതനാകുന്നു. നിങ്ങൾ ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും ശരി എന്നെ നിങ്ങളിലേക്ക് ചുമത്തപ്പെട്ടിരിക്കുന്നു. സത്യവിശ്വാസികളുടെ ഒരു സംഘം അധികാരം അടുത്ത് തന്നെ കൈയേൽക്കുന്നതാണ്.

ആദ് ജനത ഹൂദ് നബി (അ) യോട് അദ്ദേഹം വിഡ്ഢിത്തത്തിൽ പെട്ടു പോയി എന്ന് പറഞ്ഞപ്പോൾ എന്റെ നിരുപദ്രവമായ ഉപദേശം കേട്ട് നിങ്ങൾ വഞ്ചിതരാവേണ്ട. നിങ്ങൾ എന്നെ ഒരു വിഡ്ഢിയായി ഗണിക്കേണ്ടതുമില്ല നിങ്ങൾ എന്റെ യാഥാർഥ്യം ദർശിച്ചിട്ടില്ല. ഞാൻ വാസ്തവത്തിൽ ഒരു മത ഭക്തനാണ്. ഒരു ദിവസം ഞാൻ ദൈവത്തിന്നെതിരെ നിൽക്കുന്ന ജനതയിൽനിന്നും അധികാരം പിടിച്ചെടുക്കും. എന്നിട്ട് എന്റെ സച്ചരിതരായ ജനതക്ക് അത് നൽകും എന്ന് അദ്ദേഹം തീർച്ചയായും പറഞ്ഞില്ല. അതിനു പകരം അദ്ദേഹം പ്രവാചകന്മാരുടെ പാരമ്പര്യമനുസരിച്ച് പ്രതികരിക്കുകയാണുണ്ടായത്. അദ്ദേഹം പറഞ്ഞു:

***'എന്റെ ജനമേ, എന്നിൽ ഒരു വിഡ്ഢിത്തവും ഇല്ല. സർവ്വ ലോക നാഥനിൽ നിന്നുള്ള ഒരു ദൂതനാണ് ഞാൻ . എന്റെ നാഥന്റെ സന്ദേശം ഞാൻ നിങ്ങൾക്കെത്തിക്കുന്നു. ഞാൻ നിങ്ങളുടെ ആത്മാർഥതയുള്ള ഒരു ഉപദേശകനാണ്. (വി. ഖുർആൻ 7: 68, 69)***

സമൂദ് സമുദായം ആദ് സമുദായത്തെ പോലെ സ്വാലിഹി(അ)നെ

നിഷേധിച്ചു. പല ആരോപണങ്ങളും നടത്തി. നൂഹി(അ)നെയും ഹൂദിനെ (അ)യും പോലെ അദേഹം പറഞ്ഞു:

*'എന്റെ ജനമേ എന്റെ നാഥന്റെ സന്ദേശം ഞാൻ നിങ്ങൾക്ക് എത്തിച്ചു. ഞാൻ നിങ്ങളോട് ആത്മാർത്ഥമായി ഉപദേശിക്കുകയും ചെയ്തു. പക്ഷേ നിങ്ങൾ ആത്മാർത്ഥമായി ഉപദേശിക്കുന്നവരെ ഇഷ്ടപ്പെടുന്നില്ല' (വി. ഖുർആൻ. 7:80)*

പിന്നീട് ദൈവം ലൂത്ത് നബി (അ) യെ അയച്ചു. അദ്ദേഹത്തിന്റെ അനുയായികളിലാരും പിഴച്ച ജനതയിൽ നിന്നും അധികാരം പിടിച്ചു പറ്റാൻ യാതൊരു ശ്രമവും നടത്തിയിട്ടില്ല. അവർക്ക് മേൽ ദൈവശിക്ഷ വന്നു പതിക്കുന്നത് വരെ അവരുമായി നൂഹ് നബി (അ) യുക്തിപൂർണമായ ഉദ്ബോധനങ്ങൾ തുടർന്നുകൊണ്ടിരുന്നു. ലൂത്തിന്റെ ജനതക്ക് ദൈവകോപം വന്നുഭവിക്കുന്നതിന് മുമ്പേ അദ്ദേഹം തന്റെ അനുയായികളുമായി ദൈവാനുമതിയോടെ അവരുടെ ഭവനങ്ങൾ വിട്ടിറങ്ങി. മർദകരെ സദാ സമയവും ജാഗ്രതപ്പെടുത്തിയിരുന്നു. ആ പ്രഭാതം വന്നണഞ്ഞു.

*'എന്നാൽ അത് (ശിക്ഷ) അവരുടെ അങ്കണത്തിൽ വന്നിറങ്ങുമ്പോൾ മുന്നറിയിപ്പ് നൽകപ്പെട്ടവരുടെ പുലരി വളരെ ചീത്തയായിരിക്കും.'(വി. ഖുർആൻ. 37: 178)*

വിശുദ്ധ ഖുർആൻ 7-ാം അദ്ധ്യായത്തിൽ വഴി പിഴച്ച ജനതയെ സൽപാന്ഥാവിലേക്ക് പ്രത്യാനയിക്കുവാൻ അവതീർണരായ പ്രവാചകന്മാരുടെ വൃത്താന്തങ്ങൾ തുടരുന്നു. ലൂത്തിന്റെ ചരിത്ര കഥനം നടത്തിയതിന് ശേഷം ശുഐബ് നബി (അ) അവരിൽ നിന്ന് മുഖം തിരിച്ചുകൊണ്ട് പറഞ്ഞു:

*'എന്റെ ജനമേ, ഞാൻ നിങ്ങൾക്ക് എന്റെ നാഥന്റെ സന്ദേശങ്ങൾ എത്തിച്ചിട്ടുണ്ട്. ഞാൻ നിങ്ങൾക്ക് സദുപദേശങ്ങൾ നൽകുകയും ചെയ്തു. എന്നിരിക്കെ സത്യ നിഷേധികളായ ജനതയെ സംബന്ധിച്ച് ഞാൻ എങ്ങനെ വ്യസനിക്കും?' (വി. ഖുർആൻ 7:94)*

വിശുദ്ധ ഖുർആൻ മൗലാന മൗദൂദിക്കും മറ്റു സർവ മുസ്‌ലിംകൾക്കും ദൈവത്തിന്റെ വചനമാണല്ലോ. ദൈവദൂതന്മാർ തങ്ങളുടെ ഉപദേശങ്ങളും ഉദ്ബോധനങ്ങളും തിരസ്ക്കരിക്കപ്പെട്ടപ്പോൾ ദൈവത്തിനു മുമ്പിൽ കണ്ണുനീർ വാർക്കുകയും അവനോട് ഹൃദയപൂർവമായ പ്രാർഥനകൾ നടത്തുകയുമാണ് ചെയ്തത് എന്ന് വിശുദ്ധ ഖുർആൻ നമ്മോട് പറയുന്നു. പ്രവാചകന്മാർക്ക് അവരുടെ സന്ദേശത്തിൽ അചഞ്ചലമായ വിശ്വാസമുണ്ടായിരുന്നു. അവരുടെ ശത്രുക്കളിൽ നിന്നും ഭരണാധികാരം പിടി ച്ചെടുക്കുന്നതിന് പകരം അവർ സ്നേഹവും കാരുണ്യവുമാണ് നിരന്തരം പകർന്ന് നൽകിയത്. അവർ വളരെ മാന്യമായി യുക്തി സംവാദങ്ങളിലേർപ്പെട്ടു. വിനയാന്വിതരായി തങ്ങളുടെ സദുപദേശം തുടരുകയും അന്തിമ ഫലം ദൈവത്തിൽ അർപ്പിക്കുകയും ചെയ്തു. ദൈവം അവൻ ഏകൻ ഒരുവൻ മാത്രമാണ്. അവൻ ഇച്ഛിക്കുന്നവർക്കാണ് അവന്റെ ഭൂമി നൽകുന്നത്. എല്ലാ പ്രവാചകന്മാരുടെയും ആഗ്രഹങ്ങൾ മൂസാ നബി (അ) ഈ വചനങ്ങളിൽ സംഗ്രഹിക്കപ്പെട്ടിരിക്കുന്നു.

*'അല്ലയോ നാഥാ, നീ ഞങ്ങൾക്ക് സ്ഥിര ചിത്തത പ്രദാനം ചെയ്യേണമേ, അനുസരണയുള്ളവരായി നീ ഞങ്ങളെ മരിപ്പിക്കുകയും ചെയ്യേണമേ'(വി. ഖുർആൻ. 7:127)*

മൂസാ നബി (അ) അദ്ദേഹത്തിന്റെ ജനതയോട് ചെയ്ത ഉപദേശം

*'നിങ്ങൾ അല്ലാഹുവിന്റെ സഹായം അർത്ഥിക്കുകയും സഹനവും സ്ഥിരചിത്തതയും കൈകൊള്ളുക. കയും ചെയ്യുക.' (വി. ഖുർആൻ 7: 129)*

അവരോട് അദ്ദേഹം പറഞ്ഞു:

*'ഭൂമി അല്ലാഹുവിന്റെതാണ്. എന്റെ അടിമകളിൽ താൻ ഇച്ഛരിക്കുന്നവർക്ക് അവൻ അത് അനന്തരാവകാശമായി നൽകുന്നു.' (വി. ഖുർആൻ. 7:129)*

ബലപ്രയോഗം മുഖേന പിടിച്ചെടുക്കുക എന്നത് സത്യവിശ്വാസികൾക്ക് ചേർന്നതല്ല. നമുക്കറിയാവുന്നത് പോലെ

*'ശുഭപര്യവസാനം ദോഷബാധയെ സൂക്ഷിക്കുന്നവർക്കാണ്.' (വി. ഖുർആൻ 7:129)*

മൂസാ നബി (അ) ക്ക് ശേഷം ഈസാ നബി (അ) വന്നു. അദ്ദേഹത്തിന്റെ ജീവിത കാലം മുഴുവൻ സുവിശേഷങ്ങളുടെ ഉദ്ബോധനങ്ങളിൽ കഴിച്ചു കൂട്ടി. അദ്ദേഹം ഒരിക്കലും അധികാരം കൈയ്യാളാൻ യത്നിച്ചില്ല. എല്ലാറ്റിനു പരിയായി പ്രവാചക പ്രഭുവായ മുഹമ്മദ് നബി (സ) ഒരു ഉദ്ബേധകനും ഉപദേശകനുമായാണ് ജനത്തെ സന്മാർഗത്തിലേക്ക് നയിക്കുവാൻ അയക്കപ്പെട്ടത്. ഒരു പോലീസുകാരനായോ പട്ടാളക്കാരനായോ അല്ല. അല്ലാഹു അദ്ദേഹത്തിന് താക്കീതുകാരൻ എന്ന പേരു നൽകിക്കൊണ്ട് പറഞ്ഞു:

*'നീ ഉപദേശിക്കുക, നിശ്ചയമായും നീ ഉപദേശകൻ മാത്രമാണ്. അവരുടെ മേൽ നിർബന്ധം ചെലുത്താൻ നിനക്കധികാരമില്ല.' (വി. ഖുർആൻ 89:22,25)*

പക്ഷേ മൗലാനാ ഊന്നുന്നത് അദ്ദേഹവും അദ്ദേഹത്തിന്റെ അനുയായികളും മത പ്രബോധകരുടെയോ സുവിശേഷകരുടെയോ ഒരു സംഘമല്ല എന്ന വസ്തുതയിലാണ്. 'മറിച്ച് അവർ ദൈവത്തിന്റെ പോരാളികളാ'ണെന്നാണ്. കാരണം, 'അവർ മനുഷ്യരാശിക്കെതിരെ ഒരു സാക്ഷിയായേക്കാവുന്നതാണ്' ഈ പടയാളികളു

ശേഷം പേജ് 43 ൽ

# ഉയിർത്തെഴുന്നേൽപ്പോ? അബോധാവസ്ഥയിൽനിന്നുള്ള മുക്തിയോ?

ബ്രിട്ടനിലെ പ്രശസ്ത ഫിസിഷ്യനായിരുന്ന ഡോ. ട്രവർ എ. ലോയ്ഡ് ഡേവിസും അദ്ദേഹത്തിന്റെ ദൈവശാസ്ത്ര പണ്ഡിതയായ ഭാര്യയും ചേർന്ന് Journal of Science and Medicine of Royal College of Physicians (1991 April) എന്ന പ്രസിദ്ധീകരണത്തിൽ എഴുതിയതാണ് ഈ ലേഖനം. സുവിശേഷങ്ങളിലെ വിവരണത്തെ അടിസ്ഥാനാക്കി ശരീര ശാസ്ത്രത്തിന്റെയും വൈദ്യശാസ്ത്രത്തിന്റെയും വെളിച്ചത്തിൽ യേശു കുരിശിൽ മരിച്ചിട്ടില്ല എന്ന് ഈ ലേഖനത്തിൽ സമർത്ഥിക്കുന്നു.

**ഡോ. ട്രിവർ എ. ലോയ്ഡ് ഡേവിസ്**
**& മാർഗരറ്റ് ലോയ്ഡ് ഡേവിസ്**

യേശുവിന്റെ കുരിശ് മരണത്തിന്റെ വൈദ്യശാസ്ത്രപരമായ വിശകലനം വളരെ ലളിതമാണ്. ഗതശമനയിലെ ഉത്കണ്ഠാകുലമായ രാത്രിക്ക് ശേഷം യേശുവിനെ അറസ്റ്റ് ചെയ്യുകയും അമ്പരപ്പിക്കുകയുമുണ്ടായി. മോശെയുടെ ന്യായപ്രമാണങ്ങളെ നിന്ദിച്ച കുറ്റത്തിന് യേശുവെ അവർ ബന്ധനസ്ഥനാക്കി. ക്ഷുഭിതരായ യഹൂദ പരമാധികാര വൈദിക സഭക്ക് (സുനേദ്രം) മുന്നിൽ ഹാജരാക്കി. മരണ ശിക്ഷക്ക് വിധിക്കപ്പെട്ട യേശുവിനെ (വെള്ളിയാഴ്ച്ച അസ്തമിക്കുന്നതിന് മുമ്പായി മരിച്ചിരിക്കണമെന്ന് സംഭവിക്കാൻ സാദ്ധ്യതയില്ലാത്ത ആവശ്യവുമായി റോമൻ ന്യായാധിപനായിരുന്ന പീലാത്തോസിന് കൈമാറുകയും ചെയ്തു. ക്രിസ്തുവോടുള്ള ഒടുങ്ങാത്ത പക നിമിത്തമാണ് ജൂത വൈദിക സഭ അദ്ദേഹത്തെ. വധശിക്ഷക്ക് വിധിച്ചതെന്ന് പിലാത്തോസിന് നല്ല ബോദ്ധ്യമുണ്ടായിരുന്നു. ഹെരോദോവുമായി ഇക്കാര്യം ചർച്ച് ചെയ്തതായി ലൂക്കോസിന്റെ സുവിശേഷം സൂചിപ്പിക്കുന്നുണ്ട്. യേശുവെ മരണ ശിക്ഷയിൽ നിന്ന് രക്ഷിക്കാൻ പിലാത്തോസ് പരമാവധി രഹസ്യമായി പ്രവർത്തിച്ചു. പുറത്ത് തടിച്ചു കൂടിയ പുരുഷാരത്തോട് അഭിപ്രായമാരാഞ്ഞപ്പോൾ യേശുനെ വധിച്ചേ മതിയാവൂ എന്നവർ ആർത്തട്ടഹസിച്ചു. മറ്റെല്ലാ കുറ്റവാളികളെയും പോലെ യേശുവേയും അവർ പ്രഹരിച്ചു. ഈയ്യകഷ്ണങ്ങളും ആടിന്റെ അസ്ഥിയും കൊണ്ട് അരിക് തുന്നിപിടിപ്പിച്ച തുകൽ കൂട്ടി പിരിച്ച ചമ്മട്ടി കൊണ്ട് അതിക്രൂരമായി യേശുവെ പ്രഹരിച്ചു. എത്ര പ്രഹരങ്ങൾ ഏറ്റു വാങ്ങിയെന്ന് തിട്ടമില്ല.

പടയാളികൾ കൊല്ലത്തിലൊരിക്കൽ വാർഷിക ചടങ്ങായി ഒത്തുകൂടി മദിച്ചുല്ലസിക്കുന്ന സൈനിക ചത്വരത്തിൽ അവർ യേശുവിനെ കൊണ്ടു പോയി അവിടെ വെച്ച് യേശുവിന്റെ തലക്ക് മുള വടികൊണ്ട് പ്രഹരിച്ചു. പുതുതായി നിയമിക്കപ്പെടുന്ന ഭടന്മാർക്ക് അധികാര സൂചകമായി ചെങ്കോലിനെ അനുകരിച്ചു കൊണ്ട് നൽകുന്ന ഒരു കരുത്തേറിയ ആയുധമാണ് ഈ മുള വടി. റോമൻ പട്ടാളക്കാരെക്കാൾ മൃഗീയത കുറവാണെങ്കിലും പിന്നീട് അവിടെ നടന്ന കാര്യങ്ങളെ കുറിച്ച് ദൃക്സാക്ഷികളുടെ അഭാവം കാരണം യാതൊരു രേഖകളും ലഭ്യമല്ല.

തീക്ഷ്ണമായ ആഘാതങ്ങൾ യേശുവിന്റെ മാനസിക നടുക്കത്തിന് ആരംഭം കുറിച്ചിരിക്കണം.

അസഹ്യമായ വേദനയും നീറ്റലും നാഡി വ്യൂഹതലങ്ങളിൽ രക്ത വാർച്ചയുണ്ടാക്കിയിരിക്കും. തൽഫലമായു ണ്ടാകുന്ന ശാരീരിക പ്രതികരണം ഹൃദയ സ്പന്ദന മാന്ദ്യം ഉണ്ടാക്കിയിരിക്കും. ഹൃദയ മിടിപ്പും നാഡിമിടിപ്പും മന്ദഗതിലാ യിട്ടുണ്ടാകും.

ശരീരത്തിന്റെ പിൻഭാഗത്ത് നിന്നും രക്ത സ്രാവമുണ്ടായിരുന്നു. ശാരീരിക ശേഷി നിലനിർത്താ നുള്ള ശരീര ധർമം പ്രവർത്തനങ്ങ ൾക്ക് വിചാരണ മുറിയിൽ നിൽക്കവേ തലയിലേറ്റ കഠിന പ്രഹരം തടസ്സം സൃഷ്ടിച്ചിരിക്കണം.

ന്യായാധിപ മന്ദിരത്തിൽ നിന്ന് ഏകദേശം 700 വാര ദൂരെ സ്ഥിതി ചെയ്യുന്ന ഗൊൽഗോത്ത (തലയോ ടിടം) എന്ന സ്ഥലം വരെ മറ്റെല്ലാ കുറ്റവാളികളെയും പോലെ യേശുവും കുരിശിന് കുറുകെ യുള്ള മരത്തടി (പാറ്റിബുലം.......) ചുമക്കേണ്ടി വന്നു കാതൽകൊണ്ട് ഉണ്ടാക്കിയ ഈ മരത്തടിക്ക് 40 റാത്തൽ (18 കി ഗ്രാം) തൂക്കം വരും ഇത് ചുമക്കുവാൻ യേശു തികച്ചും അശക്തനായിരുന്നു. ഗോൽഗോ ത്തായിൽ വെച്ച് നിലത്ത് കിടത്തി പാറ്റിബുലത്തിൽ യേശുവിന്റെ കൈ കുഴക്ക് അൽപ്പം മുകളിലായി ആണിയടിക്കപ്പെട്ടു. കണങ്കൈ യിലെ മദ്ധ്യ നാഡിക്ക് ക്ഷതമേൽ ക്കാതിരിക്കാൻ തരമില്ല. പിന്നീട് കുരിശ് പൂർണമാക്കപ്പെടാനായി പാറ്റിബുലം യേശുവോടൊപ്പം ഉയർത്തി. കുരിശിന്റെ ലംബത്തി ലുള്ള ഏപ്പിൽ കൊള്ളിച്ചു. കുത്തനെ നിർത്തി യേശുവിന്റെ പൃഷ്ടഭാഗം മരത്തടിയിൽ മുമ്പോട്ട് തള്ളി നിൽക്കുന്ന കമ്പിൻ കഷ്ണ ത്തിൽ തങ്ങിനിന്നു. കാൽമുട്ടുകൾ പാർശ്വങ്ങളിലേക്ക് വളച്ച് കാലിന്റെ ഉള്ളിലെ അസ്ഥിക്കും കണങ്കാലി ൽ മാംസ പേശിയുമായി ബന്ധിക്കു ന്ന സ്നായുവിനുമിടക്ക് ആണിയടി ച്ചിറക്കി. അപ്പോൾ അദ്ദേഹത്തിന്റെ ശിരസ്സ് അടുത്ത് നിൽക്കുന്നവരിൽ നിന്ന് (ശിരസ്സുയർത്താൻ സാധിച്ചാ ൽ സംസാരിക്കത്തക്ക വിധം) 18 ഇഞ്ച് ഉയരത്തിൽ സ്ഥിതി ചെയ്തി രുന്നു.

യേശുവെ കുരിശിച്ചത് ഒരു വെള്ളിയാഴ്ച്ചയാണ്. അൽപ്പ സമയം കഴിഞ്ഞ് മൂന്ന് മണി കഴിഞ്ഞ ശേഷം) സൂര്യഗ്രഹണ മുണ്ടായി. ഇതിന്ന് ശേഷം വീണ്ടും മുന്ന് മണിക്കൂർ കഴിഞ്ഞപ്പോൾ യേശു മഹാശബ്ദ ത്തോടെ ശബ്ദിച്ചു. (ഈ നിലവിളി പല വിധത്തിലും വ്യാഖ്യാനിക്കപ്പെടു ന്നുണ്ട്) അടുത്തു നിൽക്കുന്നവൻ അദ്ദേഹം മരിച്ചുവെന്നുറപ്പിച്ചു. മൂന്നോ നാലോ ദിവസം കുരിശിൽ നരക യാതന അനുഭവിച്ച ശേഷം തൂങ്ങി ക്കിടക്കുന്ന അവസ്ഥയിൽ ശ്വസിക്കുവാനുള്ള പ്രയാസം കാരണമായാണ് സാധാരണഗതി യിൽ ക്രൂശിക്കപ്പെട്ട ആൾ മരിക്കുക. അനുഭവസമ്പന്നനായ പീലാത്തോസ് ക്രിസ്തുവെ കുരി ശിൽ നിന്ന് ഇറക്കുന്നതിന് മുമ്പേ അദ്ദേഹം മരിച്ചിരിക്കുന്നുവോ എന്നറിയുന്നതിന് വേണ്ടി അന്വേഷ ണങ്ങൾ നടത്തിയിരിക്കും. പീലാ ത്തോസിന്റെ ഔദ്യോഗിക വസതി യിൽ നിന്നും തലയോട്ടിയിടം വരെയുള്ള ദൂരം കണക്കിലെടുക്കു മ്പോൾ യേശുവെ കുരിശിൽ നിന്നും താഴെ ഇറക്കുന്നതിനുള്ള അനുമതി ലഭിക്കുന്നതിന് ഒന്നിലധി കം മണിക്കൂർ ആവശ്യമായി വരും. ക്രിസ്തുവിനെ കുരിശിൽ നിന്ന് താഴെ ഇറക്കിയതിനെക്കുറിച്ചുള്ള വിശദ വിവരങ്ങൾ കഥയിൽ എവിടെയും പ്രതിപാദിച്ചു കാണു ന്നില്ല എന്നത് ഒരു പ്രധാന പോരാ യ്മയാണ്. നാല് സുവിശേഷകരിൽ യോഹാന്നന്റെ സുവിശേഷത്തിൽ മാത്രമേ യേശുവിന്റെ പാർശ്വങ്ങ ളിൽ കുന്തം കൊണ്ട് കുത്തിയ പ്പോൾ രക്തവും വെള്ളവും തുള്ളിച്ചു വരുന്നതായി രേഖപ്പെടു ത്തിയിട്ടുള്ളൂ. അത് ശരിയായിരു ന്നുവെങ്കിൽ കൊടാവ് കൊണ്ട് പ്രഹരിച്ചപ്പോൾ യേശുവിന്റെ ചർമത്തിൽ പൊന്തിവന്ന പൊക്കിള കൾ പടയാളികളിൽ ഒരുത്തൻ നേരംപോക്കിന് വേണ്ടി കുത്തി പൊട്ടിച്ചതാവാനേ തരമുള്ളൂ. (യോഹാന്നന്റെ സുവിഷേങ്ങളിലെ വൈദ്യശാസ്ത്ര പരമായ വിശ്വാസ്യ ത ലാസറുടെ കുഷ്ഠരോഗ കഥകൾ പോലെ പല കാരണങ്ങൾ കൊണ്ടും സംശയിക്കേണ്ടിയിരിക്കു ന്നു.)

രക്തവും വെള്ളവും സ്രവിച്ചു വെങ്കിലും ക്രിസ്തു മരിച്ചുവെന്ന വിശാസക്കാരനായിരുന്നു എ. ഡി 185–254 ൽ ജീവിച്ചിരുന്ന ഒറിഗൺ. എങ്കിലും മൃതശരീരത്തിൽ നിന്ന് ഒരിക്കലും രക്തസ്രാവം ഉണ്ടാവുക യില്ലെന്ന് അദ്ദേഹം പ്രത്യേകം എടുത്ത് പറയുന്നുണ്ട്. അതിയായ അവശതയും ക്ഷീണവും കാരണം യേശു ഹൃദയം പൊട്ടിയാണ് മരിച്ചതെന്ന് ആദ്യം പറഞ്ഞത് (1847 ൽ) സ്ട്രോസ് ആയിരുന്നു. അത്വരെ ആരും യേശുവിന്റെ മരണകാരണം സ്ഥാപിക്കാൻ പരിശ്രമിച്ചിരുന്നില്ല. അതേ സമയം ക്രിസ്തു തന്റെ ആത്മാവ് സ്വയം കൈവെടിഞ്ഞതാണോ എന്നും അനുഭാവ പൂർവം അദ്ദേഹം പഠനം നടത്തുകയുണ്ടായി. 1887 ൽ റിസ് ഡൺ ബെന്നറ്റ് ഒരു പ്രബന്ധം പ്രസിദ്ധീകരിച്ചിരുന്നു. അതിൽ അദ്ദേഹം വിലാപുറത്ത് കുന്തം കൊണ്ട് കുത്തിയതിന്റെ ഫലമായു ണ്ടായ കഠിനമായ മാനസിക വ്യഥ മൂർദ്ധന്യാവസ്ഥയിലെത്തുകയും അത് മൂല മുണ്ടായ ഹൃദയ തകർച്ച കാരണം യേശുവിന് മരണം സംഭവിച്ചുവെന്നുമാണ് സമർഥിക്കു ന്നത്. കെമറോണും മൺഡലും കഠിനമായ നടുക്കവും ഭീതിയും കാരണം യേശുവിന് അതിയായ വയർ സ്തംഭനം അനുഭവപ്പെട്ടു വെന്ന് വിശ്വസിച്ചിരുന്നു. കെമറോ ണിന്റെ കാഴ്ച്ചപാടിൽ വിധിനിർണാ യകമായ ഘടകം അത് തന്നെയാ യിരുന്നു. യോഹന്നാന്റെ മൂല സുവിശേഷത്തിൽ ധ്വനിപ്പിക്കുന്നതി നേക്കാൾ വലിയ അർഥമാണ് രക്തത്തിനും വെള്ളത്തിനും റെൺഡൽ ഷേർട്ട് വിലയിരുത്തു ന്നുന്നത്. ഹൃദയത്തിന്നേറ്റ മുറിവ് കാരണമാണ് മരണമുണ്ടായതെന്ന

സ്ട്രേറ്റഡിന്റെ കാഴ്ച്ചപാട് ദൈവ ശാസ്ത്രപരമായ കാരണങ്ങളാൽ റെൺഡൽ ഷോർട്ട് തള്ളിക്കളയുക യാണുണ്ടായത്. യേശു കുരിശിൽ വെച്ച് മരിച്ചിരുന്നില്ലെന്നും ശാരീരിക പ്രവർത്തനങ്ങൾ വളരെ മന്ദീഭവി ച്ച അവസ്ഥയിൽ മരിച്ചതായി തേന്നിയതാണെന്നും അരിമത്യായി ലെ യോസഫ് ആസൂത്രണം ചെയ്തത് പോലെ കല്ലറയിൽ വെച്ച് ചികിത്സിച്ചതിൽ പിന്നെ സുബോധ ത്തിലേക്ക് വന്നുവെന്നുമാണ് പ്രിംറോസ് അഭി പ്രായപ്പെടുന്നത്. യേശുവിന്റെ നെഞ്ചത്തും വയറ്റത്തും പ്രഹരമേറ്റിരുന്നുവെന്ന തെറ്റിദ്ധാരണ മൂലം വയറ്റിൽ നിന്നായിരുന്നു ജലം പുറത്തേക്ക് വന്നതെന്നായിരുന്നു പ്രിംറോസ് കരുതിയിരുന്നത്. അസംഭ്യവ്യമെന്ന് തോന്നിക്കുന്ന ഈ കാഴ്ച്ചപ്പാടിനെ വിൽക്കിൻസൺ എതിർക്കുന്നു. യേശുവിന്റെ അകാല ചരമത്തെ വിശദീകരിക്കേണ്ട ആവശ്യകതയെ വിൽക്കിൻസൺ പ്രത്യേകം ചൂണ്ടിക്കാട്ടുന്നു. അതേ സമയം സു വിശേഷകന്മാർ യേശുവിന് സംഭവിച്ചതായി കരുതുന്ന മരണ ത്തെക്കുറിച്ച് വർണിക്കാനുപയോ ഗിച്ച ഗ്രീക്ക് ക്രിയാപദങ്ങൾ യേശുവിന്റെ സ്വബോധത്താലുള്ള ആത്മ ത്യാഗമായാണ് സൂചിപ്പിക്കു ന്നതെന്നും അദ്ദേഹ ത്തിന്റെ അതി ശബ്ദത്തിലുള്ള നിലവിളി ആത്മ പരിത്യാഗ സമയത്തുണ്ടായതാകണ മെന്നുമാണ് വിൽക്കിൻസൺ അഭിപ്രായപ്പെടുന്നത്. 1986 ൽ എഡ്വേർഡും കൂട്ടുകാരും കുരി ശിൽ തറക്കൽ സംബന്ധിച്ച് രോഗനിദാന ശാസ്ത്രാടിസ്ഥാന ത്തിലുള്ള രംഗാവതരണ ചിത്രീകര ണങ്ങളോട് കൂടിയ പ്രബന്ധത്തിൽ യേശു വിന്റെ മഹാശബ്ദത്തോടു കൂടിയുള്ള കരച്ചിൽ ആകസ്മിക വിപത്തിനെക്കുറിച്ചുള്ള മുന്നറിയി പ്പായിരുന്നു വെന്നാണ് വിലയിരു ത്തുന്നത്. അത് ധമനികളിൽ രക്തം കട്ട പിടിച്ചേതോ ഹൃദയത്തിന്റെ താളപ്പിഴയോ ആയിരുന്നു മരണ ഹേതു എന്നാണ് അവർ കരുതു ന്നത്. ഗുരുതരമായ ശക്തി ക്ഷയവും കഠിനമായ നടുക്കവും കാരണമു ണ്ടായ നാഡീ സങ്കോചമടക്കം ഉള്ള ബഹുവിധ കാരണങ്ങളെല്ലാം കൂടിയാണ് മരണം സംഭവിക്കാൻ കാരണമെന്ന് സൂചിപ്പിക്കുന്നുവെ ങ്കിലും അത്കൊണ്ട് തന്നെയാണെ ന്ന് അവർ തറപ്പിച്ചു പറയുന്നില്ല. സചിത്ര വർണനകളിൽ ഒന്ന് നെഞ്ചിലൂടെ കുന്തമുന കടന്ന് പോകാനിടയുള്ള മാർഗം വിശദീ കരിക്കുന്നതാണ്. ഒരിക്കലും നടന്നിട്ടില്ലാത്ത ഒരു സംഭവത്തെ കുറിച്ച് വിശ്വസിപ്പിക്കുവാൻ മാത്രമേ നിർഭാഗ്യവശാൽ ഇത് ഉപകരിക്കൂ.

**അനുമാനം**

കൂടെയുണ്ടായിരുന്ന മറ്റെല്ലാ കുറ്റവാളികളും പ്രഹരിക്കപ്പെട്ടിരു ന്നു. അവരാരും തന്നെ കുരിശിന്റെ പാറ്റിബുലം വഹിക്കാൻ കഴിയാത്ത വിധം പരവശരായിരുന്നില്ല. വിചാര ണ മുറിയിൽ വെച്ച് ദേഹത്തും ശിരസ്സിലുമേറ്റ കനത്ത പ്രഹരങ്ങൾ യേശുവിനെ അതീവ ക്ഷീണിത നാക്കിയിരിക്കണമെന്നും അത് കാരണം മറ്റു കുറ്റവാളികളെ പോലെ പാറ്റിബുലം ചുമക്കാൻ കഴിഞ്ഞില്ലെന്നുമാണ് ഒരു പ്രബലമായ അനുമാനം.കുരിശിൽ വച്ചു പെട്ടെന്നുണ്ടായ മോഹാലസ്യ ത്തിന് തലക്കേറ്റ പ്രഹരവും കാരണമായിട്ടുണ്ടാകാം. കുരിശിലേറ്റ പ്പെട്ടപ്പോൾ യേശുവിനുണ്ടായ നടുക്കവും താഴ്ന്ന രക്തസമ്മർദ്ദ വും തലച്ചോറിലേക്കുള്ള രക്ത പ്രവാഹം കുറക്കുകയും തന്മൂലം പെട്ടെന്ന് മോഹാലസ്യം സംഭവിക്കു കയും ചെയ്തിരിക്കണം. ചലനമറ്റ ശരീരവും തൊലിയുടെ ചാരനിറ വും മരിച്ചതായി കാണികളെ തെറ്റിദ്ധരിപ്പിച്ചിരിക്കാം. അടുത്ത് നിൽക്കുന്നവർ തീർച്ചയായും യേശു മരിച്ചതായി തെറ്റിദ്ധരിച്ചു കാണും. മോഹാലസ്യത്തിന് തൊട്ടുമുമ്പുള്ള ഉച്ചത്തിലുള്ള നിലവിളി (എന്താണ് പറയാൻ ശ്രമിച്ചതെന്ന് ആർക്കും ഒരു നിശ്ചയവുമില്ല.) ശബ്ദത്തോടു കൂടിയ ശ്വസനമല്ലതെ മറ്റൊന്നു മായിരിക്കില്ല. കുരിശിൽ നിന്നിറക്കി താഴെക്കിടത്തിയ ശേഷം രക്ത ചക്രമണം പൂർവസ്ഥിതി പ്രാപിക്കു ന്നത് വരെ തലച്ചോറിലേക്കുള്ള ഓക്സിജൻ പ്രവാഹം പരമാവധി തുച്ഛവും എന്നാൽ നിർണായക പരിധിയേക്കാൾ അൽപ്പം അധിക വുമായിരിക്കണം. സൂര്യഗ്രഹണ സമയത്തുണ്ടായ തണുപ്പ് രക്ത സമ്മർദം നിലനിർത്താൻ ഉതകിയി രിക്കണം.

യേശുവിൽ ജീവലക്ഷണങ്ങൾ കണ്ടതിനെ തുടർന്ന് ശബത്ത് നാളായതിനാൽ ശവസംസ്ക്കാര ചടങ്ങുകൾ ഒഴിവാക്കാനുള്ള ഉദ്ദേശ്യത്തോടെ യേശുവെ ശവ ക്കുഴിയിൽ അടക്കം ചെയ്യുന്നതിന് പകരം കൊണ്ട് പോയി കല്ലറയിൽ വെച്ച് ശുശ്രൂഷിച്ച് പരിചരിക്കാൻ വേണ്ടിയായിരുന്നു.

യേശുവിന്റെ പിന്നീടുള്ള പ്രത്യക്ഷപ്പെടൽ യഥാർഥ്യമായി രുന്നാലും മിഥ്യയായാലും ഉയിർ ത്തെഴുന്നേൽപ്പിനോ പുനരുജ്ജീവി പ്പിക്കലിനോ മതിയായ തെളിവാ കുന്നില്ല. സംശയാസ്പദമായ സ്വർഗാരോഹണം ഒഴിച്ചു നിർത്തി യാൽ ആരും അദ്ദേഹത്തെ കണ്ടിട്ടി ല്ല. യേശുവിന്റെ സാങ്കൽപ്പിക മരണാനന്തരം ശിഷ്യന്മാരും സ്ത്രീകളും ദിവസങ്ങളോളം ആഴ്ച്ചകളോളം അതിനോട് ഒരു വിധത്തിലും വൈകാരികമായി പൊരുത്തപ്പെടാൻ കഴിയാത്ത വിധം ശക്തമായ മാനസിക സമ്മർദാവസ്ഥയിലായിരുന്നു.

അദ്ദേഹത്തിന്റെ അനുയായികൾ കടുത്ത മാനസിക സംഘട്ടനങ്ങളു ടെ ഫലമായുണ്ടാകുന്ന പ്രേരണാ വിധേയത്വത്തിന് (ഒരേ സമയത്ത് നടക്കുന്ന രണ്ട് മാനസിക സംഘട്ട നങ്ങളുടെ ഫലമായി അവയി ലൊന്ന് നിരോധിക്കപ്പെടുന്ന അവസ്ഥ) വിധേയമായിക്കഴിയുന്ന സന്ദർഭത്തിലായിരുന്നു അത്. യുദ്ധശേഷമുണ്ടാകുന്ന തളർച്ച യോടും അഭിപ്രായ ഗതിമാറ്റുവാനോ കുറ്റസമ്മതം നടത്തുവാനോ മനസ്സി ന് നിരന്തര സമ്മർദമേൽപ്പിക്കുന്നതി

നോടും സമാനമായ ഒരവസ്ഥ. ഇത് സംബന്ധിച്ച് വിവരണങ്ങളിൽ പോൾ കോഗൺ ഈ മാനസിക പ്രക്രിയയെ അന്വേഷണം, വെളിപാട്, ആജ്ഞാപനം എന്നാണ് വിശേഷിപ്പിച്ചിരിക്കുന്നത്. ഭാവനാവിലാസങ്ങൾ വികാര തീവ്രതയിൽ നിന്ന് മുക്തമാക്കുവാൻ സഹായിക്കുന്നു. മറ്റൊരു വിധത്തിൽ പറഞ്ഞാലും ശിഷ്യന്മാരും സ്ത്രീകളും ഒരു വിലോമ പ്രതിപ്രവർത്തനത്തിന് വിധേയമായിക്കൊണ്ട് ശാന്തിയും സ്ഥിരതയും കൈവരിച്ചു.

### ഉപസംഹാരം

ന്യായാധിപ മന്ദിരത്തിൽ വെച്ച് ലഭിച്ച കനത്ത പ്രഹരങ്ങൾ യേശുവിന് പെട്ടെന്ന് മോഹാലസ്യമുണ്ടാക്കുകയും കുരിശിൽ നിന്ന് നിർദിഷ്ട സമയത്തിന് മുമ്പ് തന്നെ ഇറക്കാനിടയാകുയും ചെയ്തു. യേശുവിന്റെ ശിഷ്യന്മാർക്കും സ്ത്രീകൾക്കുമിടയിലുള്ള വ്യക്തിപരവും സംഘപരവുമായ പ്രേരണ വിധേയത്വം (വശഗത്വം) യേശുവിന്റെ തുടർന്നുള്ള പ്രത്യക്ഷപ്പെടലുകളെ വിശദീകരിക്കുന്നു. ഈ സങ്കൽപ്പസിദ്ധാന്തം യേശു വിനെ സംബന്ധിച്ച ചരിത്രപരമായ തെളിവുകളെ അംഗീകരിക്കുകയും നടന്ന സംഭവങ്ങളെ ആധുനിക വിജ്ഞാനത്തിന്റെ വെളിച്ചത്തിൽ വിശദീകരിക്കുകയും ചെയ്യുന്നു.

വിശ്വാസം ചിന്താശേഷിയെ നിശ്ചേതനമാക്കുകയോ അശാസ്ത്രീയ സങ്കൽപ്പങ്ങളെ വെച്ച് പുലർത്താൻ പ്രേരിപ്പിക്കുകയോ ചെയ്യുന്നില്ല. അതിന്റെ തത്ത്വസംഹിതകൾക്കുള്ളിൽ നിന്നുകൊണ്ട് തെളിയിക്കപ്പെട്ട വസ്തുതകൾ അംഗീകരിക്കുവാൻ സാധിച്ചാൽ ക്രിസ്തു സഭക്ക് കൂടുതൽ കരുത്ത് ആർജിക്കുവാൻ സാധിക്കുന്നതാണ്. അതിന് സാധിക്കാതെ വന്നാൽ ഭൂരിഭാഗം ജനങ്ങളുടെ വിശ്വാസ സീമകൾക്കപ്പുറം അവശേഷിക്കുന്നത് അന്ധവിശ്വാസം മാത്രമായിരിക്കും.

## സത്യത്തിന്റെ മാനദണ്ഡം

ഓർക്കുക ദൈവത്തിന്റെ വരിഷ്ട ദാസന്മാരുടെ പര്യവസാനം ഒരിക്കലും അശുഭകരമാകാറില്ല. ***'കതബല്ലാഹു ല അഗ്ലിബന്ന അന വറസൂലിഹി'*** തീർച്ചയായും ഞാനും എന്റെ ദൂതന്മാരും തന്നെയാണ് വിജയിക്കുക എന്ന് അല്ലാഹു വിധി എഴുതിയിരിക്കുന്നു എന്ന ദൈവിക വാഗ്ദാനം പരമ സത്യമാകുന്നു. ദൈവത്തിന്റെ ദൂതന്മാർക്കെതിരിൽ ശത്രുത അഴിച്ചുവിടപ്പെടുമ്പോഴാണ് ഇത് സാക്ഷാത്ക്കരിക്കപ്പെടുന്നത്. ലോകം തട്ടിപ്പുകാർക്കും വഞ്ചകന്മാർക്കുമെതിരിൽ ശത്രുത കാണിച്ചുകൊണ്ട് ആഞ്ഞടിക്കാറില്ല. കാരണം ലൗകികതയോടും ലൗകികതയോട് രാജിയാവുന്നു. എന്നാൽ അല്ലാഹു ആരെയാണോ തന്റെ വരിഷ്ടനാക്കുന്നത് അയാൾക്കെതിരിൽ ശത്രുതയുടെ പേമാരിയുണ്ടാവേണ്ടത് അനിവാര്യമാണ്. ഒരു വലിയ കൊടുംകാറ്റിന്ന് ശേഷമാണ് സത്യവാനോടൊപ്പം ജനങ്ങൾ വന്നുചേരുന്നത് ഇയാൾ ദൈവത്തിൽ നിന്നുള്ള വ്യക്തിയല്ലായിരുന്നുവെങ്കിൽ ഇത്രയും എതിർപ്പ് ഉണ്ടായിരുന്നിട്ടും എങ്ങനെയാണ് വിജയിക്കുക എന്നത് വിവേകമുള്ള ജനം മനസ്സിലാക്കുന്നു. ഇക്കാര്യങ്ങളും ശത്രുതയുമെല്ലം ദൈവഹിത പ്രകാരം സംഭവിക്കുന്നവയത്രെ അതിലൂടെ അവൻ തന്റെ വരിഷ്ട ദാസന്റെ സഹനം വെളിപ്പെടുത്തുന്നു. ഞാൻ തിരഞ്ഞെടുത്ത വ്യക്തി എന്തുമാത്രം ധീരനാണെന്ന് ജനങ്ങൾക്ക് കാണിച്ചുകൊടുക്കുന്നു. എന്തുമാത്രം ധീരനാണെന്ന് അവൻ ജനങ്ങൾക്ക് കാണിച്ചുകൊടുക്കുന്നു. എന്തെന്നാൽ ഒരു വ്യാജനെതിരിൽ നാലഞ്ച് എതിരാളികൾ ധാരാളം മതി എന്നാൽ സത്യവാനെതിരിൽ ഒരു ലോകം തന്നെ അണിനിരന്നിട്ടും ഒടുക്കം അദ്ദേഹം തന്നെ വിജയിക്കുന്നു. ഒരു വ്യാജ വില്ലേജ് ഓഫീസർ ഒരു ഗ്രമത്തിൽ ചെന്നാൽ അവിടെയുള്ള ഒരു നിസ്സാര വ്യക്തി പോലും അയാൾക്കെതിരിൽ സംശയം പ്രകടിപ്പിച്ചാൽ അവൻ തന്റെ കള്ളകളി വെളിച്ചത്തായെന്ന് കരുതി ആ ദിവസം തന്നെ ഓടിക്കളയും. കാരണം താനൊരു വ്യാജനാണെന്ന് അവനറിയാം കള്ളവാദിക്ക് ഒരിക്കലും സ്ഥൈര്യം ലഭിക്കുന്നില്ല. എന്നാൽ ദൈവം തന്റെ വരിഷട ദാസന്മാരിലൂടെ സൈഥര്യത്തിന്റെ അത്ഭു തകരമായ മാതൃകയണ് വെളിപ്പെടുത്തുന്നത്. അവനെ വീക്ഷിച്ചുകൊണ്ട് ലോകം ക്ഷീണിച്ചുപോകുകയും ഒടുക്കം ഇതൊരു സത്യസന്ധന്റെ സ്ഥിരചിത്തത തന്നെയെന്ന് ഏറ്റുപറയുകയും ചെയ്യുന്നു. സത്യത്തിന് മേൽ ആയിരക്കണക്കിന്ന് മൺക്കൂനകൾ വാരിയിട്ടാലും അത് പുറത്ത് വന്നുകൊണ്ട് അതിന്റെ തേജസ്സ് വെളിപ്പെടുത്തുക തന്നെ ചെയ്യുന്നതാണ്. നിങ്ങൾ കുഴപ്പങ്ങൾ നിറഞ്ഞ സംഭാഷണങ്ങളും ഉപദ്രവങ്ങളും ഉപേക്ഷിക്കുവീൻ! അസഭ്യവർഷങ്ങൾക്കെതിൽ ക്ഷമ കൈകൊള്ളു വീൻ! ആരെങ്കിലും ശത്രുതയുമായി വന്നാൽ അവരോട് സൗമ്യതയോടും നന്മയോടും തിരിച്ച് പെരുമാറുവീൻ! മസൃണ മൊഴികളുടെ മനോഹരമാതൃക പ്രദർശിപ്പിച്ചാലും! സത്യഹൃദയത്തൊടെ എല്ലാ ദൈവ കൽപ്പനകളും അനുസരിക്കുവീൻ! തദ്വാരാ ഈ വ്യക്തി ബയ്യത്തിന്ന് ശേഷം പഴയവനല്ലെന്ന് നിങ്ങളുടെ ശത്രുക്കൾ നിങ്ങളെക്കുറിച്ച് മനസ്സിലാക്കട്ടെ! വിചാരണകൾകിടയിൽ സത്യത്തിന്നു മാത്രം സാക്ഷ്യം വഹിക്കുവീൻ! ഈ ജമാഅത്തിൽ പ്രവേശിക്കുന്ന് ഓരോ ആളും പൂർണ്ണ ഹൃദയത്തോടും ധീരതയോടും അത്യുൽസാഹത്തോടും കൂടി സത്യസന്ധതയിൽ കാണിശത കാണിക്കുന്നവനാകണം. ലോകം അതിന്റെ അവസാനത്തിലേക്ക് അടുത്തിരിക്കുന്നു! (മൽഫൂസാത്ത് വാ 6, പേ 412)

# ഇസ്ലാമിക രാജ്യങ്ങളിലെ ന്യൂനപക്ഷങ്ങൾ

മുസ്‌ലിം രാജ്യങ്ങളിൽ കഴിയുന്ന അമുസ്‌ലിംകളായ പൗരന്മാരോട് മുസ്‌ലിം ഭരണ കൂടം അനുവർത്തിക്കേണ്ട പ്രമാണിക സമീപനങ്ങളെ ക്കുറിച്ചും റസൂൽ തിരുമേനി (സ) യുടെയും ഖുലഫാ ഉർറാശിദായുടെയും മാതൃകയെ സംബന്ധിച്ചുമുള്ള വിവരണം. Minorities in an Islamic State എന്ന ലഘു കൃതിയുടെ വിവർത്തനം. വിവ: കെ. വി. ഹസ്സൻ കോയ കോഴിക്കോട്.

മാലിക്ക് സൈഫുർറഹ്മാൻ

അനസ്(റ) നിവേദനം ചെയ്യുന്നു. നബി തിരുമേനി (സ) ഒരു ജൂതന്റെ ക്ഷണം സസന്തോഷം സ്വീകരിക്കുകയും ഓട്സ് പൊടിയും കൊഴുപ്പും ചേർത്ത ഭക്ഷണം കഴിക്കുകയും ചെയ്തു.10

ഇബ്നു അബി ലൈല നിവേദനം ചെയ്യുന്നു: ഒരു ദിവസം സുഹൈൽ ബിൻ ഹനീഫും ഖൈസ്ബിൻ സഅദും ഖദ്സിയ്യയിൽ ഇരിക്കുകയായിരുന്നു. അപ്പോൾ അതിലെ ഒരു ശവസംസ്കാര ഘോഷയാത്ര കടന്നുപോയി. മൃതദേഹത്തോടുള്ള ബഹുമാനാർഥം രണ്ടുപേരും എണീറ്റുനിന്നു. ആ മൃതദേഹം ഒരു അമുസ്‌ലിമിന്റേതാണെന്ന് ആരോ ചൂണ്ടിക്കാട്ടി. അപ്പോൾ ആ രണ്ടുപേരും മറുപടി പറഞ്ഞു.

“അതിനെന്താണ്, ഒരിക്കൽ ഒരു ശവസംസ്കാരഘോഷയാത്ര കടന്നുപോകുമ്പോൾ നബി (സ) തിരുമേനി എണീറ്റുനിന്നത് ഓർക്കുന്നില്ലേ? ഒരു ജൂതന്റെ മൃതദേഹമാണെന്ന് ആളുകൾ പറഞ്ഞു. അപ്പോൾ നബിതിരുമേനി(സ) പറഞ്ഞു, ‘‘ജൂതന്മാരും മനുഷ്യരാണെന്നു നിങ്ങൾക്കറിയില്ലേ?”11

അബൂ ഹുറൈറ(റ) നിവേദനം ചെയ്യുന്നു. “ഒരിക്കൽ അപരിചിതനായ ഒരു മുസ്‌ലിം നബി (സ)യുടെ കൂടെ താമസിച്ചു. നബി തിരുമേനി (സ) തന്റെ ആടുകളിലൊന്നിന്റെ പാൽ കറന്നു അതിഥിക്ക് കുടിക്കാൻ കൊടുത്തു. പക്ഷേ, അതിഥിക്ക് തൃപ്തിയായില്ല. നബി (സ) രണ്ടാമതൊരാടിന്റെ പാൽ കൊടുത്തു. അതിഥി എന്നിട്ടും സംതൃപ്തനായില്ല. സത്യത്തിൽ ഏഴ് ആടുകളുടെ പാൽ തിരുമേനി (സ) അതിഥിക്ക് കൊടുത്തു. അതിഥിയുടെ വിശപ്പുകണ്ട് തിരുമേനി (സ)ക്ക് രസം തോന്നി. പക്ഷേ ഒന്നും പറഞ്ഞില്ല.”12

അതിലുപരി നബി തിരുമേനി (സ) പതിവായി അമുസ്‌ലിം രോഗികളെ സന്ദർശിക്കുകയും അവരോട് സഹാനുഭൂതി കാണിക്കുകയും അവരുടെ ദുഃഖങ്ങളിലും ദുരിതങ്ങളിലും പങ്കുകൊള്ളുകയും ചെയ്തിരുന്നു.13

### ഥിമ്മികളുടെ അവകാശ സംരക്ഷണം

നബി തിരുമേനി (സ)യുടെ വീട്ടുചെലവുകൾ കൈകാര്യം ചെയ്തിരുന്ന ബിലാൽ (റ) നബി (സ) യുടെ വീട്ടാവശ്യത്തിനു വേണ്ടി ഒരു ഥിമ്മിയിൽ നിന്ന് കുറച്ച് പണം കടം വാങ്ങിയിരുന്നു. പണം തിരിച്ചു നല്കേണ്ട ദിവസമായിട്ടും പണമുണ്ടായിരുന്നില്ല. പണം കൊടുത്ത ആൾ നിർബന്ധപൂർവം പണമാവശ്യപ്പെട്ട് കാര്യം വഷളാക്കുമെന്ന് ബിലാൽ (റ) ഭയപ്പെട്ടു. അദ്ദേഹം തന്റെ ഭയം നബി (സ)യെ അറിയിക്കുകയും കടം കൊടുത്ത ആളുടെ പിടിത്തത്തിൽ നിന്നും രക്ഷപ്പെടാൻ കുറച്ചു ദിവസം മദീന വിട്ടുപോകാൻ ലീവ് നല്കാൻ യാചിക്കുകയും ചെയ്തു. നിലവിലുണ്ടായിരുന്ന നിയമപ്രകാരം കടം നല്കിയ ആൾക്ക് കടം വാങ്ങിയ ആളെ വീട്ടുതടങ്കലിൽ വെക്കാമായിരുന്നു. ഇതും സംഭവിക്കാമെന്ന് ബിലാൽ (റ) ഭയപ്പെട്ടു. അതനുസരിച്ച് അദ്ദേഹം തന്റെ വീട്ടിൽപോയി പുലർച്ചെ പട്ടണം വിട്ടുപോകാൻ തയ്യാറെടുത്തു.

പിറ്റേന്നു പുലർച്ചെ പണം തിരിച്ചു നല്കാനുള്ള ഏർപാട് ചെയ്തിട്ടുണ്ടെന്നും വിഷമിക്കേണ്ടെന്നും തിരുനബി (സ) ബിലാലിനെ അറിയിച്ചു.14

ഇതു സംഭവിച്ചത് ഹിജ്റയ്ക്ക് ശേഷം ഏഴു വർഷം കഴിഞ്ഞ് ഇസ്ലാം അധികാരത്തിലേറിയ പ്രതാപകാലത്തായിരുന്നു. ഒരു രാജ്യത്തിനെതിരിൽ ഒരു സാധാരണക്കാരനായ പൗരന്റെ അവകാശ സംരക്ഷണത്തിനുവേണ്ടിയുള്ള സമാനമായ ഒരു ഉദാഹരണം നല്കാൻ ലോക ചരിത്രം അശക്തമാണ്.

മക്കാ പതനത്തിനുശേഷം, ഒരു നിവേദക സംഘം (ത്വായീഫിൽ നിന്നുള്ള ബനൂതഖിഫ) നബിതിരുമേനി (സ) യുടെ അടുക്കൽ വന്നു. നബി (സ) അവർക്ക് പള്ളിയിൽ താമസിക്കാൻ സൗകര്യമൊരുക്കി അവർക്കുവേണ്ടി ടെന്റുകൾ നിർമിച്ചു.

ചില ആളുകൾ നബി (സ) തിരുമേനിയെ സമീപിക്കുകയും അതിഥികൾ ബിംബാരാധകരും അശുദ്ധരുമായതിനാൽ അവരെ പള്ളിയിൽ താമസിപ്പിക്കുന്നതിനെ എതിർക്കുകയും ചെയ്തു. വിശുദ്ധ ഖുർആനിൽ "ഇന്നമൽ മുശ്രിക്കൂന നജസ്സും'' എന്ന് സൂക്തത്തിൽ (ബിംബാരാധകർ അശുദ്ധരാണ്) പരാമർശിക്കുന്നത് ഹൃദയത്തിന്റെ അവസ്ഥയാണെന്നും ശരീരത്തിന്റെ അവസ്ഥയല്ലെന്നും തിരുമേനി (സ) മറുപടി പറഞ്ഞു. ഏതൊരു മനുഷ്യനെ സംബന്ധിച്ച് അശുദ്ധർ എന്നു പറഞ്ഞാൽ അതുതന്നെയാണ് അർഥം. ശരീരപരമായി പറഞ്ഞാൽ എല്ലാ മനുഷ്യരും ശുദ്ധരാണ്. അവർക്ക് പരിശുദ്ധമായ സ്ഥലങ്ങളിൽ ഏറ്റവും പരിശുദ്ധമായ സ്ഥലത്തും പ്രവേശന സ്വാതന്ത്ര്യം ഉണ്ട്.15

മുഹയ്യിസാഹ് (റ) നബി(സ) യുടെ സ്വഹാബാക്കളിൽ ഒരാളായിരുന്നു അദ്ദേഹം ഖൈബറിൽ കൊല്ലപ്പെട്ടു. അദ്ദേഹത്തിന്റെ ബന്ധുക്കൾ നബിതിരുമേനി (സ) യുടെ സവിധത്തിൽ നഷ്ടപരിഹാരം ആവശ്യപ്പെട്ടു കേസ്സ് ഫയൽ ചെയ്തു. ഘാതകൻ ഇന്ന ആളാണെന്നും സത്യം ചെയ്യാൻ പറ്റുമോ എന്ന് അവരോട് ചോദിച്ചു. അവർ മറുപടി പറഞ്ഞു:

"ഓ അല്ലാഹുവിന്റെ നബിയേ, വധം നടക്കുന്ന അവസരത്തിൽ ഞങ്ങൾ സന്നിഹിതരായിരുന്നില്ല. പിന്നെ എങ്ങനെയാണ് ഞങ്ങൾക്ക് സത്യസാക്ഷ്യം പറയാൻ സാധിക്കുക?

പ്രവാചകൻ (സ) പറഞ്ഞു:

''തെളിവില്ലാത്ത നിങ്ങൾക്ക് നഷ്ടപരിഹാരം അവകാശപ്പെടാൻ പറ്റില്ല. പിന്നെ നിയമപ്രകാരമുള്ള ഏകവഴി നിങ്ങൾ സംശയിക്കുന്ന ഖൈബറിലെ ജൂതന്മാർ അമ്പതു പ്രാവശ്യം തങ്ങൾ കുറ്റക്കാരല്ലെന്ന് തങ്ങളുടെ അവസ്ഥ വ്യക്തമാക്കാൻ പറയണം. കൊല്ലപ്പെട്ട സഹാബിയുടെ അവകാശികൾ പറഞ്ഞു:

"ജൂതന്മാർ വിശ്വാസയോഗ്യരല്ല. അവർക്ക് വളരെ എളുപ്പത്തിൽ വ്യാജപ്രസ്താവനകൾ നടത്താൻ കഴിയും അവർ സത്യവാന്മാരാണെന്നു പ്രതിജ്ഞയും ചെയ്യും"

നബി തിരുമേനി(സ) പ്രഖ്യാപിച്ചു.

''എങ്കിൽ എനിക്ക് ഇതിൽ കൂടുതലൊന്നും ചെയ്യാൻ സാധ്യമല്ല. എന്തെന്നാൽ വിശുദ്ധ ഖുർആന്റെ നിയമം വിവേചനം അനുവദിക്കുന്നില്ല.

മുഹയ്യിബ(റ)യുടെ അനന്തരാവകാശികൾക്ക് നബി (സ) തിരുമേനി സ്വന്തം കീശയിൽ നിന്ന് നഷ്ടപരിഹാരം കൊടുത്തു എന്ന് കുറിക്കുന്നത് താല്പര്യമുണർത്തുന്നതാണ്.16

ഖൈബറിലെ ജൂതന്മാരുടെ കുടിലതന്ത്രങ്ങൾകൊണ്ട് മടുത്ത മുസ്ലിംകളിൽ ചിലർ അവരുടെ ചില പഴങ്ങളും മൃഗങ്ങളെയും അപഹരിച്ചു. ഇതേകുറിച്ചറിഞ്ഞപ്പോൾ ക്ഷുഭിതനായി നബി (സ) പറഞ്ഞു.

വേദാനുസാരികളുടെ ഗൃഹങ്ങളിൽ അനുവാദമില്ലാതെ പ്രവേശിക്കുവാൻ അല്ലാഹു നിങ്ങൾക്കനുവാദം നല്കുന്നില്ല. അതേപ്രകാരം അവരുടെ തോട്ടങ്ങളിൽ ചെന്ന് പഴം പറിക്കുന്നത് തീർത്തും നിയമവിരുദ്ധമാണ്."17

ഒരു അൻസാരി നിവേദനം ചെയ്യുന്നു.

ഒരിക്കൽ ഒരു യാത്രയിൽ ഞാൻ നബി തിരുമേനി (സ) യെ അനുഗമിച്ചിരുന്നു. എനിക്ക് വിശക്കുന്നുണ്ടായിരുന്നു. തിന്നാൻ ഒന്നുമുണ്ടായിരുന്നില്ല. അമുസ്ലിംകളുടെ കുറച്ച് ആടുകളെ ഞാൻ കണ്ടെത്തി. ഒന്നിനെ ഞാൻ പിടിച്ചുകൊണ്ടു. അതിന്റെ മാംസം ഞാൻ തീയിൽ വെച്ചു. അതിനിടയിൽ നബി (സ) എത്തി ഞാൻ ചെയ്ത കാര്യം അറിഞ്ഞു. തിരുമേനിയുടെ കയ്യിൽ ഒരു വില്ലുണ്ടായിരുന്നു. അതുകൊണ്ട് അണ്ടകം കുത്തിയെടുത്തു വലിച്ചെറിഞ്ഞിട്ടു പറഞ്ഞു: കൊള്ളമുതൽ ചത്തതിന്റെ മാംസം പോലെ നിഷിദ്ധമാണ്. 18

മുസ്നദ് ഇമാം അഹ്മദ് ബിൻ ഹമ്പൽ നിവേദനം ചെയ്യുന്നു. ഒരിക്കൽ യുദ്ധത്തിന്റെ തിരക്കിനിടയിൽ ചില കുട്ടികൾ ചതഞ്ഞരഞ്ഞു കൊല്ലപ്പെട്ടു. തിരുമേനി (സ)ഇത് കേട്ടു ഞെട്ടിപ്പോയി. അദ്ദേഹത്തെ ആശ്വസിപ്പിക്കാനായി സ്വഹാബാക്കളിലൊരാൾ പറഞ്ഞു:

''അല്ലയോ, അല്ലാഹുവിന്റെ നബിയേ, എന്തുതന്നെയായാലും അവർ ബിംബാരാധകരുടെ സന്തതികാളാണ്"

പ്രവാചകൻ (സ) പറഞ്ഞു:

ബിംബാരാധകരുടെ മക്കളും നിങ്ങളെപ്പോലെ മനുഷ്യർ തന്നെയാണ്. അവർക്കും ഉത്തമമനുഷ്യരായിത്തീരാനുള്ള അന്തർലീനമായ കഴിവുകളുണ്ട്. യാഥാർഥ്യമെന്തെന്നാൽ ഓരോ ശിശുവും ജനിക്കുന്നത് മുസ്ലിമായിട്ടാണ്. അവന്റെ

ജനനത്തിനു ശേഷം അവന്റെ മാതാപിതാക്കളാണ് അവനെ ജൂതനോ ക്രിസ്ത്യാനിയോ മറ്റെന്തെങ്കിലുമോ ആക്കുന്നത്. ഓർത്തുകൊള്ളുക സന്താനങ്ങളെ കൊല്ലരുത്. ഓർത്തുകൊള്ളുക സന്താനങ്ങളെ കൊല്ലരുത്.19

**മുസ്‌ലിംകളുടെ നീതി**

അബ്ദുല്ലാഹ് ബിൻ റവാഹ (റ) യെ തിരുനബി (സ) ഖൈബറിലെ കലക്ടറായി നിയമിച്ചു. ഖൈബറിലെ ജൂതന്മാർ സംസ്ഥാനാധികാരികളുമായി ഒരു കരാറുണ്ടാക്കി. തങ്ങൾക്ക് ഭൂമിയിൽ നിന്ന് കിട്ടുന്ന വരുമാനത്തിന്റെ പകുതി നികുതിയായി നല്കാമെന്നായിരുന്നു കരാർ. വിളയെടുത്തു കഴിഞ്ഞാൽ അദ്ദേഹം ജൂതന്മാർക്ക് ആദ്യത്തെ ഓപ്ഷൻ നല്കും. അതായത്, വിള രണ്ടായി ഭാഗിച്ച് അവരോട് ഇഷ്ടമുള്ളതെടുത്തുകൊള്ളാൻ പറയും. ഈ നീതിപൂർവമായ ഓഫർ ഹൃദയസ്പർശിയായിരുന്നു. അവർ അത്ഭുതപ്പെട്ടു.

“ദൈവമാണ് സാക്ഷി ഇവ്വിധത്തിലുള്ള നീതി ഭൂമിയുടേയും ആകാശങ്ങളുടെയും സമതുലിതാവസ്ഥ നിലനിറുത്തുന്നതാണ്.”20

ഒരിക്കൽ ഒരു മുസ്‌ലിമും ജൂതനും തമ്മിൽ കലഹമുണ്ടായി. അവർ വിധിതീർപ്പിനായി രണ്ടാം ഖലീഫയായ ഹദ്റത് ഉമർ (റ) ന്റെയടുക്കൽ വന്നു. രണ്ടു പേരുടേയും വാദങ്ങൾ കേട്ട ശേഷം ജൂതൻ പറയുന്നതാണ് ശരിയെന്നു കണ്ടെത്തി. അങ്ങനെ അദ്ദേഹം ജൂതനനുകൂലമായി വിധിച്ചു. ജൂതൻ ആശ്ചര്യപ്പെട്ടു പറഞ്ഞു: ദൈവമാണെ, അങ്ങ് ശരിയായി വിധിച്ചു”21

ഇവ്വിധത്തിലുള്ള ഉദാഹരണങ്ങൾക്കൊണ്ട് നിറഞ്ഞതാണ് ഇസ്‌ലാമിക ചരിത്രം.

ജുഡീഷ്യറി പൂർണമായ സ്വാതന്ത്രമായിരുന്നു. ന്യായാധിപന്മാർ പക്ഷഭേദം കൂടാതെ തീർപ്പു കല്പിച്ചു. സംസ്ഥാനത്തിന്റെ തലവനെ പോലും കോടതിയിൽ ഹാജറാക്കുമായിരുന്നു. അതുമുഖേന സാധാരണ പൗരന് പോലും നീതി ലഭിക്കുമായിരുന്നു. മുസ്‌ലിം ഭരണകാലത്ത് അമുസ്‌ലിംകൾ അഭിവൃദ്ധി പ്രാപിച്ചുവെന്നതിൽ അത്ഭുതപ്പെടാനില്ല. മൗലികാവകാശങ്ങൾക്കും മനഃസാക്ഷിക്കും ജീവനും സ്വത്തിനും സംരക്ഷണമുണ്ടായിരുന്നു.

## ഥിമ്മികളോടുള്ള മുസ്‌ലിംകളുടെ പെരുമാറ്റം

ഇസ്‌ലാമിന്റെ ആവിർഭാവത്തിനുമുമ്പ് പേർഷ്യൻ, റോമൻ സാമ്രാജ്യങ്ങൾ അറേബ്യൻ ഉപഭൂഖണ്ഡത്തിന് മേൽ വമ്പിച്ച സ്വാധീനം ചെലുത്തിയിരുന്നു. രാജ്യത്ത് ഒരു ശക്തമായ മുസ്‌ലിം ഭരണം സ്ഥാപിക്കപ്പെട്ടതോടെ അവരുടെ സ്വാധീനം കുറയേണ്ടതായിരുന്നു. ഈ ഭയം കാരണത്താൽ അവർ മുസ്‌ലിംകളെ ആക്രമിക്കാൻ തീരുമാനിച്ചു. ആക്രമണത്തിനുള്ള തയ്യാറെടുപ്പുകൾ നടത്തി. ഈ സാഹചര്യത്തിൽ ഈ ആക്രമണത്തെ പ്രതിരോധിക്കാൻ മുസ്‌ലിംകൾ ആയുധമെടുക്കാൻ നിർബന്ധിതരായി. പേർഷ്യൻ, റോമൻ അതിർഥികളിലേക്ക് അവർ മുന്നേറി.

മതപരവും പ്രത്യയശാസ്ത്രപരവുമായ മർദനങ്ങളുടെ ഇരുണ്ട ദിനങ്ങളായിരുന്നു അവ. ഈ ദേശങ്ങളിലെ ദരിദ്രജനങ്ങളോട് ഈ ചക്രവർത്തിമാരും അവരുടെ ഉദ്യോഗസ്ഥന്മാരും അങ്ങേയറ്റം ക്രൂരതയോടെയും നീചമായുമാണ് പെരുമാറിയിരുന്നത്. ജൂതന്മാരോടും ക്രിസ്ത്യാനികളോടും തെരുവിലെ ജനങ്ങളോടും പേർഷ്യൻ ചക്രവർത്തിമാർ അങ്ങേയറ്റം ക്രൂരതകൾ കാണിച്ചു. അവരുടെ സ്വത്തുക്കളും അന്തസ്സും കൊള്ളയടിച്ചു. പ്രതിഷേധിക്കുന്നവരെ കൊന്നൊടുക്കി, പീഢിപ്പിച്ചു പിടിച്ചുപറിച്ചു. സീസറിന്റെ പ്രജകൾക്കും അതേ അനുഭവം തന്നെയാണുണ്ടായത്. ആചാരാനുഷ്ടാനങ്ങൾ നടത്താത്തവർ അതേ പ്രകാരം പീഢിപ്പിക്കപ്പെട്ടു. താണ നിലയിലുള്ളവരെ കൊന്നൊടുക്കി അടിച്ചമർത്തലിന്റെ സർവവ്യാപകമായ ഒരന്തരീക്ഷമായിരുന്നു ഈ സാഹചര്യങ്ങളിൽ. വിശ്വാസസ്വാതന്ത്ര്യവും മനഃസാക്ഷി സ്വാതന്ത്രവും സഹിഷ്ണുതയും മുസ്‌ലിംകൾ കാണിച്ചതു കാരണം മനുഷ്യമനസ്സുകളിൽ ആശ്വാസത്തിന്റെയും സ്വാതന്ത്രത്തിന്റെയും ബോധം ഉണ്ടായി.

ഈ ദരിദ്ര ജനങ്ങൾ മുസ്‌ലിംകളുടെ ദയാപൂർണമായ പെരുമാറ്റംകൊണ്ട് സ്വാധീനിക്കപ്പെട്ടിരുന്നുവെന്നത് ഹിംസിൽ നടന്ന ഒരു സംഭവംകൊണ്ടു കാണാൻ സാധിക്കുന്നതാണ്.

ഒരിക്കൽ റോമൻ സൈന്യത്തിന്റെ സമ്മർദം കാരണം മുസ്‌ലിം പട്ടാളത്തിന് ഹിംസിൽ നിന്ന് മടങ്ങേണ്ടി വന്നു. അതിർത്തി പ്രദേശങ്ങളിൽ നിന്ന് മുസ്‌ലിംകൾ നികുതി പിരിച്ചുകഴിഞ്ഞിരുന്നു. ആ സ്ഥലം വിടുന്നതിനുമുമ്പ് അവർ പിരിച്ചെടുത്ത നികുതികളെല്ലാം തിരിച്ചുകൊടുത്തുകൊണ്ട് ഇങ്ങനെ പ്രഖ്യാപിച്ചു.

“ഈ നികുതികൾ ഞങ്ങളിൽ നിന്ന് പിരിച്ചെടുത്തത്, നിങ്ങളുടെ സംരക്ഷണത്തിന് ഞങ്ങളുടെ ഉത്തരവാദികളായിരിക്കുമെന്ന നിബന്ധനയിലാണ്. നിയമസമാധാനം നിലനിർത്താനുമാണ്. ഞങ്ങൾ ഈ സ്ഥലം വിടാൻ നിർബന്ധിതരായതിനാൽ ഈ നിബന്ധന പൂർത്തിയാക്കാനുള്ള അവസ്ഥയിലല്ല ഞങ്ങളുള്ളത്.

ഹിംസിലെ ജനങ്ങളുടെ പ്രതാപം നിറഞ്ഞ മറുപടിയുടെ വാക്കുകൾ ചരിത്രം രേഖപ്പെടുത്തിയിട്ടുണ്ട്.

“ഞങ്ങളുടെ സഹ മതക്കാരിൽ നിന്നുള്ള ക്രൂരതക്കും അടിച്ചമർത്തലിനും ഞങ്ങൾ ഇരയായിരുന്നു. പിന്നെ നിങ്ങൾ വന്നു. നിങ്ങളുടെ നീതിയും നിങ്ങൾ ഞങ്ങളെ ഭരിച്ച രീതിയും ഞങ്ങളുടെ ഹൃദയം കവർന്നു. ഇപ്പോൾ ഞങ്ങൾ

നിങ്ങളുമായി തോളോടുതോൾ ചേർന്ന് ഹെർക്കുലീസിന്റെ പട്ടാള വുമായി യുദ്ധം ചെയ്യും. അദ്ദേഹ ത്തിന് ഇനി ഞങ്ങളുടെ ശവശരീര ങ്ങളിൽ കൂടിയേ മുന്നേറാൻ സാധിക്കൂ.

ജൂതന്മാർ എത്രത്തോളം പോയെന്നാൽ, സത്യം ചെയ്തു പറഞ്ഞു. അവർ പട്ടാളത്തെ ബിത്തിയിൽ പ്രവേശിക്കാൻ അനുവദിക്കുകയില്ലെന്ന്. അങ്ങനെ ആ ദേശത്തുള്ള മുഴുവൻ ജനങ്ങളും റോമക്കാർക്കെതിരിൽ എഴുന്നേറ്റു. അതിന്റെ ഫലമായി റോമക്കാർക്ക് പിൻവാങ്ങേണ്ടി വന്നു. വിജയശ്രീലാളിതരായി മുസ്ലിംകൾ പട്ടണത്തിൽ മടങ്ങി വന്നപ്പോൾ അവർക്ക് പൗരന്മാർ അത്യുജ്ജ്വല സ്വീകരണം നല്കി. അവർ ഘോഷയാത്രകൾ നടത്തി. വിജയശ്രീലാളിതരായ മുസ്ലിംകളുടെ മടക്കത്തിൽ അവരുടെ ആനന്ദം പ്രകടിപ്പിക്കാൻ അവർ പാടുകയും നൃത്തം വെക്കുകയും ചെയ്തു.22

വീണ്ടും നാം കാണുന്നത് രണ്ടാം ഖലീഫയായ ഹദ്റത്ത് ഉമർ (റ)ജെറൂസലമിലേക്ക് പോകുന്ന വഴിയിൽ അദിരിയാത്തിൽ എത്തിയ പ്പോൾ ആ സ്ഥലത്തെ ക്രിസ്ത്യാനികൾ ബ്യൂഗിൾസ് ഊതിയും ഡ്രമ്മുകൾ അടിച്ചും പുഷ്പവൃഷ്ടി നടത്തിയും അദ്ദേഹത്തെ സ്വാഗതം ചെയ്തതാണ്.

ഹദ്റത്ത് ഉമർ (റ) ക്രിസ്തീയരുടേയും ജൂതന്മാരുടേയും വികാരങ്ങളെ മാനിക്കുന്നതിൽ വളരെ ശ്രദ്ധ ചെലുത്തി. ഒരിക്കൽ ഒരു ക്രിസ്തീയ നിവേദനക സംഘം അവിടെ മുസ്ലിം ഓഫീസർമാർ നല്ലപോലെയും നീതി പൂർവവുമാണോ പെരുമാറുന്നത് എന്ന് അന്വേഷിച്ചപ്പോൾ അവർ മറുപടി പറഞ്ഞു.

"ഞങ്ങൾ മുസ്ലിംകളിൽ നിന്ന് നല്ല പെരുമാറ്റവും ധാർമികതയു മല്ലാതെ ഒന്നും കണ്ടിട്ടില്ല."

ഗവൺമെന്റ് ഹൗസിന്റെയും ക്രൂഫയിലെ ട്രഷറിയുടേയും കെട്ടിടങ്ങൾ ഡിസൈൻ ചെയ്തത് പ്രസിദ്ധനായ റോസ്ബാഹ് എന്നു പേരുള്ള അമുസ്ലിം വാസ്തു ശില്പിയായിരുന്നു. ക്രൂഫയിലെ ഗവർണ്ണർ കാര്യ നിർവഹണത്തിൽ സന്തുഷ്ടനായി അദ്ദേഹത്തെ ഹദ്റത്ത് ഉമർ(റ)ന്റെ അടുക്കലേക്ക് പറഞ്ഞയച്ചു. ഉമർ (റ) അദ്ദേഹത്തെ ഔദാര്യത്തോടെ സ്വീകരിക്കുകയും അദ്ദേഹത്തിന്റെ ബാക്കിയുള്ള ജീവിതകാലം മുഴുവൻ ഔദാര്യ പൂർവം വാർഷികവേതനം നല്കണമെന്ന് കല്പിക്കുകയും ചെയ്തു. 23

ന്യൂനപക്ഷങ്ങളുടെ അവകാശ സംരക്ഷണത്തെ കുറിച്ചുള്ള ഇസ്ലാമിന്റെ താല്പര്യം പ്രവാചകൻ (സ) ന്റെയും അബൂബക്കർ (റ) ന്റെയും ഉമർ (റ)ന്റെയും ഒസ്യത്തുകളിലുള്ള നിർദേശങ്ങളിൽ അടങ്ങിയിരിക്കുന്നു.

''ഥിമ്മികൾക്ക് നന്മചെയ്യുക, അവരോട് ഔദാര്യം കാണിക്കുക, അവർക്ക് ഒരു വിധത്തിലുള്ള ദോഷവും വരരുത്''24 (തുടരും)

## നമസ്ക്കാരം

ഹദീസിൽ വന്നിരിക്കുന്നു. മുസീബത്തുകൾ വന്നു ഭവിക്കുന്നതിന്ന് മുമ്പ് ചെയ്യപ്പെടുന്ന ദുആകളാണ് സ്വീകരിക്കപ്പെടുന്നത്. എന്തെന്നാൽ അപായങ്ങളിൽ ഭയപ്പാടുകളിലും നി റഞ്ഞ അവസ്ഥകളിലാണെങ്കിൽ ഏവർക്കും പ്രാർത്ഥിക്കുവാനും ദൈവ ഭക്തിയിലേക്ക് തിരിയുവാനും സാധിക്കുന്നതാണ്. സമാധാനാവസ്ഥയിൽ പ്രാർത്ഥിക്കുക എന്നതാണ് സൗഭാഗ്യകരമായ സംഗതി. ആപത്തിൽ അകപ്പെട്ടു കഴിഞ്ഞിട്ടുള്ള ജനങ്ങളെ കണ്ടുകൊണ്ട് മനുഷ്യൻ പാഠമുൾക്കൊള്ളേണ്ടതാണ്. അത്തരം അപകടങ്ങൾ തങ്ങളിലേക്കും വ്യാപിക്കുന്നത്ന്ന് മുമ്പ് അല്ലാഹുവിന്റെ അഭയത്തിന്ന് കീഴിൽ വന്നിടേണ്ടതാണ്. നമസ്ക്കാരം കൃത്യതയോടെ നിത്യം അനുഷ്ഠിക്കുക. ചിലർ ഒരു നേരം മാത്രം നമസ്ക്കരിക്കുന്നു. നമസ്ക്കാരത്തിന്ന് മാപ്പില്ലെന്നുള്ള കാര്യം നാം ഓർക്കേണ്ടതാണ്. പ്രവാചകന്മാർക്ക് പോലും അതിൽ ഇളവ് നൽകപ്പെട്ടിട്ടില്ല. ഒരു പുതിയ കൂട്ടം ജനങ്ങൾ നബി കരീം (സ) തിരുമേനിയുടെ അടുക്കൽ വന്ന് നമസ്ക്കാരം മാപ്പ് ചെയ്ത് തരണമെന്ന് ആവശ്യപ്പെട്ടതായി ഹദീസിൽ കാണാം. *'ഏതൊരു മതത്തിൽ കർമ്മങ്ങളില്ലയോ ആ മതം തന്നെ യെന്തിന്നാണ് എന്നായിരുന്നു'* എന്നായിരുന്നു അവിടുന്ന് അക്കൂട്ടരോട് പ്രതി വചിച്ചത്. അതിനാൽ ഇക്കാര്യം നല്ല വണ്ണം ഓർമ്മിക്കുക. തങ്ങളുടെ എല്ലാ കർമ്മങ്ങളും അല്ലാഹുവിന്റെ ആജ്ഞകൾക്ക് അനുസൃസ്തമാക്കിതീർക്കുവീൻ

(മൽഫൂസാത്ത് വാ 1 പേ 172)

# പവിത്ര ജീവിതം

ദൈവനിയുക്താരാവുന്നതിനു മുമ്പുള്ള പ്രവാചകന്മാരുടെ ജീവിതം അവരുടെ സത്യ സാക്ഷ്യത്തിനുള്ള അനിഷേധ്യമായ തെളിവാണ്.

**മുഹമ്മദ് ഉമർ കോഴിക്കോട്**

പഞ്ചാബിലെ ഖാദിയാൻ എന്ന ഒരു കുഗ്രാമത്തിൽ വെച്ച് 131 വർഷങ്ങൾക്ക് മുമ്പ് ഒരാൾ ദൈവം തനിക്ക് ഇപ്രകാരം ദിവ്യ വെളിപാട് അറിയിച്ചിരിക്കുന്നുവെന്ന് വാദിക്കുകയുണ്ടായി

അതായത് നീ പ്രഖ്യാപിക്കുക ഞാൻ നിയുക്തനാക്കപ്പെട്ടിരിക്കുന്നു. അതിൽ ഞാൻ ഒന്നാമനായിരിക്കും. വിശ്വാസം കൊള്ളുന്നു എല്ലാ അനുഗ്രഹങ്ങളും മുഹമ്മദ് നബി(സ) തിരുമേനിയിൽ നിന്നുള്ളതാണ്. പഠിപ്പിക്കുന്ന ആളും പഠിക്കുന്ന ആളും (ഗുരുവും ശിഷ്യനും) അനുഗൃഹീതരാകുന്നു

തുടർന്ന് അവിടുന്ന് ഇപ്രകാരം വാദിച്ചു

എനിക്ക് അല്ലാഹുവിന്റെ പരിശുദ്ധവും പവിത്രവുമായ ദിവ്യവെളിപാട് മുഖേന ഞാൻ അവന്റെ ഭാഗത്ത് നിന്നുള്ള വാഗ്ദത്ത മഹ്ദിയും മസീഹും ആണെന്നും ആന്തരികവും ബാഹ്യവുമായ വിശ്വാസവൈ രുദ്ധ്യങ്ങളെ നീതിയോടു കൂടി തീർപ്പ് കൽപ്പിക്കുന്നവനും ആണെന്നുള്ള വിവരം ലഭിച്ചിരിക്കുന്നു. (അർബയീൻ വാ1 പേജ് 40)

പിന്നീട് തന്റെ വാദങ്ങളെ കുറിച്ച് അല്ലാഹുവിനെ സാക്ഷി നിർത്തിക്കൊണ്ട് അവന്റെ പേരിൽ ആണയിട്ടു പറയുന്നു:

ഏതൊരുവന്റെ കൈയ്യിലാണോ എന്റെ ജീവൻ ഇരിക്കുന്നത് ആ അല്ലാഹുവിന്റെ പേരിൽ ആണയിട്ടു കൊണ്ട് പറയുന്നു ഹദ്റത്ത് റസൂൽ കരീം (സ) സഹീയായ ഹദീസുകളിൽ പ്രവചിച്ചതനുസരിച്ച്, ഞാൻ വാഗ്ദത്തം ചെയ്യപ്പെട്ട മസീഹാണ്. ഈ പ്രവചനം സഹീഹുൽ ബുഖാരിയിലും മുസ്‌ലിമിലും ഇതര സഹീഹുകളിലുമുണ്ട്. (മൽഫൂസാത്ത്. വാ 1 പേ. 213)

വീണ്ടും അരുൾ ചെയ്യുന്നു:

ഞാൻ വാഗ്ദത്തം ചെയ്യപെട്ട മസീഹാണ്. ഏതൊരാളുടെ പേര് ഹദ്റത്ത്റസൂൽ തിരുമേനി (സ) നബിയുല്ലാഹ് എന്നു വെച്ചിരിക്കുന്നുവോ ആ ആൾ ഞാൻ തന്നെയാണ്. (നുസൂലുൽ മസീഹ്. പേജ് 46)

തനിക്ക് ലഭ്യമായ ഈ ആത്മീയ സ്ഥാനത്തിന്റെ യാഥാർഥ്യം വിവരിച്ചു കൊണ്ട് അദ്ദേഹം എഴുതുന്നു

ഞാൻ നബി (സ) തിരുമേനിയുടെ ഉമ്മത്തിയും അനുസാരിയും അല്ലായിരുന്നുവെങ്കിൽ ലോകത്തുള്ള സർവ പർവതങ്ങൾക്കും സമാനമായി പുണ്യകർമ്മങ്ങൾ ഞാൻ ചെയ്തിട്ടുണ്ടെന്നാലും അല്ലാഹുവിൽ നിന്നുള്ള മധുര ഭാഷണത്താൽ ഞാൻ അനുഗൃഹീതനാകുമായിരുന്നില്ല. എന്തെന്നാൽ മുഹമ്മദിയ്യാ നുബുവ്വത്ത് അല്ലാത്ത മറ്റെല്ലാ നുബുവ്വത്തുകളും നിർത്തലാക്കിയിരിക്കുകയാണ്. ശരീഅത്തോടു കൂടിയ ഒരു പ്രവാചകനും ഇനി വരികയില്ല. ശരീഅത്തില്ലാത്ത നബി ഇനി വരാവുന്നതാണ്. പക്ഷേ ആ നബി ഒന്നാമതായി തിരുനബി(സ) യുടെ ഉമ്മത്തിയായിരിക്കേണ്ടതാണ്. (തജല്ലിയാത്തെ ഇലാഹിയ്യ, ഭാ 24, 25)

മേൽ വിവരിച്ച യഥാർഥ്യങ്ങളുടെ വെളിച്ചത്തിൽ ഹദ്റത്ത് അഹ്മദ്(അ)ന്റെ വാഗ്ദത്ത് മഹ് ദി വാദത്തെക്കുറിച്ച് അവലോകനം നടത്തുന്നതിന് മുമ്പായി ഒരു ദൈവനിയുക്തവാദിയുടെ വാദത്തോട് നാം എങ്ങനെയാണ് പ്രതികരിക്കേണ്ടതെന്ന് വിശുദ്ധ ഖുർആനിലെ അദ്ധ്യാപനത്തിലേക്ക് ശ്രദ്ധക്ഷണിക്കാനാഗ്രഹിക്കുന്നു. അതായത് ഖുർആൻ പറയുന്നു:

**പറയുക: നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ ഈ വാദി അല്ലാഹുവിൽ നിന്നാകുകയും എന്നിട്ട് നിങ്ങൾ അദ്ദേഹത്തെ നിഷേധിക്കുകയും ചെയ്യുന്നതായാൽ വിദുരമായ ഭിന്നതയിൽ ഉള്ളവനേക്കാൾ കൂടുതൽ വഴിപിഴച്ചവൻ മറ്റാരാണ്. ഈ വാദി സത്യവാനാണെന്ന് അവർക്ക് സ്പഷ്ടമായി മനസ്സിലാക്കുവാൻ നമ്മുടെ ദൃഷ്ടാന്തങ്ങളെ ദിങ്ങ്മണ്ഡലങ്ങളിലും (ആകാശദൂതുകളിലും) അവരുടെ നഫ്സുകളിൽ തന്നെയും നാം**

**വേഗം അവർക്ക് കാണിച്ചു കൊടുക്കുന്നതാണ്. നിന്റെ നാഥൻ എല്ലാ കാര്യത്തിനും സാക്ഷിയാണെന്ന് (അവർക്ക് മതിയായ തല്ലേ? (41: 53-54)**

വീണ്ടും മറ്റൊരു സ്ഥലത്ത് പറയുന്നു:

**നിങ്ങളുടെ അടുക്കലുള്ളതിനെ സാക്ഷീകരിച്ചുകൊണ്ട് ഞാനിറക്കിയതിനെ നിങ്ങൾ വിശ്വസിക്കുക. ആ ആളെ നിഷേധിക്കുന്നതിൽ നിങ്ങൾ മുമ്പനാകരുത്(2:42)**

പ്രസ്തുത രണ്ട് തിരുവാക്യങ്ങളുടെയും വെളിച്ചത്തിൽ ഹദ്റത്ത് അഹ്മദി(അ)ന്റെ വാദത്തെക്കുറിച്ചും അതിന് നിദാനവും സാക്ഷ്യവുമായ വിശുദ്ധ ഖുർആനിൽ നിന്നും തെളിയുന്ന തെളിവുകളെക്കുറിച്ചും കൂലങ്കഷമായി ചിന്തിക്കേണ്ടതുണ്ട്. വാദം ശ്രവിച്ച മാത്രയിൽ എതിർക്കുകയും നിഷേധിക്കുകയും ഹാലിളകി കൊണ്ട് കുഫ്ർ ഫത്വ പുറപ്പെടുവിക്കുകയും ചെയ്യുന്നത് **'നിഷേധിക്കുന്നവരിൽ മുമ്പനാകരുത്'** എന്ന ഖുർആനികാദ്ധ്യാപനത്തിനെതിരാണ്. ഇതിനുള്ള ഉത്തമ മാതൃക ഹദ്റത്ത് റസൂൽ കരീം (സ) തിരുമേനിയിൽ നിന്ന് നമുക്ക് മനസ്സിലാക്കാം. അതായത് ഹദ്റത്ത് റസൂൽ കരിം (സ) ന്റെ അടുക്കൽ ഒരു വ്യാജ നുബുവ്വത്ത് വാദവുമായി ഇബ്നു സയാദ് എന്നയാൾ വന്നു **'അശ്ഹദു ഇന്നീ റസുലുല്ലാഹി'** ഞാൻ ഒരു ദൈവപ്രവാചകനാണെന്ന് താങ്കൾ സാക്ഷ്യം വഹിക്കുന്നുവോ? എന്നുചോദിച്ചു. അതിനുള്ള പ്രതികരണമെന്നോണം തിരുനബി (സ) അയാളെ എതിർക്കുകയോ ഞാൻ നബിയായിരിക്കെ നിങ്ങൾക്ക് ഇപ്രകാരം വാദിക്കാനും ചോദിക്കാനും ഉള്ള അധികാരമെന്തുണ്ട് എന്ന് പാറയുകയോ നീ കള്ള വാദിയാണെന്നു പറഞ്ഞു ഖണ്ഡിക്കുകയോ അയാളെ വധിക്കുവാൻ ശ്രമിക്കുകയോ ചെയ്യാതെ വളരെ സൗമ്യനായി ഹദ്റത്ത് റസൂൽ തിരുമേനി (സ) കൊടുത്ത മറുപടി **'ആമന്ത്തു ബില്ലാഹി വ റസൂലിഹി'** ഞാൻ അല്ലാഹുവിലും അവന്റെ ദൂതന്മാരിലും വിശ്വസിക്കുന്നു എന്നായിരുന്നു.

ഇത്രയും ആമുഖമായി വിവരിച്ചതിന് ശേഷം, പ്രസ്തുത ആയത്തിന്റെ വെളിച്ചത്തിൽ ഹദ്റത്ത് അഹ്മദി(അ)ന്റെ സത്യത്തിന് സാക്ഷ്യമായി വിശുദ്ധ ഖുർആൻ നൽകുന്ന മാനദണ്ഡം എന്താണെന്ന് നോക്കുക. അതിനായി ഹദ്റത്ത് റസൂൽ തിരുമേനി (സ) യുടെ സത്യത്തിന് നിദാനമായി വിശുദ്ധ ഖുർആൻ കാണിക്കുന്ന മാർഗദർശനം മാർഗദീപമായി കാണേണ്ടതാണ്.

ഒരു ദൈവനിയുക്തവാദിയുടെ സത്യ സാക്ഷ്യത്തിനായി അദ്ദേഹത്തിന്റെ വാദത്തിന് മുമ്പുള്ള ജീവിതം പവിത്രവും നിഷ്കളങ്കവും കുറ്റമറ്റതുമായിരിക്കണമെന്ന മാനദണ്ഡം വിശുദ്ധ ഖുർആൻ സമർപ്പിക്കുന്നു. അല്ലാഹുവിന്റെ കൽപ്പനയനുസരിച്ച് ഹദ്റത്ത് റസൂൽ തിരുമേനി(സ) മക്കയിലെ അവിശ്വാസികളെ ഇപ്രകാരം ഉൽബോധിപ്പിക്കുകയുണ്ടായി.

**ഇതിന് മുമ്പ് ഒരു ദീർഘ കാലം ഞാൻ നിങ്ങളുടെ മുമ്പിൽ ജീവിച്ചിരുന്നുവല്ലോ. എന്നിട്ടും നിങ്ങൾ കാര്യങ്ങൾ ഗ്രഹിക്കുന്നില്ലേ? (10:17)** ഹദ്റത്ത് റസൂൽ കരീം(സ) തന്റെ സത്യതയെ തെളിയിക്കുന്നതിനായി മക്കയിലെ വിഗ്രഹാരാധകരും അവിശ്വാസികളുമായവരുടെ മുമ്പാകെ വെച്ചിരുന്ന സത്യസാക്ഷ്യം ഇതായിരുന്നു. ഞാൻ എന്റെ വാദത്തിന് മുമ്പ് നിങ്ങൾക്കിടയിൽ നാൽപ്പത് വർഷക്കാലം ജീവിച്ചിരുന്നുവല്ലോ എന്റെ ജീവിതത്തിൽ എന്തെങ്കിലും ന്യൂനതയോ പോരായ്മയോ അസത്യമോ നിങ്ങൾക്ക് തെളിയിക്കാൻ സാധിക്കുമോ? എന്റെ പരിശുദ്ധ ജീവിതം കാരണം നിങ്ങൾ എനിക്ക് **'സിദ്ദീക്ക്'** എന്നും **'അമീൻ'** എന്നും ഉള്ള പേരുകൾ നൽകിയിരുന്നില്ലേ? ഞാനെന്റെ ബല്യകാലവും യൗവ്വനവും പിന്നിട്ടു നാൽപ്പതാമത്തെ വയസ്സിൽ നിങ്ങളുടെ മുമ്പിൽ നിറഞ്ഞു നിൽക്കുകയാണ്. എന്റെ പരിശുദ്ധ ജീവിതം ദർശിച്ച് നിങ്ങൾ **' മാ ജർ റബനാ അലൈക്ക സിദ്ക്ക്'** (നിന്നിൽ ഞങ്ങൾക്ക് സത്യമല്ലാതെ മറ്റൊന്നും തന്നെ കാണുവാൻ സാധിച്ചിട്ടില്ല) എന്ന് ഐക്യ കണ്ഠേന നിങ്ങൾ സാക്ഷ്യം വഹിച്ചില്ലേ? എന്നിരിക്കെ ഞാൻ പെട്ടെന്ന് ഒരു സുപ്രഭാതത്തിൽ ഒരു പെരും കള്ളം പറഞ്ഞുവെന്നാണോ നിങ്ങൾ പറയുന്നത് ? അതും സർവലോക നിയന്താവും സർവജ്ഞനും ആയ അല്ലാഹുവിന്റെ പേരിൽ കറ്റുകെട്ടി കള്ള വാദം പുറപ്പെടുവിക്കുകയാണെന്ന് നിങ്ങൾക്കെങ്ങനെ പറയുവാൻ സാധിക്കും? ഹദ്റത്ത് റസൂൽ തിരുമേനി(സ)യുടെ ഈ വെല്ലുവിളി സ്വീകരിക്കുവാൻ അന്നും ഇന്നും ആർക്കും സാധിച്ചിരുന്നില്ല.

ചുരുക്കത്തിൽ ആ പുണ്യാത്മാവ് തന്റെ വാദത്തിന് സത്യ സാക്ഷ്യമായി ലോകത്തിന് മുമ്പിൽ വെച്ച മാനദണ്ഡം തന്റെ പരിശുദ്ധവും പരിപാവനവുമായ ജീവിതമായിരുന്നു. അതേ പ്രകാരം വഗ്ദത്ത മഹ്ദിയും തന്റെ സത്യത്തിന് നിദാനമായി എടുത്ത് കാണിക്കുന്നത് തന്റെ വാദത്തിന് മുമ്പുള്ള പവിത്ര ജീവിതമാണ്. അദ്ദേഹമരുൾ ചെയ്യുന്നു:

*' വാദത്തിന് മുമ്പുള്ള എന്റെ ജീവിതത്തിൽ നിന്ന് നിങ്ങൾ കളവ്, വഞ്ചന, കറ്റുകെട്ട് മുതലായ ഒരു ന്യൂനതയും ദോഷവും എടുത്തു കാണിക്കുവാൻ സാധിക്കുന്നതല്ല. പണ്ടുമുതലെ കളവും വഞ്ചനയും കൈമുതലായുള്ള ഒരാൾ പെട്ടെന്ന് ഇങ്ങനെ ഒരു വാദം പുറപ്പെടുവിക്കുന്നതാണല്ലോ സംശയകരമായിരിക്കുക. എന്റെ ജീവിതത്തിൽ എന്തെങ്കിലും ഒരു ദൂഷ്യം എടുത്ത് കാണിക്കുവാൻ സാധിക്കുമോ? ആരംഭത്തിൽ തന്നെ എന്റെ ജീവിതം ഭയഭക്തിയിലും തഖ്വയിലും അധിഷ്ഠിതമാക്കിയത് എനിക്ക് ലഭിച്ച മഹാ ഭാഗ്യമാണ്. ചിന്തിക്കു*

*ന്നവർക്ക് ഇതും ഒരടയാളമാണ്. (തദ്കിറത്തുശ്ശഹാദതൈത്തൻ, പേ. 62)*

*അക്രമികളായ എതിരാളികളുടെ വായടക്കുവാൻ അല്ലാഹു ഇൽഹാം മുഖേന എന്നെ ഇപ്രകാരം അറിയിച്ചിരിക്കുന്നു. ഇവരോടു ചോദിക്കുക. എന്റെ നാൽപ്പത് വർഷക്കാലത്തെ ജീവിതം ഒരു തുറന്ന പുസ്തകം പോലെ നിങ്ങളുടെ മുമ്പാകെ ഉണ്ടല്ലോ. ആ ജീവിതത്തിൽ എന്തൊരു ദൂഷ്യവും ന്യൂനതയുമാണ് നിങ്ങൾക്ക് കാണുവാൻ സാധിച്ചത്! ഏതെങ്കിലും ഒരു കളവ്, ചതി എന്റെ ജീവിതത്തിൽ നിന്ന് നിങ്ങൾക്ക് എടുത്തുകാണിക്കുവാൻ സാധിക്കുമോ? (തിരിയാക്കുൽ ഖുലൂബ്)*

അദ്ദേഹം വീണ്ടും പറയുന്നു:

എനിക്കിപ്പോൾ അറുപ്പത്തഞ്ചു വയസ്സായി. എന്റെ അടുത്തോ അകലത്തോ താമസിക്കുന്ന ആർക്കും തന്നെ എന്റെ ഇതപര്യന്തമുള്ള ജീവിതത്തിൽ നിന്ന് ഒരു പോരായ്മയും എടുത്തുകാണിക്കുവാൻ സാധ്യമല്ല. മാത്രമല്ല എന്റെ വാദത്തിന് മുമ്പുള്ള ജീവിതത്തിന്റെ പരിശുദ്ധത അല്ലാഹു എന്റെ ശത്രുക്കളെ കൊണ്ടു തന്നെ പറയപ്പിച്ചിരിക്കുന്നു. ഉദാഹരണമായി മൗലവി മുഹമ്മദ് ഹുസൈൻ സാഹിബ് തന്റെ ഇശാഅത്തു സുന്ന എന്ന മാസികയിൽ ഈയുള്ളവനെയും കുടുംബത്തെയും കുറിച്ച് തനിക്കറിയുന്നത് പോലെ മറ്റാർക്കും അറിയില്ലെന്ന് വാദിച്ചിരിക്കുന്നു. അങ്ങനെ എനിക്കെതിരായി പുറപ്പെടുവിക്കപ്പെട്ട ഫത്‌വകളുടെ കാരണക്കാരായ ഒരു ശത്രുവിനെക്കൊണ്ട് തന്നെ അല്ലാഹുവിന്റെ പരിശുദ്ധതയെ കുറിച്ച് ഫഖദ്‌ലബിസ്ത്തു ഫീക്കും എന്ന സത്യസാക്ഷ്യം പൂർത്തികരിച്ചിരിക്കുന്നു. (നുസൂലുൽ മസീഹ്)

ഹദ്റത്ത് വാഗ്ദത്ത മസീഹിന്റെ ഈ വാദം അദ്ദേഹത്തിന്റെ സത്യ സാക്ഷ്യത്തിനുള്ള സുശക്തമായ ഒരു തെളിവാകുന്നു. അദ്ദേഹത്തിന്റെ വാദത്തിന് മുമ്പുള്ള ജീവിതത്തിൽ ആർക്കും ഇന്നു വരെ ഒരു ന്യൂനതയും പോരായ്മയും ദൂഷ്യവും ചുണ്ടിക്കാണിക്കുവാൻ സാധിച്ചിട്ടില്ല. എന്നുമാത്രമല്ല ഹദ്റത്ത് വാഗ്ദത്ത മസീഹ് സുചിപ്പിച്ച മൗലവി മുഹമ്മദ് ഹുസൈൻ ബട്ടാലവി അദ്ദേഹത്തിന്റെ പവിത്ര ജീവിതത്തെ പറ്റി ഇപ്രകാരം ഏറ്റുപറയുന്നു:

*ബറാഹീനെ അഹ്മദിയ്യായുടെ ഗ്രന്ഥകർത്താവിന്റെ സ്ഥിതികളെയും അദ്ദേഹത്തിന്റെ ചിന്താഗതികളെയും കുറിച്ച് നാം അറിയുന്നത് പോലെ നമ്മുടെ സമകാലീനന്മാർക്ക് അധികവും അറിവുണ്ടായിരിക്കയില്ല. അദ്ദേഹം എന്റെ സ്വന്തം നാട്ടുകാരനും ആദ്യകാല സഹപാഠിയുമായിരുന്നു. (ഇശാഅത്തുസുന്ന: വോ 7. പേ 176)*

*ബറാഹീനെ അഹ്മദിയ്യ ആ ഗ്രന്ഥ കർത്താവ് അനുകൂലമായും പ്രതികൂലമായും ഉള്ള അനുഭവങ്ങളുടെ സാക്ഷ്യങ്ങളുടെയും വെളിച്ചത്തിൽ (അല്ലാഹു പോരുന്നവനാണ്) ശരീഅത്തെ മുഹമ്മദിയ്യായിൽ അധിഷ്ഠിതവും പരിശുദ്ധവാനും സത്യാത്മാവും ആണ്. (ഇശാ അത്തുസുന്ന: വോ, 7,പേ,384)*

*ധനം കൊണ്ടും ദേഹം കൊണ്ടും പേനകൊണ്ടും നാവുകൊണ്ടും പ്രവൃത്തികൊണ്ടും വാക്കുകൊണ്ടും ഇസ്‌ലാമിന്‌വേണ്ടി ഈ ഗ്രന്ഥകർത്താവിനെ പോലെ സേവനം ചെയ്തിട്ടുള്ളവർ പൂർവിക മുസ്‌ലിംകളിൽ പോലും വളരെ വിരളമായേ കാണപ്പെടുന്നുള്ളു. (ഇശാഅത്തുസുന്ന: വോ, 6 പേ, 169,100)*

അഹ്മദിയ്യാ ജമാഅത്തിന്റെ മറ്റൊരു ബദ്ധവൈരിയായിരുന്ന മൗലാനാ സഫർ അലി ഖാൻ തന്റെ സമീന്ദാർ എന്ന പത്രത്തിൽ ഹദ്റത്ത് അഹ്മദി(അ)നെ ക്കുറിച്ചുള്ള ചരമക്കുറിപ്പിൽ എഴുതുന്നു

*'യൗവന ദശയിൽ പോലും അദ്ദേഹം വളരെയധികം സാത്വികനും മുത്തഖിയും ആയ ഒരു മാന്യദേഹമായിരുന്നുവെന്ന് ഒരു ദൃക്‌സാക്ഷിയെന്നോണം ഞാൻ സാക്ഷ്യം വഹിക്കുന്നു. വ്യക്തി പരമായി അദ്ദേഹത്തിന്റെ വാദഗതികളോട് പൂർണ്ണമായി യോജിക്കുവാൻ സാധിക്കുകയില്ലെങ്കിൽ കൂടി അദ്ദേഹം യഥാർത്ഥ മുസൽമാനാണെന്ന് ഞങ്ങൾക്ക് പറയുവാൻ സാധിക്കുന്നതാണ്. ' (സമീന്ദാർ)*

അഹ്മദിയ്യാ ജമാഅത്തിന്റെ മറ്റൊരു ബദ്ധവൈരിയായിരുന്ന മൗലവി സനാഉല്ലാ അമൃത്‌സരി തന്റെ **'താരീഖെ മിർസാ'** എന്ന പുസ്തകത്തിലെഴുതുന്നു:

*എപ്രകാരം മിർസാ സാഹിബിന്റെ ജീവിതത്തിനു രണ്ട് ഭാഗങ്ങളുണ്ടോ അതേ പ്രകാരം മിർസാ സാഹിബുമായുള്ള എന്റെ ബന്ധത്തിനും രണ്ട് ഭാഗങ്ങളുണ്ട്. ബറാഹീനെ അഹ്മദിയ്യാ വരെയും അതിന് ശേഷവും ബറാഹീൻ വരെ ഞാൻ മിർസാ സാഹിബിനോട് സദ്ഭാവന വെച്ച് പുലർത്തിയിരുന്നു. ഒരിക്കൽ എനിക്ക് പതിനേഴോ പതിനെട്ടോ വയസ്സുള്ളപ്പോൾ അദ്ദേഹത്തെ സന്ദർശിക്കാനുള്ള അഭിവാഞ്ഛയിൽ ഞാൻ ബട്ടാലയിൽനിന്നും ഖാദിയാനിലേക്ക് കാൽനടയായി ചെന്നിരുന്നു. (താരീഖെ മിർസാ, പേ. 53)*

ചുരുക്കത്തിൽ ഹദ്റത്ത് അഹ്മദ് (അ)ന്റെ വാദത്തിന് മുമ്പുള്ള പവിത്ര ജീവിതം നിർണായകമായൊരു സത്യ സാക്ഷ്യമാണ്. വിശുദ്ധ ഖുർആൻ കാണിച്ചു തന്ന ഈ മാനദണ്ഡം ആ മഹാത്മാവിന്റെ സത്യസാക്ഷ്യത്തിനുള്ള അനിഷേധ്യമായ ഒരു തെളിവാണ്.

www.alislam.org

# യാക്കോബ് (ജെയിംസ്): യേശുവിന്റെ അർദ്ധ സഹോദരൻ

ഇസ്രയേലിൽ നിന്നും പ്രസിദ്ധീകരിക്കുന്ന The Jerusalem Post എന്ന പത്രത്തിൽ വന്ന റിപ്പോർട്ടാണ് താഴെകൊടുക്കുന്നത്. യേശുവിന്ന് സഹോദരനാണ് ജേക്കബ് അഥവാ ജെയിംസ്. ഇത് കൂടാതെ യേശുവിന്റെ മാതാവിന്ന് മറ്റു സന്താനങ്ങളുണ്ടായിരുന്നുവെന്നും റിപ്പോർട്ട് അവകാശപ്പെടുന്നു.

യേശുവിന് ഒരു സഹോദരൻ ഉണ്ടായിരുന്നു എന്നുള്ളതിന് പുതിയ പുരാവസ്തു തെളുവുകൾ അവകാശപെട്ടു കൊണ്ട് ബൈബിൾ പൺഡിതനായ ബെൻ വിതറിംങ്ങ് മുന്നോട്ട് വന്നിരിക്കുന്നു.

വിതറിംങ്ങ്, ആസ്ബറി തിയോളജിക്കൽ സെമിനാരിയിലെ ബൈബിൾ പുതിയ നിയമം പ്രഫസറും നിയുക്ത പുരോഹിതനുമാണ്. യേശു മറിയയുടെ ഏക പുത്രനാണ് എന്ന ദീർഘകാലമായി നിലനിൽക്കുന്ന അവകാശ വാദമാണ്, വിതറിംങ്ങ് പൊളിച്ചെഴുതിയിരിക്കുന്നത്. ജെയിംസ് യേശുവിന്റെ സഹോദരനാണെന്ന് സി എൻ എന്നിനോട് അദ്ദേഹം വെളിപ്പെടുത്തുകയുണ്ടായി.

'ജോസഫിന്റെ മകൻ യാക്കോബ് (ജെയിംസ്)' എന്ന് അറാമിക്ക് ഭാഷയിൽ രേഖപ്പെടുത്തിയ അസ്ഥികൾ അടക്കം ചെയ്ത 2000 വർഷത്തെ പഴക്കമുള്ള ഒരു പെട്ടി ലഭിച്ചതിനെ തുടർന്നാണ് ഈ അവകാശവാദം വിതറിംങ്ങ് പുറപ്പെടുവിച്ചിട്ടുള്ളത്. അതീവ പ്രാധാന്യമുള്ള ഈ കണ്ടെത്തൽ മറിയക്ക് യേശു മാത്രമല്ല മറ്റു സഹോദരന്മാരും സഹോദരിമാരും ഉണ്ടായിരുന്നു എന്ന ബൈബിളിന്റെ പരാമർശത്തിന്ന് ശക്തി പകരുകയാണ്.

ബൈബിൾ വചനത്തിൽ ഇവൻ ആ മരപ്പണിക്കാരനല്ലേ? മറിയമിന്റെ മകൻ! യാക്കോബ്, യോനെ യൂദാ, ശിമയോൺ എന്നിവരുടെ സഹോദരൻ ഇവന്റെ സഹോദരിമാരും നമ്മേടൊപ്പമില്ലേ? (മാർക്കോസ്. 6:3) കൂടുതൽ തെളിവുകൾ പോൾ ഗലാത്തിയക്കാർക്കെഴുതിയ കത്തുകളിൽ കാണാം. 'പിന്നെ മുന്ന് സംവത്സരങ്ങൾക്ക് ശേഷം, കേപ്പായെ കാണാൻ ഞാൻ ജെറുശലേമിൽ ചെന്നു. അവിടെ അയാളുടെ കൂടെ പതിനഞ്ചു ദിവസം താമസിച്ചു. കർത്താവിന്റെ സഹോദരനായ യാക്കോബിനെയല്ലാതെ മറ്റൊരു അപ്പോസ്തലനേയും ഞാൻ കണ്ടില്ല. (പൗലോസ് ഗലാത്തി: 1 : 18)

യേശുവിന്റെ സഹോദരൻ സഹോദരി എന്നീ വിശേഷണങ്ങൾ അക്ഷരാർത്ഥത്തിലുള്ളതല്ലെന്നും അലങ്കാരികമാണെന്നുമാണ് നൂറ്റാണ്ടുകളോളമായി മത പണ്ഡിതന്മാർ വാദപ്രതിവാദം നടത്തി വരികയായിരുന്നു. മറിയം യേശുവിനെ അത്ഭുതകരമായി ഗർഭം ധരിച്ച് പ്രസവിച്ചതിന് ശേഷമാണ് മറ്റു സന്താനങ്ങൽ ജനിച്ചതെന്നാണ് വി തരിംങ്ങിന്റെ അഭിപ്രായം. മറിയം ശ്വാശതമായി ഒരു കന്യകയായിരുന്നു വെന്ന് ഒരിടത്തും പുതിയ നിയമം പറയുന്നില്ല. 'യേശുവിന്റെ അമ്മയായ മറിയം യോസേഫിന്ന് പ്രതിശ്രുത വധുവായിരിക്കെ അവർ സഹവസിക്കും മുമ്പ് പരിശുദ്ധാത്മവിനാൽ ഗർഭിണിയായി കാണപ്പെട്ടു' എന്ന് മാത്ര മാണ് ബൈബിൾ പുതിയ നിയമത്തിൽ ഉള്ളത്. അത് തീർച്ചയായും പിന്നീട് മറ്റു സന്താനങ്ങൾ യേശുവിന്ന് ഉണ്ടായിരുന്നതായി സൂചിപ്പിക്കുന്നു. യേശുവിന്റെ സഹേദരന്മാരും സഹോദരികളുമെന്നത് തീർച്ചയായും അക്ഷരാർത്ഥത്തിലുള്ള സഹോദരന്മാരും സഹോദരി കളും തന്നെയാണ്. ഇത് ശരിയാ ണെങ്കിൽ, ജേക്കബ് യേശുവിന്റെ അർദ്ധ സഹോദരനാണ് (The Jerusalem Post, 03.16.2015)

## സത്യവിശ്വാസിയുടെ ഇഹലോകം

അബൂഹുറൈറയിൽ നിന്ന് നിവേദനം: റസൂൽ തിരുമേനി(സ) പറഞ്ഞു: ഇഹലോകം സത്യ വിശ്വാസിയുടെ ബന്ധനാലയവും സത്യ നിഷേധിയുടെ സ്വർഗ്ഗാരാമവുമാണ്. (മുസ്‌ലിം)

കുറിപ്പുകൾ

# ന്യൂസിലൻഡ് കൂട്ടക്കൊല: വെള്ള വംശീയതയുടെ ഭീകര മുഖം

**മുസാഫിർ**



മനുഷ്യ മനസ്സാക്ഷിയെ നടുക്കിക്കൊണ്ട് ന്യൂസിലൻഡിൽ നടന്ന കൂട്ട മനുഷ്യഹത്യ അങ്ങേയറ്റം അപലപനീയമാണ്. ന്യൂസിലേൻഡിലെ ക്രൈസ്റ്റ് ചർച്ച് നഗരത്തിൽ മസ്ജിദുനൂറിലും 5 കിലോമീറ്റർ അകലെയുള്ള ലിൻവുഡിലും വെള്ളിയാഴ്ച്ച ജുമുഅ നമസ്ക്കാരത്തിന് എത്തിച്ചേർന്നവർക്ക് നേരെയാണ് അക്രമി തുരു തുരാ വെടിയുതിർത്തത്. ആസ്ട്രേലിയൻ സ്വദേശി ബ്രൻറൺ ടാരന്റ് എന്ന വെള്ളവംശീയ വാദ ഭീകരന്റെ വെടിയേറ്റാണ് വിശ്വാസികൾ രക്തസാക്ഷികളായത്. കൊല്ലപ്പെട്ടവരിൽ ഭൂരിഭാഗവും ദക്ഷിണേഷ്യയിൽ നിന്നും പശ്ചിമേഷ്യയിൽ നിന്നും കുടിയേറിപ്പാർത്ത മുസ്‌ലിം പ്രൊഫഷണലുകളാണ്. ബ്രൻറൺ ടാരന്റ് എന്ന കൊലയാളിയായ ഈ നരാധമൻ 17 മിനിറ്റോളം തന്റെ ഫേസ് ബുക്കിൽ ലൈവ് സ്ട്രീമിൽ ഈ ഭീകര രംഗങ്ങൾ തൽസമയം പോസ്റ്റ് ചെയ്യുകയും ചെയ്തു. മുറിവേറ്റ് കിടന്ന വരെ പലവട്ടം വെടിവെച്ച് നിഷ്ഠുരമായി ഈ കാട്ടാളൻ കൊല്ലുകയായിരുന്നു. മസ്ജിദ് നൂറിൽ നിന്നും പിന്നീട് 5 കിലോമീറ്റർ അകലെയുള്ള ലിൻവുഡ് ഇസ്‌ലാമിക് സെന്ററിലേക്കാണ് ഈ രക്തരക്ഷസ്സ് വേഗത്തിൽ കാറോടിച്ച് പോയത്. അവിടെ 7 പേരെ വകവരുത്തി. അവിടെ നിന്നും മൂന്നാമതായി ആശ്ബർട്ടണിലെ മസ്ജിദിലോ ഹോൺബൈയിലെ അൽനൂർ ചൈൽഡ് സെന്ററിലോ ആക്രമണം നടത്താനായിരുന്നു കൊലയാളിയുടെ പദ്ധതി എന്ന് പോലീസ് പിന്നീട് വെളിപ്പെടുത്തുകയുണ്ടായി. അപ്പോഴേക്കും അയാൾ പോലീസ് പിടിയിലായി. ഇബ്രാഹിം എന്ന 3 വയസ്സുകാരൻ മുതൽ 77 വയസ്സുകാരനായ വൃദ്ധൻ ഉൾപ്പെടെ അൻപത് പേരാണ് കൊല്ലപ്പെട്ടത്. 42 പേർ മജിദ് നൂറിലും 7 പേർ ലിൻവുഡ് സെന്ററിലും ഒരാൾ ആശുപത്രിയിൽ വെച്ചുമാണ് മരണപ്പെട്ടത്. കൊടുങ്ങല്ലൂർ സ്വദേശി അൻസി എന്ന മലയാളിയടക്കം മൂന്ന് ഇന്ത്യക്കാരും ഭീകരാക്രമണത്തിൽ കൊല്ലപ്പെട്ടു. ന്യൂസിലൻഡിൽ 46,000 മുസ്‌ലിം മതവിശ്വാസികളാണുള്ളത്. ജനസംഖ്യയുടെ 1.2 ശതമാനം മാത്രമാണ് അവിടുത്തെ മുസ്‌ലിം ജനസംഖ്യ.

യൂറോപ്പിലുടനീളം അസഹിഷ്ണുതയും കുടിയേറ്റ വിരുദ്ധതയും വിദേശികളോടുള്ള വിരോധവും (Xenophobia) വംശീയ വാദവും മുസ്‌ലിം വിരോധവും മറ്റൊരു കാലത്തുമില്ലാത്ത വിധം വളരുകയാണ്. തീവ്രവലത് പക്ഷ ഗ്രൂപ്പുകളുടെയും നേതാക്കന്മാരുടെയും അതിവൈകാരികത നിറഞ്ഞ പ്രസ്താവനകൾക്കും അക്രമങ്ങൾക്കും ലഭിക്കുന്ന ജനപിന്തുണ കണ്ട് മുഖ്യധാരയിലുള്ള രാഷ്ട്രീയ നേതാക്കന്മാർ ഇതിനെതിരെ പ്രതികരിക്കാൻ മടിക്കുകയാണ്. അങ്ങനെ യൂറോപ്പിൽ ദിവസം കഴിയുന്തോറും തീവ്രവാദവും



അസഹിഷ്ണുതയും മേൽക്കൈ നേടിക്കൊണ്ടിരിക്കയാണ്. യൂറോപ്പിൽ മാത്രമല്ല, ലോകത്തുടനീളമുള്ള മതങ്ങളിലും സമൂഹങ്ങളിലും ഈ പ്രതിഭാസം ഒരു രോഗം പോലെ പടരുകയാണ്. ആധുനിക കാലത്ത് വളരെ പ്രബുദ്ധവും ഉദാരവുമായിരുന്ന യൂറോപ്പിൽ രാഷ്ട്രീയ രംഗത്ത് ഇത്തരം രാഷ്ട്രീയ പാർട്ടികളും നേതാക്കന്മാരും പെരുകുകയാണ്. ഹംങ്കറിയിലെ വിക്ടർ ഒർബാൻ നയിക്കുന്ന ഫിഡെസ് പാർട്ടി അതിലൊന്നാണ്. അയാളുടെ പാർട്ടി ഇപ്പോൾ അവിടെ അധികാരത്തിലാണ്. പോളണ്ടിലെ ലോ ആന്റ് ജസ്റ്റീസ് പാർട്ടി അവിടെ ഭരണപങ്കാളിയാണ്. നീതി വകുപ്പ് മന്ത്രിയായിരുന്ന ലെക് കാചിൻസ്കിയും അദ്ദേഹത്തിന്റെ സഹോദരൻ ജെറേസ് ലെക്കാചിൻസ്കിയും പോളണ്ടിലെ ഈ തീവ്ര രാഷ്ട്രീയ കക്ഷിയുടെ നേതാക്കന്മാരാണ്. ഫ്രാൻസിലെ നാഷണൽ ഫ്രണ്ട് നേതാവായ ജീൻ മാരീലീ പെന്നും അവരുടെ മകൾ മരീൻ ലീ പെന്നുമാണ് ഫ്രാൻസിലെ വലത് പക്ഷ തീവ്രവാദത്തിന്റെ വക്താക്കൾ. 2014ലെ വോട്ടെടുപ്പിൽ അവർ 26 ശതമാനം വോട്ട് നേടി ഫ്രാൻസിൽ റിപ്പബ്ലിക്കന്മാരെക്കാളും സോഷ്യലിസ്റ്റുകളെക്കാളും മുൻപന്തിയിലെത്തി. നെതർലൻഡിൽ ഗീർട്ട് വൈൽഡേഴ്സ് നയിക്കുന്ന ഫ്രീഡം പാർട്ടിയാണ് വലത് പക്ഷ തീവ്രവാദികൾക്ക് നേതൃത്വം കൊടുക്കുന്നത്. ഡച്ച് പാർലമെന്റിൽ വിശുദ്ധ ഖുർആനെ ഇയാൾ നഊദുബില്ലാഹ് ഫാസിസ്റ്റ് ബുക്ക് എന്നാണ് വിശേപ്പിച്ചത്. കടുത്ത മുസ്‌ലിം വിരോധിയായ ഇയാൾ 2015ലെ ഭീകരാക്രമണത്തിന് ശേഷം നെതർലൻഡിൽനിന്നും മുസ്‌ലിംകളെ പുറത്താക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. ജനാധിപത്യത്തിന്റെ ഈറ്റില്ലം എന്ന് വിശേഷിപ്പിക്കുന്ന ബ്രിട്ടനിലെ നിഗയേൽ ഫറാഗെയുടെ യു കെ ഇൻഡിപെൻഡന്റ് പാർട്ടി 2015 ലെ തിരഞ്ഞെടുപ്പിൽ 13 ശതമാനം വോട്ടാണ് നേടിയത്. കുടിയേറ്റ നിയമങ്ങൾ കൂടുതൽ കർശനമാക്കണമെന്നാണ് അവരുടെ വാദം. യൂറോപ്യൻ യൂണിയനിൽ നിന്നും യു.കെയെ പുറത്ത് ചാടിക്കുകയായിരുന്നു അവരുടെ മുഖ്യലക്ഷ്യം. അതുപോലെ ഇറ്റലിയിലെ നോർത്തേൺ ലീഗ്, ഗ്രീസിലെ ഗോൾഡൺ ഡോൺ മുതലായ പാർട്ടികളെല്ലാം യൂറോപ്പിലെ ഈ അസഹിഷ്ണുതയുടെ ഉഷ്ണകാലത്ത് കിളിർത്തുവന്ന വിദ്വേഷത്തിന്റേയും വെറുപ്പിന്റേയും അസുരവിത്തുകളാണ്. 2011 ൽ മറ്റൊരു വെള്ള ക്രിസ്ത്യൻ ഭീകരൻ നോർവെയിലെ തീവ്രവാദി ആൻഡേഴ്സ് ബ്രിവിക്സ് ബോംബെറിഞ്ഞും വെടിവെച്ചും 69 പേരെയാണ് വധിച്ചത്. അയാൾ ഒരു ക്രിസ്ത്യൻ കുരിശുയുദ്ധക്കാരനാണ് താൻ എന്ന് ഈന്റർനെറ്റിൽ പോസ്റ്റ് ചെയ്യുകയുണ്ടായി.

ഈ അവസരത്തിൽ പാകിസ്താനിലെ പഞ്ചാബിൽ 2010 ൽ ഇതേപേരിലുള്ള അഹ്മദികളുടെ മസ്ജിദുന്നൂറിലും ബൈത്തുദിക്റിലും തഹ്‌രീക്കെ താലീബാൻ എന്ന പാകിസ്താൻ ഭീകര സംഘടന നടത്തിയ വെടിവെപ്പിൽ 94 പേരാണ് ശഹീദായത്. ഭീകരവാദികൾക്ക് മതമില്ല അത് മാനസികമായ ആതുരാവസ്ഥയുടെ ഒരു മൂർത്തരൂപമാണ്. ഏത് മതത്തിലും ഏത് സാഹചര്യത്തിലും ഈ രോഗം ആളിക്കത്താം. മിക്കവാറും മതത്തിന്റെ വേഷം ധരിച്ചവർക്കാണ് അപ്രതിരോധ്യമായ ഈ രോഗബാധയുണ്ടാകുന്നത്.

യൂറോപ്പിൽ പരക്കെ കാണപ്പെടുന്ന വംശീയ വിദ്വേഷവും മുസ്‌ലിം വിരോധവും അലയടിച്ചുയരുന്ന പശ്ചാത്തലത്തിലാണ് ന്യൂസിലൻഡിൽ ഈ കൊടും ക്രൂരത അരങ്ങേറിയത്. ഇസ്‌ലാമോഫോബിയ എന്നറിയപ്പെടുന്ന ഈ നവ പ്രതിഭാസം 2001 സെപ്തംബറിൽ അമേരിക്കയിലുണ്ടായ ട്രേഡ് സെന്റർ ആക്രമണത്തിന് ശേഷമാണ് ആളിക്കത്തിയത്. വാസ്തവത്തിൽ ഫോബിയ എന്ന പദത്തിന്ന് യുക്തി രഹിതമായ ഭയം എന്നാണർഥം. യൂറോപ്പിനെ ഗ്രസിച്ചു കഴിഞ്ഞ ഈ ഇസ്‌ലാം പേടി അവിടുത്തെ മുസ്‌ലിം ജീവിതത്തെ സാരമായി ബാധിച്ചു തുടങ്ങിയിരിക്കുന്നു. സൂക്ഷ്മമായി നിരീക്ഷിച്ചാൽ നിക്ഷിപ്ത താൽപര്യക്കാർ ആ ഹീന വികാരം ബോധപൂർവം വളരെ ആസൂത്രിതമായി വളർത്തിയെടുത്ത് ആളികത്തിക്കുകയും ഒരു സാമൂഹിക മനോഗ്രസ്തിയാക്കിമാറ്റുകയും ചെയ്യുന്നതിന്റെ സൂചനകളാണ് നമുക്ക് കാണാൻ കഴിയുന്നത്. ഇസ്‌ലാം മാനവീയ മൂല്യങ്ങൾക്ക് വിരുദ്ധമാണ് എന്നാണ് അവർ പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നത്. പലപ്പോഴും അവരുടെ ഭയപ്പാടുകൾക്ക് ഉപോൽബലകമായ രീതിയിൽ മുസ്‌ലിം ജിഹാദികളുടെ വാദങ്ങളും പ്രവർത്തനങ്ങളും തെളിവായുണ്ടുതാനും. സായുധ ജിഹാദ് മുസ്‌ലിം ഉലമാക്കന്മാർ ഇത്വരെ

പൂർണമായും തള്ളിപറഞ്ഞിട്ടില്ല. ഈ ജിഹാദി വാദത്തിന്റെ സാന്നിദ്ധ്യമുള്ള മുസ്‌ലിം സമുദായത്തിന്റെ മറവിൽ പല രാഷ്ട്രീയ ലക്ഷ്യങ്ങൾ നേടാനും ഇസ്‌ലാമിനെ അപകീർത്തിപ്പെടുത്താനും ജിഹാദികളായ ഭീകരന്മാരെ പണം നൽകി വിലക്കെടുക്കാൻ നിക്ഷിപ്ത കക്ഷികൾക്ക് കഴിയുന്നു. കൃത്യം കഴിഞ്ഞാൽ അത് ജിഹാദിന്റെ വരവിൽ കണക്ക് വെക്കാനും എളുപ്പമാണ്. നിർഭാഗ്യകരമെന്ന് പറയട്ടെ യൂറോപ്പിലും അമേരിക്കയിലും വെള്ളവംശീയതയുമായി ചേർന്നുള്ള ക്രിസ്തുമതത്തിന്റെ ഭാഗത്ത് നിന്നുമുള്ള ഇസ്‌ലാമിനെ തിരെയുള്ള ഹീന വിമർശനങ്ങൾ ഇത്തരം ഭീകരവാദികൾക്ക് പ്രചോദനമേകുന്നതാണ്. ആദരണീയനായ പോപ് ഫ്രാൻസിസ് മാർപ്പാപ്പ തന്നെ 2016 ൽ ക്രിസ്ത്യൻ ഇവാഞ്ചലിസം ജിഹാദുമായി താരതമ്യം ചെയ്തത് ക്രിസ്തുമത മണ്ഡലത്തിൽ തന്നെ വിവാദമാവുകയുണ്ടായി.

### മാലാഖയെപ്പോലെ ഒരു പ്രധാനമന്ത്രി. !!

കടുത്ത വംശിയതയും ക്രിസ്ത്യൻ അസഹിഷ്ണുതയും വലത് പക്ഷ തീവ്രവാദവും കുടിയേറ്റ വിരുദ്ധതാ വാദവും നിലനിൽക്കുകയും മുസ്‌ലിംകൾക്കെതിരെ ഭീകരാക്രമണങ്ങൾ ഏറിവരികയും മുഖ്യ ധാരാ രാഷ്ട്രീയ പാർട്ടികൾ ഇതിനെതിരെ മൗനം പാലിക്കുകയും ചെയ്യുന്ന അവസരത്തിൽ മനുഷ്യത്വത്തിന്റെയും രാഷ്ട്രീയ നൈതികതയുടെയും മാലാഖയായി ഉയർന്ന ന്യൂസിലൻഡ് പ്രധാനമന്ത്രി ജസിൻഡ ആർഡേനെ നമുക്ക് മറക്കാൻ സാദ്ധ്യമല്ല. വിശ്വമാനവികതയുടെ ആദരം അർഹിക്കുന്ന ആ മഹതി പ്രദർശിപ്പിച്ച അസാധാരണമായ മനുഷ്യസ്നേഹവും ഇരകളോട് കാണിച്ച സഹാനുഭൂതിയും ഐക്യദാർഢ്യവും ലോക നേതാക്കന്മാർക്ക് മാതൃകയാണ്. അഹ്മദിയ്യാ ഖലീഫ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് ആ മഹതിയുടെ കർമധീരതയെ മുക്തകണ്ഠം പ്രശംസിക്കുകയുണ്ടായി. ആക്രമണം നടന്ന മസ്ജിദിൽ അവർ മുസ്‌ലിംകൾ ധരിക്കുന്ന ഹിജാബ് ധരിച്ചെത്തി. അതേ വേഷത്തിൽ കൊല്ലപ്പെട്ടവരുടെ ബന്ധുക്കളെ സമാശ്വസിപ്പിച്ചുകൊണ്ട് പറഞ്ഞ വാക്കുകൾ വിശ്വവ്യോമ മണ്ഡലത്തിൽ മാറ്റൊലി കൊള്ളുകയാണ്. ന്യൂസിലൻഡ് പ്രധാനമന്ത്രി ജസിൻഡ ആർഡേൺ അവിടുത്തെ ദുഃഖാർത്തരും കുടിയേറ്റക്കാരുമായ മുസ്‌ലിംകളോട് പറഞ്ഞു: 'നമ്മളൊന്നാണ്, അവർ ഞങ്ങളാണ്' വിഷം തുപ്പുന്ന വലത് പക്ഷ ആക്രോശം നടത്തുന്ന രാഷ്ട്രീയ നേതാക്കന്മാരുടെ ഇടയിൽ നിന്നും കേട്ട ഈ ആശ്വാസമൊഴി ചരിത്രത്തിന്റെ താളുകളിൽ സൂക്ഷിക്കേണ്ട അനർഘ മൊഴിമുത്തുകളാണ്. കൊല്ലപ്പെട്ടവരുടെ കുടുംബങ്ങൾക്ക് 74 ലക്ഷം ഡോളറാണ് (51,18,16,700രൂപ) അവർ സമാഹരിച്ചിരിക്കുന്നത്. യൂറോപ്പിൽ കുടിയേറ്റക്കാരോടുള്ള ആദരവും സ്നേഹവും പ്രകടമാക്കിയ ന്യൂസിലൻഡ് പ്രധാന മന്ത്രി വിശ്വശാന്തിയുടെ ജീവൽപ്രതീകമായി മാറുകയായിരുന്നു. ക്രൈസ്റ്റ് ചർച്ച് ഭീകരാക്രമണത്തിൽ കൊല്ലപ്പെട്ടവരോടുള്ള ആദര സൂചകമായി അടുത്ത വെള്ളിയാഴ്ച്ചത്തെ ബാങ്ക് വിളിയും പ്രാർഥനയും ടിവിയിലൂടെയും റേഡിയോയിലൂടെയും സംപ്രേഷണം ചെയ്തുകൊണ്ടാണ് അവർ പശ്ചാത്താപം പ്രകടിപ്പിച്ചത്. ന്യൂസിലൻഡ് മന്ത്രിസഭ ഈ സംഭവത്തിന് ശേഷം തോക്ക് നിരോധനം കൊണ്ടു വരികയും ചെയ്തിരിക്കുന്നു. അമേരിക്കയിൽ നിർബാധം ലഭ്യമാകുന്ന തോക്ക് ഉപയോഗിച്ചുള്ള കൂട്ടക്കൊലകളുടെ പരമ്പരകളുടെ തുടർച്ചതന്നെയുണ്ടായിട്ടും 73 ശതമാനം അമേരിക്കക്കാരും തോക്കു നിയന്ത്രണത്തെ അനുകൂലിക്കുന്നില്ല. ആയുധ നിർമ്മാണ കമ്പനികളും തോക്ക് നിയന്ത്രണത്തിനെതിരാണ്. അത്കൊണ്ട് അമേരിക്കയിൽ തോക്ക് കൊണ്ട് നടക്കുന്നതിൽ വലിയ നിയന്ത്രണങ്ങളൊന്നുമില്ല.

അയൽപക്ക രാജ്യത്ത് നിന്നും മെക്സിക്കൻ കുടിയേറ്റക്കാർ വരാതിരിക്കാൻ അമേരിക്ക അതിർത്തിയിൽ കരിങ്കൽ മതിലും ജന്മനാടായ ഫലസ്തീനിലേക്ക് വരാതിരിക്കാൻ ഫലസ്തീനികൾക്കെതിരെ ഇസ്റയേൽ വൈദ്യുത ഭിത്തിയും സ്ഥാപിക്കുകയും പല രാജ്യങ്ങളും കുടിയേറ്റക്കാർക്കെതിരെ നിയമ നിർമാണം നടത്തി വേർതിരിക്കലിന്റെയും ആട്ടിയകറ്റലിന്റേയും വംശീയവെറിയുടെയും രാഷ്ട്രീയം അരങ്ങു തകർക്കുന്ന ലോകത്ത് ന്യൂസിലൻഡ് പ്രധാന മന്ത്രിയെ പോലെ സംസാരിക്കാനും പ്രവർത്തിക്കാനും കഴിയുന്ന ഭരണാധികാരികൾ എല്ലാ രാജ്യങ്ങളിലും ഉണ്ടാവട്ടെ എന്ന് ആശിച്ചുപോകുകയാണ്.



# ന്യൂസിലൻഡ് അക്രമണം അപലപനീയം, പ്രധാന മന്ത്രിയുടെ കർമ്മ ധീരത മാതൃകാപരം

## – ഹദ്റത്ത് ഖലീഫത്തുൽ മസീഹ്



ന്യൂസിലൻഡ് ക്രൈസ്റ്റ് ചർച്ച് നഗരത്തിൽ നടന്ന മസ്ജിദ് ആക്രമണം അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ഖലീഫ ഹദ്റത്ത് മിർസാ മസൂർ അഹ്മദ് അപലപിക്കുകയും അക്രമത്തിന്ന് ശേഷം ന്യൂസിലാൻഡ് പ്രധാന മന്ത്രി ജസിൻഡ ആർഡനും ന്യൂസിലൻഡ് ജനതയും കാഴ്ച്ചവെച്ച പ്രവർത്തനങ്ങളെ മാതൃകാപരം എന്ന് വിശേഷിപ്പിച്ച് കൊണ്ട് അഭിനന്ദിക്കുകയുണ്ടായി. ലണ്ടനിൽ വെള്ളിയാഴ്ച്ച് ഖുതുബ ഉപസംഹരിക്കവേ അക്രമത്തിൽ തന്റെ ദുഖവും വ്യസനവും അദ്ദേഹം രേഖപ്പെടുത്തുകയുണ്ടായി. ഖലീഫത്തുൽ മസീഹ് പറഞ്ഞു: ***'കുട്ടികളടക്കം ധാരാളം നിരപരാധികളായ ആളുകൾ മതപരവും വംശപരവുമായ വിദ്വേഷത്താൽ കൊലചെയ്യപ്പെടുകയുണ്ടായി. അല്ലാഹുവിന്റെ കാരുണ്യം അവരിലെല്ലാവരിലും വർഷിക്കുമാറാകട്ടെ. സന്തപ്ത കുടുബങ്ങൾക്ക് അല്ലാഹു സഹനം നൽകുമാറാകട്ടെ.*** ന്യൂസിലൻഡ് ഭരണകൂടം ഉടനടി പ്രകടിപ്പിച്ച സഹാനുഭൂതിയും അവരുടെ ഉത്തരവാദിത്വ ബോധത്തെയും പ്രശംസിച്ച് ഖലീഫത്തുൽ മസീഹ് പറഞ്ഞു: മുസ്‌ലിം ഭരണ കൂടങ്ങൾ ന്യൂസിലൻഡ് ഭരണ നേതാക്കന്മാരുടെ മാതൃകയിൽ നിന്ന് പഠിക്കുകയും ചിന്തിക്കുകയും ചെയ്യട്ടെ. അദ്ദേഹത്തിന്റെ വാക്കുകൾ ഇപ്രകാരമായിരുന്നു. 'ന്യൂസിലൻഡ് ഭരണകൂടം പ്രത്യേകിച്ച് അവരുടെ പ്രധാനമന്ത്രി ഏറ്റവും ഉത്തമവും ധാർമികമായി ഉന്നതവുമായ രീതിലാണ് അക്രമത്തോട് പ്രതികരിച്ചിട്ടുള്ളത്. മുസ്‌ലിം രാഷ്ട്രങ്ങൾ ഈ മാതൃകയിൽ നിന്നും പഠിക്കണമെന്ന് ഞാൻ അവരോട് അഭ്യർത്ഥിക്കുന്നു. എല്ലാവരും എല്ലാവിധത്തിലുള്ള വെറുപ്പിന്റെ രൂപങ്ങളെ വിപാടനം ചെയ്യാൻ അവരവരുടെ കർത്തവ്യം നിർവ്വഹിക്കണമെന്നും ഹുസൂർ തിരുമനസ്സ് അഭ്യർത്ഥിച്ചു. അദ്ദേഹം തുടർന്നു: ***'ന്യൂസിലൻഡിലെ പൊതുജനം ഇരയാക്കപ്പെട്ടവർക്ക് അവരുടെ പൂർണ്ണ പിന്തുണ വാഗ്ദാനം ചെയ്യുകയുണ്ടായി. ന്യൂസിലാൻഡിലെ റേഡിയോയും ടിവിയും മുസ്‌ലിംകളോട് ഐക്യദാർഢ്യം പ്രകടിപ്പിച്ചു കൊണ്ട് അവരുടെ പ്രാർത്ഥനക്കായുള്ള ബാങ്ക് സംപ്രേക്ഷണം ചെയ്യുകയുണ്ടായി. പല ക്രിസ്ത്യൻ സ്ത്രീകളും മുസ്‌ലിം സ്ത്രീകളോട് അനുഭാവം പിന്തുണയും അറിയിച്ചു കൊണ്ട് ശിരോവസ്ത്രം ധരിക്കുകയും ചെയ്തു. അല്ലാഹു അവരുടെ സാത്വികമായ പ്രവർത്തനങ്ങൾ സ്വീകരിക്കുമാറാകട്ടെ.'*** മുസ്‌ലിം തീവ്രവാദികൾ ഇതിന്ന് പ്രതികാരം ചെയ്യുവാനുള്ള ആഹ്വാനത്തെ അദ്ദേഹം അപലപിക്കുകയുണ്ടായി. അത്തരം പറഞ്ഞു: ***പകപോക്കൽ വിദ്വേഷത്തിന്റേയും ശത്രുതയുടെയും ഒരിക്കലും ഒടുങ്ങാത്ത ഒരു ദൂഷിതവൃത്തം സൃഷ്ടിക്കപ്പെടുവാൻ മാത്രമെ സഹായകമാവു. അത്തരത്തിലുള്ള തീവ്രവാദി ഗ്രൂപ്പുകളെ അല്ലാഹു ലോകത്ത് നിന്ന് വിപാടനം ചെയ്യുകയും ലോകത്ത് ഇസ്‌ലാമിന്റെ യഥാർത്ഥത്തിലുള്ള ശാന്തിപൂർണ്ണമായ അദ്ധ്യാപനങ്ങൾ പ്രചരിക്കുകയും ചെയ്യുമാറാകട്ടെ.***

# എം സി മുഹമ്മദ് സാഹിബ്

പി. വി അഹ്മദ് കോയ

കൊടിയത്തൂർ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ദീർഘകാല പ്രസിഡന്റായിരുന്ന എം സി മുഹമ്മദ് സാഹിബ് (98) മാർച്ച് 2-ാം തീയതി അന്തരിച്ചു. ഇന്നാലില്ലാഹി വഇന്നാ ഇലയ്ഹി..........വെള്ള താടിയും വെള്ള തലപ്പാവും ധരിച്ച് ശുഭ്രവസ്ത്രത്തോടെ കാണുന്ന എം സി മുഹമ്മദ് സാഹിബ് ഓർമയായി. ഹൃദ്യമായ പുഞ്ചിരിയോടെ ആളുകളെ അഭിസംബോധന ചെയ്യുന്ന എം സി മുഹമ്മദ് സാഹിബ് ശത്രുക്കൾക്ക് പോലും ആദരണീയനായിരുന്നു.



യുവാവായിരിക്കുമ്പോൾ തന്നെ മത സംവാദ വിഷയങ്ങളിൽ തൽപരനായിരുന്ന എം സി സാഹിബ് 1949 ൽ ഈസാ നബിയുമായി ബന്ധപ്പെട്ട വിഷയത്തിന്റെ നിജസ്ഥിതി അറിയാൻ കണ്ണൂരിലെ സത്യദൂതൻ ഓഫീസുമായി ബന്ധപ്പെടുകയും അവിടെ നിന്ന് ലഭിച്ച സാഹിത്യങ്ങളിലൂടെ അഹ്മദിയ്യാ ജമാഅത്തിനെ പരിചയപ്പെടുകയുമാണുണ്ടായത്. മസീഹ് വാദം ഉന്നയിച്ചയാൾ സത്യാത്മാവാണെന്ന് അദ്ദേഹം തിരിച്ചറിയുകയായിരുന്നു. പിന്നീട് 1950 ഏപ്രിൽ 23 ന് കോഴിക്കോട് നടന്ന ആദ്യ ഖുദ്ദാമുൽ അഹ്മദിയ്യാ സമ്മേളനത്തിൽ വെച്ച് ബൈഅത്ത് ചെയ്ത് അഹ്മദിയ്യാ ജമാഅത്തിൽ അദ്ദേഹം അംഗമായി. അതിന് ശേഷം ജമാഅത്തിന്റെ ഊർജ്ജസ്വലനായ പ്രചാരകനും പ്രവർത്തകനുമായി അദ്ദേഹം മാറി. അദ്ദേഹത്തിന്റെ കൂടെ എം എം അബൂബക്കർ സാഹിബും ഉണ്ടായിരുന്നു. ഇവർക്കെതിരിൽ സാമൂഹിക ബഹിഷ്ക്കരണവും പള്ളിവിലക്കും നടപ്പാക്കി. സത്യ വിരോധികൾ എപ്പോഴും ഉപയോഗിക്കുന്ന മുന ഒടിഞ്ഞ ഈ ആയുധം സത്യാന്വേഷികളെ അവരിൽ നിന്നും അകറ്റാനെ ഉപകരിക്കുകയുള്ളൂ എന്ന് ബഹിഷ്ക്കരണ വാദികൾ മനസ്സിലാക്കിയില്ല. അഹ്മദികളെ സഹായിക്കാൻ വന്ന ഉണ്ണിമോയിൻ സാഹിബിനും ഈ സാമൂഹിക ബഹിഷ്ക്കരണം അനുഭവിക്കേണ്ടിവന്നു. പിന്നീട് ആ ബഹിഷ്ക്കരണം പിൻവലിക്കപ്പെടുകയാണുണ്ടായത്. അതിന് ശേഷമാണ് എം. എ. മുഹമ്മദ് സാഹിബ്, ടി. ഹുസൈൻ സാഹിബ്, കെ. പി. മുഹമ്മദ് സാഹിബ്, ഇമ്പിച്ചി അലി സാഹിബ് പി. പി. അബ്ദുർറഹ്മാൻ സാഹിബ് എന്നിവർ ബൈയ്യത്ത് ചെയ്തത്. അങ്ങനെ എം എ മുഹമ്മദ് സാഹിബ് പ്രസിഡന്റും എം സി മുഹമ്മദ് സാഹിബ് സെക്രട്ടറിയുമായി 10 അംഗങ്ങൾ അടങ്ങിയ കൊടിയത്തൂർ ജമാഅത്ത് രൂപീകൃതമായി.

കൊടിയത്തൂർ പള്ളി എം സി ദാനം നൽകിയ 10 സെന്റ് സ്ഥലത്താണ് നിർമിച്ചത്. രസകരമായ കാര്യം പള്ളിനിർമാണം ആരംഭിക്കുന്ന ഘട്ടത്തിൽ രണ്ട് അഹ്മദികൾ ഒഴികെ ബാക്കിയെല്ലാവരും അനുഭാവികളായിരുന്നു. 1963 ആഗസ്ത് 11ന് പള്ളിക്ക് തറക്കല്ലിടുകയും 1964 ഏപ്രിൽ 25 ന് പള്ളി ഉദ്ഘാടനം ചെയ്യുകയുമുണ്ടായി. നിർമാണ ചെലവിന്റെ ഭൂരിഭാഗവും എം എ മുഹമ്മദ് സാഹിബാണ് നിർവ്വഹിച്ചത്. പിന്നീട് മസ്ജിദ് മഹ്മൂദ് എന്ന പേരിൽ പള്ളി പുനർ നിർമാണം ചെയ്തു. 1989 മെയ് 28 ന് കേരളത്തിൽ വെച്ച് നടന്ന മുബാഹലയിൽ അദ്ദേഹം പങ്കെടുക്കുകയുണ്ടായി. എം സി തികവുറ്റ ഒരു പൊതു സാമൂഹിക പ്രവർത്തകൻ കൂടിയായിരുന്നു. യാത്രാ സൗകര്യം ഇല്ലാതിരുന്ന പഴയകാലത്ത് കൊടിയത്തൂരിൽ നിന്നും കോഴിക്കോട്ടേക്ക് സഞ്ചരിക്കാൻ എം സി ഒരു ജീപ്പ് വാങ്ങിയിരുന്നു. Love For All Hatred For None എന്ന സ്റ്റിക്കർ പതിച്ച ആ വാഹനത്തിൽ കണ്ണിൽ കാണുന്ന വഴിയാത്രക്കാരെയെല്ലാം കയറ്റിയായിരുന്നു എം സി യാത്ര ചെയ്തിരുന്നത്.

എം സി സാഹിബ് പകരംവെക്കാൻ ഇല്ലാത്ത ഒരു അതിഥി സൽക്കാര പ്രിയനായിരുന്നു. വലുപ്പചെറുപ്പമില്ലാതെ അദ്ദേഹം എല്ലാവർക്കും ആതിഥ്യമരുളി. ഖാദിയാനിൽ നിന്നും ഇന്ത്യയുടെ നാനാ ഭാഗത്തു നിന്നും കൊടിയത്തൂർ ജമാഅത്ത് സന്ദർശിക്കുന്ന അതിഥികളെ സ്വീകരിക്കേണ്ട

ബാദ്ധ്യത തനിക്കാണ് എന്ന് തോന്നിക്കുമാറ് അദ്ദേഹം സ്വയം ഏറ്റെടുത്തിരുന്നു. അദ്ദേഹത്തിന്റെ വീട് ഒരു അതിഥി മന്ദിരം കൂടിയായിരുന്നു. തദാവശ്യാർത്ഥം അദ്ദേഹം വീടിന്റെ രൂപഘടന തന്നെ മാറ്റുകയുണ്ടായി.

1998 ൽ നാലാം ഖലീഫ ഹദ്റത്ത് മീർസാ ത്വാഹിർ അഹ്മദ് സാഹിബ് സിലോൺ സന്ദർശിച്ചപ്പോൾ അദ്ദേഹത്തെ കാണാൻ എം സി മുഹമ്മദ് സാഹിബ് സിലോണിലേക്ക് പോയി. 2011 ൽ ജർമനിയിൽ വെച്ചും അദ്ദേഹം ഖലീഫയെ സന്ദർശിച്ചു. 1961 ലായിരുന്നു അദ്ദേഹത്തിന്റെ ആദ്യത്തെ ഖാദിയാൻ യാത്ര. മടക്കത്തിൽ ബോംബെയിൽ നിന്നും മംഗലാപുരത്തേക്ക് കപ്പലിലായിരുന്നു യാത്ര. മംഗലാപുരത്തുനിന്നും ട്രെയിനിലാണ് കോഴിക്കോട് വന്നത്. അല്ലാഹു പരേതന് ജന്നത്തും മഅ്ഫിറത്തും നൽകി അനുഗ്രഹിക്കട്ടെ.

**ഭാര്യ:** സുബൈദ (കണ്ണൂർ) **മക്കൾ:** റഷീദ് അഹ്മദ് (ദുബായ്), ദാവൂദ് അഹ്മദ് സുബൈദ ടിമ്പർ), റഫീഖ് അഹ്മദ് (ഡിസിസി സെക്രട്ടറി), ഷഫീഖ് അഹ്മദ്, വസീം അഹ്മദ് (ദുബായ്), നസീം അഹ്മദ് (ദുബായ്), നാസർ അഹ്മദ് (സഊദി), സിറാജുദ്ദീൻ (സുബൈദ ടിമ്പർ ആന്റ് ഫർണിച്ചർ), നുസ്റത്ത്. **മരുമക്കൾ:** മൗലവി സഫർ അഹ്മദ്, ഇസ് മത്ത് (കണ്ണൂർ), ഉബൈദ (മഞ്ചേരി), ആമിന (ഫറോഖ്), ഷിന (കോഴിക്കോട്), ഷൈല (ചാവക്കാട്), ഷമീന (കണ്ണൂർ), ലൈല (മഞ്ചേരി), സാബിറ (എടപ്പാൾ), നദീറ ബാസിത്ത് (കോഴിക്കോട്).

www.alislam.org

**പേജ് 25 ൽ നിന്ന് തുടർച്ച**

ടെ ദൗത്യം ശക്തി ഉപയോഗിച്ച് അനീതിയും തിന്മയും അരാജകത്വവും അനുസരണയില്ലായ്മയും ചൂഷണവും ലോകത്ത് നിന്ന് ഇല്ലായ്മ ചെയ്യലാണ്.14

ദൈവം അവന്റെ ഏറ്റവും മഹാനായ പ്രവാചകനോട് പറഞ്ഞത്

നാം നിന്നെ അവരുടെ മേൽ കാവൽക്കാരനാക്കിയിട്ടുമില്ല. നീ അവരുടെ കാര്യനിർവ്വാഹകനുമല്ല. (വി. ഖുർആൻ 6:108)

പക്ഷേ മൗലാനാ മൗദൂദി തനിക്കും തന്റെ അനുയായികൾക്കും പോലീസുകാരന്റെ സ്ഥാനം മാത്രമല്ല നൽകുന്നത് ഒരു ന്യായാധിപന്റെ അധികാരം കൂടി സംവരണം ചെയ്യുന്നു. ദൈവം അവന്റെ ഏറ്റവും മഹാനായ പരിഷ്ക്കർത്താവിന് അവിശ്വാസികളുടെ ഹൃദയത്തിമേൽ ഭൗതികാധികാരം നൽകിയിട്ടില്ല. അതിന് പകരം മൗദൂദിക്കും അദ്ദേഹത്തിന്റെ അനുയായികൾക്കുമാണ് ദൈവം ഈ അധികാരങ്ങൾ നൽകിയത് എന്നത് അത്ഭുതകരമായിരിക്കുന്നു. കാരുണ്യത്തിന്റേയും വിനയത്തിന്റേയും മൂർത്തിമദ്ഭാവമായിരുന്നു തിരുനബി (സ). ലോകത്തിനാകമാനം സൽപാന്ഥാവ് കാണിച്ചു കൊടുക്കാൻ താൻ നിമിത്തമായി തീരേണമേ എന്ന് തീവ്രമായി പ്രാർത്ഥിക്കുകയുണ്ടായി. എന്നാൽ ദൈവം പ്രതിവചിച്ചു:

***'ആളുകൾ വിശ്വാസികളായി തീരുന്നതിനായി നീ നിർബന്ധിക്കുകയോ?.'(വി. ഖുർആൻ 0: 100)***

വിശ്വാസികളെ സംബന്ധിച്ചിടത്തോളം ദൈവം അവന്റെ പരിശുദ്ധ ദൂതരോട് പറഞ്ഞത്:

***'അല്ലാഹു ഇഛിച്ചിരുന്നുവെങ്കിൽ അവർ അല്ലാഹുവിന് കൂട്ടുകാരെ സങ്കൽപ്പിക്കുമായിരുന്നില്ല. നാം നിന്നെ അവരുടെ മേൽ കാവൽക്കാരനുമാക്കിയിട്ടിമില്ല. നീ അവരുടെ കാര്യനിർവ്വാഹകനുമല്ല' (വി. ഖുർആൻ 6:108) എന്നാണ്.***

വിശുദ്ധ ഖുർആനിൽ പേരെടുത്ത് പറഞ്ഞതും അല്ലാത്തതുമായ പ്രവാചകന്മാരുടെ സുസ്ഥാപിതമായ പെരുമാറ്റ സമ്പ്രദായത്തിന് വിരുദ്ധമായി മൗലാനാ മൗദൂദി ദൈവത്തിന്റെ അടിയാറുകളെ നിർബന്ധിക്കാനും മർദിക്കുവാനുമുള്ള അധികാരം സ്വയം കൈയേൽക്കുകയും ചെയ്യുന്നു. അങ്ങനെ ജമാഅത്തെ ഇസ്ലാമി അനീതിയും അരാജകത്വവും തിന്മയും അനുസരണക്കേടും ഭൂമുഖത്ത് നിന്നും വിപാടനം ചെയ്യും പോലും.15 - ***'മതത്തിന്റെ പേരിൽ മനുഷ്യഹത്യ'*** (തുടരും)




മജ്‌ലിസ് അൻസാറുല്ലാഹ് എറണാകുളം – ആലപ്പുഴ ജില്ല ആഭിമുഖ്യത്തിൽ മുസ്രിസ് തീരങ്ങളിലൂടെ പൈതൃക യാത്ര നടത്തി.

Published on 7.04.2019
Pages 44
Vol: 91 Issue. 04
Price Rs. 30/-
RNI No. 3332/1957, Registered KL/EKM/726/2018-20
Licence No. KL/CR/EKM/WPP-09/2018-20. Licensed to post Without Prepayment
The Sathyadoothan Monthly

## വായിക്കുക, വരിക്കാരാവുക!




# സത്യദൂതൻ

**ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ**
**ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം**

**ഒരു കോപ്പിക്ക് 30 രൂപ**
**വാർഷിക വരിസംഖ്യ 300 രൂപ**

---

കൂടുതൽ വിവരങ്ങൾക്ക്
മാനേജർ
സത്യദൂതൻ, മസ്ജിദ് ഉമർ
സെന്റ് ബെനഡിക്ട് റോഡ്, എറണാകുളം നോർത്ത് 682018
ഫോൺ : 8089574250, ഇമെയിൽ sathyadoothan1@gmail.com